1

# നിന്നെത്തേടുവതേതൊരു ഭാവന

## ആമുഖം

സൗന്ദര്യമാണ് സത്യം
സത്യമാണ് സൗന്ദര്യം
സൗന്ദര്യമുള്ളതെന്തും
എന്നും സന്തോഷദായകം

Beauty is truth
Truth is beauty
A thing of beauty is
Joy for ever

**( John keats - Ode on a grecian urn )**

സൗന്ദര്യം; ഇന്നും കൃത്യമായ നിർവചനങ്ങൾക്ക് വഴങ്ങാത്ത അലൗകിക ചൈതന്യമാണത്. ഒരാൾ സുന്ദരമായെണ്ണുന്നതിനെ മറ്റൊരാൾക്ക് അസുന്ദരമായി തോന്നാം. കാണുന്നവന്റെ കണ്ണിലാണ് സൗന്ദര്യം എന്നൊരു ചൊല്ലുണ്ട്. സൗന്ദര്യത്തിന് ആത്യന്തികമായ മാനദണ്ഡങ്ങളോ നിയമങ്ങളോ കൽപ്പിക്കപ്പെട്ടിട്ടില്ല. സൗന്ദര്യത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ ആപേക്ഷികമാണ്. സത്യമാണ് സൗന്ദര്യമെന്ന് മഹാത്മാഗാന്ധിയും സ്വാഭാവികതയാണ് സൗന്ദര്യമെന്ന് റൂസോയും അധ്വാനമാണ് സൗന്ദര്യമെന്ന് വൈലോപ്പിള്ളിയും സംവിധാനഭംഗിയാണ് സൗന്ദര്യമെന്ന് (Arrangement is the beauty) ചലച്ചിത്രകാരന്മാരും പറയുന്നത് ഇതിന് ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാം. മനുഷ്യനന്മയാണ് സൗന്ദര്യമെന്ന് മഹാന്മാരുടെ ജീവിതത്തെ ഉദാഹരിച്ച് വാദിക്കുന്നവരുമുണ്ട്. ഇന്ത്യയുടെ ദർശനം തന്നെ സത്യം, നന്മ, സൗന്ദര്യം എന്നിവയിലൂന്നിയുള്ളതാണ്.

നമ്മുടെ കാഴ്ചയെ ഭ്രമിപ്പിക്കുന്ന, ആകർഷിക്കുന്ന എത്രയോ ഘടകങ്ങൾ

കൊണ്ടു തീർത്തതാണ് ഈ ലോകം. ചിലത് പ്രകൃതിതന്നെ ഒരുക്കിയപ്പോൾ ചിലത് മനുഷ്യൻ തീർത്തതാണ്. മനുഷ്യമനസ്സ് പ്രതിജനഭിന്നമാണെങ്കിലും സമാനമായ ഒരു സംസ്കാരധാര അതിനെ കൂട്ടിയിണക്കുന്നുണ്ട്; അതുപോലെതന്നെ സൗന്ദര്യബോധവും. ഈ ലോകത്ത് സൗന്ദര്യമില്ലാത്തതായി ഒന്നുമില്ല. സചേതനവും അചേതനവുമായ ഓരോന്നിനും അതിന്റേതായ സൗന്ദര്യമുണ്ട്. അത് അന്വേഷിക്കാനും തിരിച്ചറിയാനും ഉൾക്കൊള്ളാനുമുള്ള ബോധം ഓരോ വിദ്യാർഥിയിലും സൃഷ്ടിക്കുക എന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'സൗന്ദര്യലഹരി' എന്ന കവിതയിലെ കുറച്ചു വരികൾ, ജോസഫ് മുണ്ടശ്ശേരിയുടെ 'സൗന്ദര്യം' എന്ന ലേഖനം, സാറാ തോമസിന്റെ 'കുപ്പിവളകൾ' എന്ന കഥ എന്നിവയാണ് ഈ യൂണിറ്റിലെ പാഠങ്ങൾ. സ്വന്തം സൗന്ദര്യസമ്പത്തുക്കളാൽ നമ്മെ ജീവിക്കാൻ എന്നും എപ്പോഴും പ്രചോദിപ്പിക്കുന്ന പ്രകൃതിയെയാണ് 'സൗന്ദര്യലഹരി'യിൽ ചങ്ങമ്പുഴ വർണിക്കുന്നത്. സൗന്ദര്യം വ്യക്ത്യധിഷ്ഠിതമാണ് എന്നും അത് ഒരുവന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും 'സൗന്ദര്യം' എന്ന ലേഖനത്തിൽ മുണ്ടശ്ശേരി സ്ഥാപിക്കുന്നു. എങ്കിലും മനുഷ്യസംസ്കാരത്തിന് ഒരു പൊതുനിലവാരമുണ്ട്. അതിനാൽ സൗന്ദര്യബോധത്തിന് ഒരു പൊതുസ്വഭാവവുമുണ്ട് എന്നും ലേഖനം വ്യക്തമാക്കുന്നു. മനസ്സിന്റെ സൗന്ദര്യമാണ് സാറാ തോമസിന്റെ 'കുപ്പിവളകൾ' എന്ന കഥ അവതരിപ്പിക്കുന്നത്. കണ്ണുകളുടെ പരിമിതിയെ മറികടന്ന് സൗന്ദര്യം മറ്റിന്ദ്രിയങ്ങളിലൂടെ പ്രവഹിക്കുന്ന അനുഭൂതി ഈ കഥ പകർന്നുതരുന്നു.

സൗന്ദര്യം നിർവചനാതീതമാണ്. അതിനെ തേടുകയാണ് ഓരോ കലാകാരനും കലാകാരിയും . ഒരു ഭാവനയ്ക്കും അതിനെ പൂർണമായി ഉൾക്കൊള്ളാനോ ആവിഷ്കരിക്കാനോ സാധ്യമല്ല. ഈ ആശയം ഉൾക്കൊണ്ടാണ് യൂണിറ്റിന് 'നിന്നെത്തേടുവതേതൊരു ഭാവന' എന്ന ശീർഷകം നൽകിയിരിക്കുന്നത്.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ കാലം, പ്രയോഗം, ചമത്കാരം എന്നിവ ഉൾക്കൊള്ളുകയും അവ താരതമ്യം ചെയ്ത് കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു. | • സൗന്ദര്യലഹരി | • പ്രകൃതി അതിന്റെ സൗന്ദര്യസമ്പത്തുകൊണ്ട് എപ്പോഴും നമ്മെ പ്രചോദിപ്പിക്കുന്നു.<br>• സവിശേഷമായ ശബ്ദാർഥപ്രയോഗങ്ങൾ കവിതയെ മികവുറ്റതാക്കുന്നു. | • കാവ്യഭംഗി കണ്ടെത്തൽ<br>• ഔചിത്യം കണ്ടെത്തൽ<br>• വർണന | • കുറിപ്പ്<br>• കുറിപ്പ്<br>• വർണന | **കുറിപ്പ്**<br>• ആശയപൂർണത<br>• ഭാഷാശൈലി<br>• പ്രയോഗഭംഗി<br>**വർണന**<br>• ആശയപൂർണത<br>• ആലങ്കാരികഭാഷ<br>• അനുഭവവേദ്യത<br>• ശീർഷകം |
| • സമാനമായ പ്രമേയമുള്ള കവിതകൾ കണ്ടെത്തി കവിതയരങ്ങിൽ ചൊല്ലി അവതരിപ്പിക്കുന്നു. | | • പ്രകൃതിസൗന്ദര്യത്തെ വർണിക്കുന്ന ധാരാളം കവിതകൾ മലയാളത്തിലുണ്ട്. | • കവിതയരങ്ങ് സംഘടിപ്പിക്കൽ | • കവിതയരങ്ങ് | **കവിതയരങ്ങ്**<br>• പങ്കാളിത്തം<br>• ഈണവും താളവും<br>• അവതരിപ്പിച്ച കവിതകളുടെ വൈവിധ്യം<br>• പ്രമേയപ്പൊരുത്തം |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് ഔചിത്യപൂർവം പ്രയോജനപ്പെടുത്തുന്നു.<br>• സമസ്തപദങ്ങളുടെ ഉപയോഗം ഭാഷയെ എങ്ങനെ ശക്തമാക്കുന്നു എന്ന് തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ പ്രയോഗിക്കുന്നു. | സൗന്ദര്യം | • ആസ്വാദകന്റെ ആഹ്ലാദാനുഭൂതിയുടെ ആകത്തുകയാണ് സൗന്ദര്യം.<br>• വ്യത്യസ്ത സംസ്കാരങ്ങളിൽ വളർന്നവരുടെ സൗന്ദര്യസങ്കൽപ്പങ്ങളും വ്യത്യസ്തങ്ങളായിരിക്കും.<br>• സമസ്തപദങ്ങൾ ഭാഷയുടെ ശക്തിയും സൗന്ദര്യവും വർധിപ്പിക്കുന്നു.<br>• ഭാവരൂപങ്ങളുടെ പൊരുത്തമാണ് സാഹിത്യസൗന്ദര്യം. | • നിരൂപണങ്ങൾ, പഠനങ്ങൾ മുതലായവയുടെ വായനയും വിശകലനവും<br>• സമസ്തപദങ്ങളെ വിഗ്രഹിക്കൽ | • വാചികാവതരണം<br>• വിഗ്രഹാർഥം | **വാചികാവതരണം**<br>• ആശയവ്യക്തത<br>• ഒഴുക്ക്<br>• സ്വാഭിപ്രായസമർഥനം<br>• ആശയക്രമീകരണം |
| • കഥയുടെ പ്രമേയം, ആഖ്യാനം, ഭാഷ എന്നിവ തിരിച്ചറിയുന്നു. | • കുപ്പിവളകൾ | • ശാരീരിക വെല്ലുവിളികൾ അനുഭവിക്കുന്ന നിരവധി പേർ സമൂഹത്തിലുണ്ട്. അവർ നമ്മുടെ പരിഗണന അർഹിക്കുന്നു. | • വായന | • ശ്രാവ്യവായന | **ശ്രാവ്യവായന**<br>• ഉച്ചാരണശുദ്ധി<br>• സ്ഫുടത<br>• ഭാവം<br>• ശബ്ദക്രമീകരണം<br>• ഒഴുക്ക് |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കഥാശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തി കുറിപ്പു തയാറാക്കുന്നു. | • കുപ്പിവളകൾ | • കഥയുടെ സംവേദനത്തെ സഹായിക്കുന്നതായിരിക്കണം ശീർഷകം | • രചനകളുടെ വിശകലനം | • വിശകലനക്കുറിപ്പ് | **വിശകലനക്കുറിപ്പ്**<br>• ആശയവ്യക്തത<br>• വിശകലനശേഷി<br>• അഭിപ്രായങ്ങളുടെ യുക്തി<br>• ഭാഷയുടെ അനുയോജ്യത |
| | | | • ജീവചരിത്രക്കുറിപ്പ് തയാറാക്കൽ | • ജീവചരിത്രക്കുറിപ്പ് | |
| | | | • ചർച്ചാക്കുറിപ്പ് തയാറാക്കൽ | • ചർച്ചാക്കുറിപ്പ് | **കുറിപ്പ്**<br>• ആശയവ്യക്തത<br>• പരസ്പരബന്ധം<br>• ഭാഷയുടെ അനുയോജ്യത |
| • ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു. | | | • ശീർഷകവിശകലനം തയാറാക്കൽ | | |
| | | | • കഥാവായന | • കഥാവതരണം | **കഥാവതരണം**<br>• ഉച്ചാരണശുദ്ധി<br>• സ്ഫുടത<br>• ഭാവാത്മകത<br>• ശബ്ദക്രമീകരണം<br>• ഒഴുക്ക് |

## പ്രവേശകപ്രവർത്തനം

പി. കുഞ്ഞിരാമൻനായരുടെ 'വെളിച്ചത്തിലേക്ക്' എന്ന കവിതയിലെ വരികളാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. നിരന്തരാന്വേഷിയായ കവി, തന്നെ പ്രലോഭിപ്പിക്കുന്ന വെളിച്ചത്തെ വരുതിയിലാക്കാൻ ശ്രമിക്കുകയാണ്. പക്ഷേ, അടിവച്ച് അടുത്തു ചെല്ലുമ്പോഴേക്കും കവിയെ കബളിപ്പിച്ചുകൊണ്ട് അത് വഴുതിമാറുകയാണ് (സാത്വികക്കറുകയേകിയാണ് കവി മെരുക്കാൻ ശ്രമിക്കുന്നത്. സാത്വികക്കറുക എന്നത് അദ്ദേഹത്തിന്റെ നന്മയാണ്). പക്ഷേ, തെല്ലും നിരാശനാകാതെ അതിനെ മെരുക്കാൻ ശ്രമിക്കുമെന്ന് കവി ആത്മവിശ്വാസത്തോടെ പ്രഖ്യാപിക്കുന്നു.

ഇവിടെ വെളിച്ചം എന്ന വാക്കിനെ പലതരത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. അത് അറിവാണ്, നന്മയാണ്, സൗന്ദര്യമാണ്. സൗന്ദര്യത്തിന്റെ നിത്യോപാസകനായ പി. അറിവിനെ, നന്മയെ, സത്യത്തെ, സൗന്ദര്യത്തെ കൈയെത്തിപ്പിടിക്കാൻ ശ്രമിക്കുന്നു.

പ്രവേശകമായി കൊടുത്ത കവിത മൗനമായി വായിക്കാൻ നിർദേശിക്കാം.

തുടർന്ന് അധ്യാപിക ചോദ്യമുന്നയിക്കുന്നു.

- കവി ആഗ്രഹിക്കുന്നതെന്താണ്?
- വെളിച്ചത്തിന്റെ പ്രത്യേകതയായി കവി കാണുന്നതെന്ത്?
- വെളിച്ചം എന്ന വാക്കുകൊണ്ട് അർഥമാക്കുന്നതെന്താണ്?
- വെളിച്ചത്തെ മെരുക്കാൻ കവി ആഗ്രഹിക്കുന്നതെന്തുകൊണ്ട്?

കുട്ടികൾ കണ്ടെത്തലുകൾ പങ്കുവയ്ക്കട്ടെ. ചർച്ച.

ആവശ്യമായ സന്ദർഭങ്ങളിൽ അധ്യാപിക ഇടപെടേണ്ടതാണ്.

(ജീവിതത്തെ സൗന്ദര്യാന്വേഷണമാക്കിയ കവിയാണ് പി. കുഞ്ഞിരാമൻനായർ എന്ന് മുൻക്ലാസുകളിൽ കുട്ടി തിരിച്ചറിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതകളും ആത്മകഥകളും ഇതിനു തെളിവാണ്. ഇക്കാര്യം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്).

**ക്രോഡീകരണം**

- വെളിച്ചത്തെ മെരുക്കാനാണ് കവി ആഗ്രഹിക്കുന്നത്.
- സത്യം, നന്മ, സൗന്ദര്യം എന്നിവയൊക്കെയാണ് വെളിച്ചം എന്നതുകൊണ്ടർഥമാക്കുന്നത്.
- ഈ ഗുണങ്ങൾ ആവിഷ്കരിക്കാനാണ് ഓരോ കലാകാരനും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.
- സൗന്ദര്യം പൂർണമായി ആവിഷ്കരിക്കാൻ ഒരു കലാകാരനുമായിട്ടില്ല. എങ്കിലും കലാകാരൻ അതിനെ തേടിക്കൊണ്ടേയിരിക്കുന്നു.
- ജീവിതം തന്നെ സൗന്ദര്യത്തെ സാക്ഷാൽക്കരിക്കാനുള്ള യാത്രയാണ്.

ക്രോഡീകരിച്ച ആശയങ്ങൾ കുട്ടികൾ കുറിപ്പാക്കട്ടെ. അവതരണം, ചർച്ച.

മെച്ചപ്പെടുത്തി എഴുതുന്നു.

# സൗന്ദര്യലഹരി

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'ബാഷ്പാഞ്ജലി' എന്ന കാവ്യസമാഹാരത്തിലെ 'സൗന്ദര്യലഹരി' എന്ന കവിതയിൽനിന്നുള്ള കുറച്ചു വരികളാണ് പാഠഭാഗം. പ്രപഞ്ചമൊരു മനോഹര ചിത്രശാലയായി, നൃത്തശാലയായി കവിക്ക് അനുഭവപ്പെടുന്നു. ഓരോ ദിവസവും അതിന്റെ സൗന്ദര്യം ലോകത്തെത്തന്നെ പുതുക്കുന്നതായി കവി അഭിപ്രായപ്പെടുന്നു. ഈ സൗന്ദര്യമാണ് ജീവിതത്തെ വെറുക്കാതിരിക്കാൻ നമ്മെ സഹായിക്കുന്നത്. മാത്രമല്ല, ഇത് ജീവിതത്തെ മധുരിപ്പിക്കുന്നതാണെന്ന കാര്യത്തിലും കവിക്ക് സംശയമില്ല. നാട്യവേദിയൊരുക്കി, നർത്തനം ചെയ്യാൻ ജീവിതത്തെ ക്ഷണിക്കുന്ന പ്രകൃതി ജീവിക്കാനുള്ള ഊർജമായി, ഉദ്ബോധനമായി മാറുന്നുവെന്നും ചങ്ങമ്പുഴ ഓർമിപ്പിക്കുന്നു.

മനോഹരമായ ഭാഷയുടെ നൈസർഗികപ്രവാഹത്തിന് ഉദാഹരണമാണ് ചങ്ങമ്പുഴക്കവിതകൾ. 'സൗന്ദര്യലഹരി'യും ഇതിൽ നിന്ന് വ്യത്യസ്തമല്ല. പ്രപഞ്ചസൗന്ദര്യത്തെ വർണിക്കുന്ന കവിവാക്കുകൾക്കും സൗന്ദര്യമേറെയുണ്ട്. വാങ്മയ ചിത്രങ്ങളെക്കാൾ ചായം തേച്ച വർണനകൾ കൊണ്ട് സമൃദ്ധമാണ് ഈ കവിത. പ്രപഞ്ചസൗന്ദര്യം ആസ്വദിക്കുമ്പോഴാണ് ജീവിതം മനോഹരമാകുന്നത് എന്ന കാഴ്ചപ്പാട് ഈ കവിതയിലൂടെ കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്; ഒപ്പം കാവ്യഭാഷയുടെ മനോഹാരിതയും അനുഭവിക്കാൻ കഴിയണം. ദാർശനികതയെ സുന്ദരമായി ആവിഷ്കരിച്ച ശങ്കരാചാര്യരുടെ 'സൗന്ദര്യലഹരി' എന്ന ഗ്രന്ഥത്തിന്റെ തലക്കെട്ട് ചങ്ങമ്പുഴയെ പ്രചോദിപ്പിച്ചിരിക്കാം.

"സൂര്യാംശുവോരോ വയൽപ്പൂവിലും
വൈരം പതിക്കുന്നുവോ..."

'പക്ഷേ' എന്ന സിനിമയിലെ കെ. ജയകുമാർ എഴുതിയ ഗാനം കുട്ടികൾ കേൾക്കട്ടെ.

- കവി ചിത്രീകരിക്കാൻ ശ്രമിക്കുന്നത് എന്തിനെയാണ്?
- വയൽപ്പൂവിൽ വൈരമായി പതിച്ചിരിക്കുന്നത് എന്താണ്?

→ പ്രഭാതത്തിലെ പ്രകൃതിഭംഗിയാണ് കവി ചിത്രീകരിക്കുന്നത്.

→ വയൽപ്പൂവിലെ മഞ്ഞുതുള്ളികൾ സൂര്യകിരണങ്ങളെ പ്രതിഫലിപ്പിക്കുന്നതുകൊണ്ട് അത് വൈരത്തെപ്പോലെ തിളങ്ങുന്നതായി കവി വർണിക്കുന്നു. ഇത്തരത്തിൽ പല കവികളും പ്രകൃതിവർണന നടത്തിയിട്ടുണ്ട്.

അത്തരത്തിലൊരു കവിത നമുക്ക് പരിചയപ്പെടാം.

# പ്രവർത്തനവിശകലനം

## ❑ പ്രകൃതിയുടെ ഉദ്ബോധനം

"പ്രപഞ്ചമേ നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലുമിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിങ്കലുള്ള
കാലത്തുനിൻപേരിലെവൻ വെറുക്കും"

*(ഒരു ദിനാന്തസഞ്ചാരം - വള്ളത്തോൾ നാരായണമേനോൻ)*

അധ്യാപിക വരികൾ പ്രദർശിപ്പിക്കുന്നു. സമാനമായ വരികൾ പാഠഭാഗത്തു നിന്നു കണ്ടെത്താൻ കുട്ടികളോട് പറയുന്നു. അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ജീവിതത്തെ മധുരിപ്പിക്കുന്നതായി കവി കണ്ടെത്തുന്നതെന്തെല്ലാം?
- മനുഷ്യനെ പരമാനന്ദപ്രവാഹത്തിലേക്കു ക്ഷണിക്കുന്ന പ്രകൃതിഭാവങ്ങൾ ഏതെല്ലാമാണ്?

**ചർച്ചയിൽ രൂപപ്പെടേണ്ട ആശയങ്ങൾ**

- പുലരി, സന്ധ്യ, രജനി എന്നിവയുടെ മനോഹമായ വരവ്
- കുളിർത്ത മണിത്തെന്നൽ (ആസ്വാദകവൃന്ദം)
- മുരളുന്ന വണ്ടുകൾ (സംഗീതം)
- ആരണ്യപ്പൂഞ്ചോലകൾ (നദിയുടെ താളം)
- ചില്ലക്കൈകളാട്ടുന്ന വല്ലികാനടികൾ (നർത്തനം)
- താള, രാഗ, നൃത്ത മേളനമായ പ്രകൃതിഭാവങ്ങൾ
- അതിന്റെ ഭാഗമാകാൻ മനുഷ്യനെക്കൂടി ക്ഷണിക്കുന്നു.

ആശയങ്ങൾ കുറിപ്പാക്കുന്നു. അവതരിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു.

## ❑ കാവ്യഭംഗി

"അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
..............................................................................
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ"

അധ്യാപിക വരികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- പൂഞ്ചോല അന്തരംഗത്തിലേന്തുന്നത് എന്തിനെയാണ്?
- അതിന് അരുവിക്ക് കഴിയുന്നത് എന്തുകൊണ്ടാവാം?
- അരുവി എങ്ങനെയെല്ലാം യാത്ര ചെയ്യുന്നു എന്നാണ് കവി വിവരിക്കുന്നത്?
- അരുവിയുടെ ഒഴുക്ക് അവതരിപ്പിക്കാൻ കവി സ്വീകരിച്ച വാക്യഘടനയുടെ സവിശേഷതകൾ എന്തെല്ലാം?

കുട്ടികൾ പ്രതികരിക്കട്ടെ.

അധ്യാപിക ആശയങ്ങൾ ക്രോഡീകരിക്കുന്നു.

- അരുവി ആകാശത്തെ പ്രതിഫലിപ്പിക്കുന്നു.
- തെളിഞ്ഞ വെള്ളമാണ് ഇതിന് കാരണമാകുന്നത്.
- ആകാശമേഘങ്ങളാണ് മഴയായി പെയ്ത് അരുവിയായൊഴുകുന്നത്. അങ്ങനെ അരുവിയിൽ ആകാശമുണ്ടെന്നുമാവാം.
- നുരകളാൽ താളം പിടിച്ച്, പാട്ടുപാടി പളുങ്കുമണി ചിന്നി ആമന്ദം ഒഴുകുന്നു.
- സുദീർഘമായ വാക്യം അരുവിയുടെ ഒഴുക്കിന്റെ പ്രതീതി സൃഷ്ടിക്കുന്നു.

വീണ്ടും ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നദിയുടെ തെളിമ എന്തിനെ സൂചിപ്പിക്കുന്നു?
- താളം പിടിക്കുക, പളുങ്കുമണി ചിതറുക, ആമന്ദമൊഴുകുക എന്നീ കൽപ്പനകൾ കൊണ്ട് അർഥമാക്കുന്നതെന്താണ്?
- അരുവി ഒരു പ്രതീകമായാണോ കവി ഉപയോഗിച്ചിരിക്കുന്നത്?

കുട്ടികൾ ആശയങ്ങൾ അവതരിപ്പിക്കട്ടെ.

**ക്രോഡീകരണം**

- ജീവിതനൈർമല്യത്തെ സൂചിപ്പിക്കുന്നു (പ്രവേശകത്തിലെ സാത്വികക്കറുക എന്ന പ്രയോഗം ശ്രദ്ധയിൽപ്പെടുത്താം).
- പ്രതിസന്ധികളും അവ അതിജീവിക്കുന്നതിലെ ആഹ്ലാദവും.
- ജീവിതത്തിന്റെ ശാന്തസുന്ദരമായ അവസ്ഥ.

അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഓരോ വരിയിലും ഉപയോഗിച്ചിട്ടുള്ള അക്ഷരങ്ങൾക്കും പദങ്ങൾക്കും എന്തെങ്കിലും സവിശേഷത ഉണ്ടോ?
- അവ കവിതയ്ക്ക് ഭംഗി നൽകുന്നുണ്ടോ?
  - അക്ഷരങ്ങളുടെ ആവർത്തനം.
  - പദങ്ങളുടെ ആവർത്തനം.
  - ശബ്ദസാമ്യം

ക്രോഡീകരിച്ച ആശയങ്ങൾ ഉൾപ്പെടുത്തി കാവ്യഭംഗി വിശദമാക്കുന്ന കുറിപ്പ് തയാറാക്കട്ടെ.

വ്യക്തിഗതരചന
അവതരണം
പരസ്പരവിലയിരുത്തൽ
മെച്ചപ്പെടുത്തി അവതരിപ്പിക്കൽ
മികച്ചവ പോർട്ട്ഫോളിയോയിലേക്ക്.

## ❑ ഔചിത്യം വിശദമാക്കൽ

"പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും"

അധ്യാപിക വരികൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

**ചോദ്യങ്ങൾ**

- പുലരി എങ്ങനെയെത്തുന്നു എന്നാണ് കവി പറയുന്നത്?
- സന്ധ്യയുടെ വരവിന്റെ സവിശേഷത എന്താണ്?
- രാത്രി എങ്ങനെയാണ് വന്നെത്തുന്നത്?

കുട്ടികൾ ആശയങ്ങൾ കണ്ടെത്തട്ടെ; പങ്കുവയ്ക്കട്ടെ.

**ക്രോഡീകരണം**

- പുലരി സിന്ദൂരം പൂശി, പൂവിനെ ചിരിപ്പിച്ചെത്തുന്നു.
- മുല്ലമൊട്ടുകൾ വാരിവിതറി ഉല്ലാസഭരിതയായി സന്ധ്യയെത്തുന്നു.
- പൂനിലാവാകുന്ന നദിയിൽ മുങ്ങിക്കുളിച്ച് രാത്രിയെത്തുന്നു.

അധ്യാപിക തുടർചോദ്യങ്ങൾ ഉന്നയിക്കുന്നു:

- പുലരിക്ക് സിന്ദൂരശോഭ പൂശി എന്നു പറഞ്ഞത് എന്തുകൊണ്ടാവാം?
- പൂവിനെ ചിരിപ്പിച്ചു എന്നു പറയുന്നതിന്റെ അർഥമെന്ത്?
- സന്ധ്യ ആകാശത്തിൽ വാരിവിതറുന്ന മുല്ലമൊട്ടുകൾ എന്താണ്?
- സന്ധ്യ ഉല്ലാസഭരിതയാണ് എന്നു കവി പറയുന്നത് എന്തുകൊണ്ടാവാം?
- പൂനിലാവിനെ എന്തായിട്ടാണ് കവി കൽപ്പിച്ചിരിക്കുന്നത്?

കുട്ടികൾ പ്രതികരിക്കട്ടെ.

**ക്രോഡീകരണം**

- പുലരിയിലെ ആകാശത്തിന്റെ ചെമപ്പ്.
- പൂ വിടരുന്നതിനെ ചിരിയായി കൽപ്പിക്കുന്നു.
- നക്ഷത്രങ്ങളെ മുല്ലമൊട്ടുകളായി കൽപ്പിക്കുന്നു.
- നക്ഷത്രങ്ങളുടെ പ്രകാശംകൊണ്ടും നക്ഷത്രങ്ങളാകുന്ന പൂക്കൾ വിതറി വരവേൽക്കുന്നതുകൊണ്ടും ഉല്ലാസഭരിതയാകുന്നു (ശുഭവേളകളിൽ നടത്തുന്ന പുഷ്പവൃഷ്ടി ശ്രദ്ധയിൽപ്പെടുത്താം).
- നിലാവിനെ നദിയായി കൽപ്പിച്ചിരിക്കുന്നു.

(ഒഴുകുന്നു, കുളിച്ചെത്തുന്നു എന്നീ പ്രയോഗങ്ങൾ സൂചിപ്പിക്കാം.)

"ഹൃദയം പൊട്ടിയ കവിത കണക്കാ-
പ്പാൽപ്പുഴയൊഴുകുമ്പോൾ" **(വെളിച്ചത്തിന്റെ കളി - പി)**

എന്ന വരികൾ പരിചയപ്പെടുത്താം.

കുട്ടികൾ പ്രതികരിക്കട്ടെ.

കണ്ടെത്തിയ ആശയങ്ങൾ കുറിപ്പാക്കുന്നു. അവതരിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു.

മെച്ചപ്പെടുത്തൽ

## ❑ സൗന്ദര്യാനുഭവം

"നാനാനിറം ചേരും കാറുകളേ
ചാരുവർണക്കടലാസുകളേ
ആരുവാനാരുവാനീവിധത്തിൽ
കോരിയെറിയുന്നു വാനിടത്തിൽ"

**- ജി. ശങ്കരക്കുറുപ്പ്**

"പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെ പനിനീർപ്പൂന്തോട്ടങ്ങൾ"

അധ്യാപിക കവിതാശകലങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

കുട്ടികൾ മൗനമായി വായിക്കട്ടെ.

**ചോദ്യങ്ങൾ**

- ജി. ശങ്കരക്കുറുപ്പ് എന്തിനെക്കുറിച്ചാണ് വർണിക്കുന്നത്?
- മേഘങ്ങളെ കവി എന്തായാണ് കൽപ്പിക്കുന്നത്?
- ഇങ്ങനെ ഭാവന ചെയ്യുന്നതിലെ സവിശേഷത എന്താണ്?
- ആകാശത്തെ ചങ്ങമ്പുഴ ചിത്രീകരിക്കുന്നതെങ്ങനെ?
- ആകാശപ്പൂന്തോട്ടത്തിലെ കാഴ്ചകൾ എന്തൊക്കെയാണ്?
- മുമ്പ് പഠിച്ച കവിതകളിലെ പ്രകൃതിസൗന്ദര്യം വർണിക്കുന്ന വരികൾ ഓർമിക്കുന്നുണ്ടോ?

കുട്ടികൾ ആശയങ്ങൾ പങ്കുവയ്ക്കുന്നു. പ്രകൃതിദൃശ്യം കുട്ടികളിൽ ഉണ്ടാക്കിയ സൗന്ദര്യാനുഭവത്തെക്കുറിച്ച് വർണന തയാറാക്കാൻ നിർദേശിക്കുന്നു.

വ്യക്തിഗതരചന

അവതരണം, വിലയിരുത്തൽ, മെച്ചപ്പെടുത്തി അവതരണം.

മികച്ചത് പോർട്ട്ഫോളിയോയിലേക്ക്.

## ❑ കവിതയരങ്ങ്

വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കവിതയരങ്ങ് നടത്താൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. കവിതയരങ്ങിനു മൂന്നു ഘട്ടങ്ങളുണ്ട്. ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യം ചർച്ചയിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തുന്നത് അവരുടെ സജീവമായ പങ്കാളിത്തത്തിന് അവസരമൊരുക്കും. ചുമതല വിഭജനത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെയും പരിഗണിക്കണം. പ്രവർത്തനത്തിൽ സൂചിപ്പിച്ചിരിക്കുന്ന കവിതകൾ കണ്ടെത്തി വരാൻ അധ്യാപിക നിർദേശിക്കുന്നു. കുട്ടികൾ പ്രകൃതിസൗന്ദര്യം വർണിക്കുന്ന ഭാഗങ്ങൾ കണ്ടെത്തട്ടെ.

കുട്ടികളെ ഗ്രൂപ്പാക്കി കവിതകൾ വിതരണം ചെയ്യുന്നു. ഈണം, താളം, ഭാവം, സ്ഫുടത എന്നിവ മുൻനിർത്തി കുട്ടികൾ കവിതകൾ വിലയിരുത്തട്ടെ.

| കവിതയരങ്ങിനു മുമ്പ് | കവിതയരങ്ങ് | കവിതയരങ്ങിനു ശേഷം |
|---|---|---|
| ചുമതലാവിഭജനം<br>കവിതകൾ തിരഞ്ഞെടുക്കൽ<br>വിവരശേഖരണം<br>നോട്ടീസ്<br>പോസ്റ്റർ | അവതരണം<br>ചർച്ച<br>ക്രോഡീകരണം<br>കുറിപ്പ് തയാറാക്കൽ<br>വിലയിരുത്തൽ | പത്രവാർത്ത<br>റിപ്പോർട്ട് |

**പ്രകൃതിസൗന്ദര്യം ആവിഷ്കരിക്കുന്ന ചില കാവ്യഭാഗങ്ങൾ**

സന്ധ്യയായുള്ളൊരു ബന്ധുരഗാത്രിതാൻ
ചന്തമായ് പോയി മറഞ്ഞനേരം
രാത്രിയായുള്ളൊരു താർത്തേൻമൊഴി വന്നു
ചീർത്തൊരു കേശമഴിച്ചു ചെമ്മേ
നീളെ വിരിച്ചിതോ എന്ന കണക്കെയ-
ക്കാളിമകൊണ്ടു നിറഞ്ഞിതെങ്ങും
മന്മഥൻതാൻ പല ബന്ധുക്കളുണ്ടാവാൻ
അംബരമായ കഴനിതന്നിൽ
അന്തിച്ചുവപ്പായ പൊന്നിൻകരുവികൊ-
ണ്ടുന്തിയുഴുതു ചമച്ചു ചെമ്മേ
സുന്ദരമായുള്ളൊരിന്ദുവിത്തമ്പോടു
മന്ദം വിതച്ചു ചമച്ചപോലെ
കോരകമായൊരു താരകപൂരകം
നേരേ വിയത്തിൽ വിളങ്ങീതപ്പോൾ

(കഴനി = വയൽ, കരുവി = കലപ്പ )

**(ചെറുശ്ശേരി -കൃഷ്ണഗാഥ)**

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചുകോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻവന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ

**(കല്യാണസൗഗന്ധികം - കുഞ്ചൻനമ്പ്യാർ)**

അമ്മയാമൂഴി കനിഞ്ഞുനൽകും
പൊൻമണിമാല്യമെടുത്തണിഞ്ഞും
പ്രേമമരന്ദപ്പുഴയിലുള്ള
താമരത്തോണിക്കടവു താണ്ടി
ഓണമലരുകൾ താണുനിന്നു
കാണിക്കവെക്കും വരമ്പിലൂടെ
പൊന്നുഷഃസാന്ധ്യപ്രഭയിൽ മുങ്ങി
വന്നുപോയ് വന്നുപോയ് ചിങ്ങമാസം

**(ചിങ്ങമാസം - പി. കുഞ്ഞിരാമൻനായർ)**

മായായ്ക മായായ്ക മാനത്തിൻ മാണിക്യ-
മാലാമതല്ലികേ മാരിവില്ലേ...
കാലവധുവിനു കാറ്റത്തഴിഞ്ഞിടും
കാർവേണികെട്ടാൻ നീ പട്ടുനാട
തൂമിന്നൽ പൊൻകസവങ്ങിങ്ങിളകുമാ-
ശ്യാമപ്പൂവുടയാടചാർത്തി
വർഷാംഗനവന്നു വാസരകണ്ഠത്തിൽ
വാരുറ്റണിഞ്ഞ വരണമാല്യം
ആനന്ദമെന്നു വിളിക്കുന്നു നിന്നെ ഞാൻ
വാനത്തിൻ പിഞ്ചോമനക്കിടാവേ...

**(മഴവില്ല് - ജി. ശങ്കരക്കുറുപ്പ്)**

മേഘങ്ങളാലുടുപ്പിട്ട മല, കുന്നുകൾ, മേടുകൾ
ആന,മാൻ,പന്നി,പുലികൾ,പോത്തും മേളിച്ച കാടുകൾ
തെളിഞ്ഞോളങ്ങൾതൻ മൂളിപ്പാട്ടുമായ് പോകുമാറുകൾ
ആമ്പലും നെയ്തൽ തണ്ടാരുമിടതിങ്ങിയ പൊയ്കകൾ
വിചിത്രപക്ഷിച്ചിറകിൽ മഴവില്ലാർന്ന ശാഖികൾ
പുലാവും പുളിയും മാവും വാഴയും വായ്ച്ച തോപ്പുകൾ
അശോകം ചെമ്പകം പിച്ചി മുല്ലയും ചേർന്ന വാടികൾ
പശിമപ്പെട്ട പാടങ്ങൾ പശുമേയും പറമ്പുകൾ
നാനാപ്രകൃതിസൗന്ദര്യപ്രദർശനമണിക്കളം
കലോല്ലാസത്തളം വെൽവൂ കേരളം ഭൂരിമംഗളം

**(മലയാളം - വള്ളത്തോൾ)**

ആയിരം താരകക്കണ്ണു വിടർത്തി
ആകാശം നോക്കി വളർത്തിയ കുഞ്ഞേ
ആടുക വട്ടത്തിലാടുക ചെമ്മേ
ആട്ടംനിലയ്ക്കാത്ത പൊന്നുഴിഞ്ഞാലിൽ
വാരുറ്റ നിൻമുടിച്ചാർത്തു കണ്ടമ്പോ
മാരിക്കാറെന്നു നിനച്ചുപോയ് ഞങ്ങൾ
ശാന്തിവിടർന്ന നിന്നാനനം കാൺകെ
ശാരദകാന്തിയെന്നോർത്തുപോയ് ഞങ്ങൾ
പുഷ്കലമന്ദസ്മിതം നീ പൊഴിക്കെ
പൂക്കാലമെന്നു ധരിച്ചുപോയ് ഞങ്ങൾ
തൂമൃദുപ്പാവാട പാറിക്കളിക്കെ
ഹേമന്തമെന്നു വിധിച്ചുപോയ് ഞങ്ങൾ
(ഭൂമിയെ ആകാശത്തിന്റെ കുഞ്ഞായി ഭാവന ചെയ്യുന്നു).

**(ഒരു കുടന്ന നിലാവ് - അക്കിത്തം)**

# സൗന്ദര്യം

പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യചിന്തകൾ സമന്വയിപ്പിച്ചുകൊണ്ട് ജോസഫ് മുണ്ടശ്ശേരി രചിച്ച 'കാവ്യപീഠിക' എന്ന കൃതിയിലെ ഒരു ലേഖനമാണ് 'സൗന്ദര്യം' എന്ന പാഠഭാഗം. നമ്മെ നിത്യം പ്രചോദിപ്പിക്കുന്ന സൗന്ദര്യം എന്ന സങ്കൽപ്പത്തെ അന്വേഷിക്കാനും അപഗ്രഥിക്കാനുമുള്ള പരിശ്രമമാണ് ഈ ലേഖനം. സൗന്ദര്യം ലളിതമോഹനമാണ്. എന്നാൽ എന്താണ് സൗന്ദര്യം എന്ന അന്വേഷണം അത്ര ലളിതമല്ല. ഒരു ചിത്രമോ കാവ്യമോ നമ്മുടെ ഉള്ളിൽ ഉളവാക്കുന്ന ആഹ്ലാദമാണ് സൗന്ദര്യം അനുഭവിക്കാനുള്ള ഒരു വഴി. ഈ ആഹ്ലാദാനുഭൂതി വ്യക്തിനിഷ്ഠമാണെന്നും അത് സംസ്കാരത്തിൽനിന്നു രൂപപ്പെടുന്നതാണെന്നും മുണ്ടശ്ശേരി നിരീക്ഷിക്കുന്നു. സൗന്ദര്യബോധം സംസ്കാരത്തിനനുസരിച്ച് മാറുന്നുണ്ടെന്നും അദ്ദേഹം ചിന്തിക്കുന്നു. പുറമേയുള്ള ഭംഗിയും അകമേയുള്ള അഴകും സൗന്ദര്യമാനദണ്ഡങ്ങളിലെ വ്യത്യസ്തതകളാണ്. രൂപഭാവങ്ങളുടെ പൊരുത്തമാണ് സാഹിത്യത്തിലെ സൗന്ദര്യത്തിന് അടിസ്ഥാനം എന്ന ആശയത്തിലേക്കാണ് മുണ്ടശ്ശേരിയുടെ ചിന്തകൾ എത്തിച്ചേരുന്നത്. ഈ യാത്രയിൽ ആനന്ദവർധനന്റെ ധ്വനിസിദ്ധാന്തവും പ്ലേറ്റോ, കസിൻ എന്നീ പാശ്ചാത്യചിന്തകരുടെ നിരീക്ഷണങ്ങളും മുണ്ടശ്ശേരിയെ സ്വാധീനിക്കുന്നുണ്ട്. ബാഹ്യലോകത്തിൽ അസുന്ദരമായവ കാവ്യലോകത്ത് സുന്ദരമാകുന്നതെങ്ങനെ എന്നും മുണ്ടശ്ശേരി വിശദമാക്കുന്നു. ഗഹനമായ ഒരു വിഷയത്തെ ആവുന്നത്ര ലളിതമായ ഉദാഹരണങ്ങളിലൂടെ വിവരിക്കുന്ന ഈ ലേഖനം ആശയപഠനത്തോടൊപ്പം മുണ്ടശ്ശേരിയുടെ പ്രൗഢമായ ഗദ്യശൈലി പരിചയപ്പെടാനും സഹായകമാകുന്നു.

## പാഠാവതരണം

- നിങ്ങൾക്ക് ഏറ്റവും സുന്ദരമായി തോന്നിയ പൂവ് ഏതാണ്? (ചോദ്യത്തിന് കുട്ടികൾ വ്യക്തിപരമായ അഭിരുചികൾക്കനുസരിച്ച് ഉത്തരം കുറിക്കട്ടെ).
- ആ പൂവ് ഇഷ്ടപ്പെടാനുള്ള കാരണമെന്താണ്?
- പൂവിന്റെ സൗന്ദര്യം എവിടെയാണ്?
- സൗന്ദര്യം പൂവിലാണോ മനസ്സിലാണോ?

ആശയങ്ങൾ അവതരിപ്പിക്കട്ടെ.

അധ്യാപിക ക്രോഡീകരിക്കുന്നു.

- സൗന്ദര്യം അനുഭവിക്കാൻ എളുപ്പമാണ്.
- എന്നാൽ ആ സൗന്ദര്യത്തെ അറിയാൻ, കണ്ടെത്താൻ പ്രയാസമാണ്.
- നിറവും സുഗന്ധവും ആകൃതിയും പൂവിന്റെ സൗന്ദര്യത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്.
- വ്യക്തിപരമായ താൽപ്പര്യങ്ങൾ സൗന്ദര്യാനുഭവത്തെ സ്വാധീനിക്കുന്നു.
- അതുകൊണ്ടുതന്നെ സൗന്ദര്യം അത് അനുഭവിക്കുന്ന വ്യക്തിയുടെ മനസ്സിനെ ആശ്രയിച്ചു നിൽക്കുന്നു.

തുടർന്ന് മുണ്ടശ്ശേരിയുടെ ലേഖനത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ❑ പാഠാപഗ്രഥനം

പാഠഭാഗത്ത് മുണ്ടശ്ശേരി വ്യക്തമാക്കാൻ ശ്രമിക്കുന്ന ആശയങ്ങളെ ആറായി തിരിക്കുന്നത് ആശയഗ്രഹണത്തിന് ഉചിതമായിരിക്കും.

1. ആഹ്ലാദാനുഭൂതിയാണ് സൗന്ദര്യം.
2. ആഹ്ലാദാനുഭൂതിക്ക് കാരണം മനസ്സിണക്കം/ഉള്ളിണക്കമാണ്.
3. സംസ്കാരം സൗന്ദര്യത്തെ സ്വാധീനിക്കുന്നു.
4. രൂപഭംഗി-ഭാവഭംഗി എന്നീ രണ്ടു വ്യത്യസ്ത മാനദണ്ഡങ്ങൾ സൗന്ദര്യത്തിനുണ്ട്.
5. സൗന്ദര്യം വസ്തുനിഷ്ഠം കൂടിയാണ്.
6. ഭാവരൂപങ്ങളുടെ പൊരുത്തമാണ് സാഹിത്യസൗന്ദര്യം.

**1. ആഹ്ലാദാനുഭൂതിയാണ് സൗന്ദര്യം.**

ഫ്രഞ്ച് സാഹിത്യനിരൂപകനായ കസിന്റെ ചിന്താഗതിയാണിത്. ഒരു കലാരൂപം നമ്മിൽ ഉളവാക്കുന്ന ആഹ്ലാദാനുഭൂതിയുടെ ആകത്തുകയാണ് സൗന്ദര്യം. സൗന്ദര്യം വസ്തുവിലല്ല, അതാസ്വദിക്കുന്നവരുടെ മനസ്സിലാണ് എന്ന ദർശനത്തിലേക്ക് ഈ ചിന്ത നമ്മെ നയിക്കുന്നു.

**2. ആഹ്ലാദാനുഭൂതിക്ക് കാരണം മനസ്സിണക്കം/ഉള്ളിണക്കമാണ്.**

ഒരു വസ്തു ആഹ്ലാദകാരിയായിത്തീരുന്നത് അതിന്റെ രൂപഭംഗിയും ഭാവഭംഗിയും ആസ്വാദകന്റെ മനസ്സിന് ഇണങ്ങിനിൽക്കുമ്പോഴാണ്. മനസ്സിലെ സങ്കൽപ്പങ്ങളാണ് നമ്മുടെ സൗന്ദര്യബോധത്തെ നിർണയിക്കുന്നത്.

**3. സംസ്കാരം സൗന്ദര്യത്തെ സ്വാധീനിക്കുന്നു.**

ഒരു വ്യക്തിയുടെ സങ്കൽപ്പങ്ങളെയും അടിസ്ഥാനഭാവങ്ങളെയും നിർണയിക്കുന്നത് അയാളുടെ സംസ്കാരമാണ്. അതുകൊണ്ടുതന്നെ വ്യത്യസ്ത സംസ്കാരത്തിൽ വളർന്നവരുടെ സൗന്ദര്യസങ്കൽപ്പങ്ങളും വ്യത്യസ്തമായിരിക്കും.

**4. രൂപഭംഗി-ഭാവഭംഗി എന്നീ മാനദണ്ഡങ്ങൾ സൗന്ദര്യത്തിനുണ്ട്.**

ചിലർ ബാഹ്യമായ രൂപഭംഗിയെ സൗന്ദര്യമായി പരിഗണിക്കുമ്പോൾ ചിലർ ആന്തരികമായ ഗുണങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കുകയും ഭാവഭംഗിയെ സൗന്ദര്യമെന്ന് കരുതുകയും ചെയ്യുന്നു.

യവനചിന്തകനായ പ്ലേറ്റോ സൗന്ദര്യം ലളിതവും ഗഹനവുമാണെന്ന് സമർഥിക്കുന്നു. അതായത് ബാഹ്യമായ രൂപഭംഗിയും ആന്തരികമായ ഭാവഭംഗിയും പരസ്പരം ചേർന്നുനിൽക്കുമ്പോഴുണ്ടാകുന്ന തന്മയീഭാവമാണ് സൗന്ദര്യം.

### വിക്ടർ കസിൻ

ഫ്രഞ്ച് ചിന്തകൻ. 1792 നവംബർ 25ന് ജനനം. 1867 ജനുവരി 14 ന് മരിച്ചു. സൗന്ദര്യശാസ്ത്രം, തത്ത്വശാസ്ത്രം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടമേഖലകൾ. സൗന്ദര്യശാസ്ത്രവുമായി ബന്ധപ്പെട്ട് ഇഫക്ടിസിസം എന്ന സിദ്ധാന്തം ആവിഷ്കരിച്ചു. സൗന്ദര്യസങ്കൽപ്പങ്ങളെക്കുറിച്ച് പുതിയ തലത്തിലുള്ള വ്യാഖ്യാനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. സൗന്ദര്യത്തെയും തത്ത്വശാസ്ത്രത്തെയും ബന്ധപ്പെടുത്തി എട്ട് പരമ്പരകളിലായി ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. പാശ്ചാത്യലോകത്ത് സൗന്ദര്യബോധത്തെക്കുറിച്ച് റൊമാന്റിസിസത്തിന് സമാനമായ ചലനങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്കു കഴിഞ്ഞു. സാഹിത്യം, ചിത്രകല എന്നിവ കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ ചിന്തകളിലേറെയും.

ഇവിടെ കഥകളിയെ ഉദാഹരണമായി വ്യാഖ്യാനിക്കാം.

വിവിധ കലകളുടെ സമന്വയമാണല്ലോ കഥകളി എന്ന കലാരൂപം. അഭിനേതാക്കളും കഥാപാത്രങ്ങൾക്കിണങ്ങുന്ന വേഷവും സംഗീതവും വാദ്യങ്ങളും ലയത്തോടെ സമ്മേളിക്കുമ്പോഴാണ് കഥകളി ആസ്വാദ്യമായിത്തീരുന്നത്. കഥകളിസംഗീതം മാത്രം ഇഷ്ടപ്പെടുന്നവരുണ്ടാകാം, കഥകളിച്ചെണ്ട ഇഷ്ടപ്പെടുന്നവരുണ്ടാകാം, കഥകളിവേഷവും അഭിനയവും ഇഷ്ടപ്പെടുന്നവരുണ്ടാകാം. ഓരോന്നായി എടുക്കുമ്പോൾ അവയ്ക്ക് അതിന്റേതായ സൗന്ദര്യമുണ്ട്. എന്നാൽ ഇവയെല്ലാം വേണ്ട വിധത്തിൽ യോജിക്കുമ്പോഴാണ് ആ കല പൂർണമാകുന്നത്. ചതുരശ്രശോഭിത, ഏകാഗ്രമോഹനത എന്നെല്ലാം മുണ്ടശ്ശേരി പ്രയോഗിക്കുന്നതും ഈ ചേർച്ചയെ ഉദ്ദേശിച്ചാണ്.

**5. സൗന്ദര്യം വസ്തുനിഷ്ഠം കൂടിയാണ്.**

സുന്ദരമായ വസ്തുവിൽത്തന്നെയാണ് സൗന്ദര്യം എന്ന ചിന്തയാണിത്. തൊട്ടുകാണിക്കുന്നതിനപ്പുറം വെളിവാകുന്ന ശോഭയാണിത്. വസ്തുനിഷ്ഠമായ ഒത്തിരുപ്പ് ആസ്വാദകമനസ്സിൽ സൗന്ദര്യത്തെ വെളിപ്പെടുത്തുന്നു. വസ്തുനിഷ്ഠമായ സൗന്ദര്യം ആസ്വാദകമനസ്സിൽ വ്യത്യസ്ത സൗന്ദര്യതലങ്ങൾ സൃഷ്ടിക്കുന്നതെങ്ങനെയെന്ന് ആനന്ദവർധനന്റെ ധ്വനിസിദ്ധാന്തം വിവരിക്കുന്നു.

**6. ഭാവരൂപങ്ങളുടെ പൊരുത്തമാണ് സാഹിത്യസൗന്ദര്യം.**

ഭാവത്തിനൊത്ത രൂപം, രൂപത്തിനനുഗുണമായ ഭാവം. ഈ പാരസ്പര്യമാണ് ഒരു കൃതിയെ സുന്ദരമാക്കുന്നത്. ഈ ഒത്തിരിപ്പാണ് സൗന്ദര്യം. ബാഹ്യലോകത്ത് അസുന്ദരമെന്ന് കരുതുന്നവ പോലും രൂപഭാവപ്പൊരുത്തമുണ്ടെങ്കിൽ കലാലോകത്ത് സുന്ദരസൃഷ്ടിയായി മാറുന്നു. പിച്ചക്കാരന്റെ ചിത്രം മുണ്ടശ്ശേരി ഉദാഹരിക്കുന്നത് ഇതിനു തെളിവാണ്.

രൂപമെന്നാൽ സാഹിത്യത്തിൽ പദങ്ങൾ കൂടിച്ചേർന്നതാണ്. വള്ളത്തോളിന്റെ

**പ്ലേറ്റോ**

ക്രി.മു. 427 ലാണ് ഗ്രീക്ക് തത്ത്വചിന്തകനായ പ്ലേറ്റോ ജനിച്ചത്. ഏഥൻസിലെ അരാജകത്വവും ഗുരുവായ സോക്രട്ടീസിന്റെ വധവും സൃഷ്ടിച്ച പ്രതികൂലപരിതസ്ഥിതിയിലാണ് ആദർശരാഷ്ട്രത്തെ മുൻനിർത്തിയുള്ള പ്ലേറ്റോയുടെ ചിന്തകൾ പ്രകാശിതമാകുന്നത്. ലോകത്തിലെ തത്ത്വചിന്തകരിൽ പ്ലേറ്റോയെപ്പോലെ ഇത്രയധികം കലാബോധവും നിരൂപണബുദ്ധിയും പ്രകടിപ്പിച്ച മറ്റൊരാളില്ല. അനുകരണമാണ് കല എന്ന പ്ലേറ്റോയുടെ സിദ്ധാന്തമാണ് ശിഷ്യനായ അരിസ്റ്റോട്ടിൽ വിഖ്യാതമായ കലാതത്ത്വശാസ്ത്രമായി വികസിപ്പിച്ചത്.

പരമമായ സൗന്ദര്യമെന്നൊന്നുണ്ടെന്നും അത് ജ്ഞാനാഭ്യാസങ്ങളാൽ അറിയുവാൻ കഴിയുമെന്നുമാണ് പ്ലേറ്റോ ഉദ്ബോധിപ്പിക്കുന്നത്. ഈ അറിവ് നാദവർണരേഖാദികളായ മാർഗങ്ങളിൽക്കൂടി പുനരാവിഷ്കരിക്കാനും കഴിയും. ഏറക്കുറേ സൗന്ദര്യവിഷയത്തിൽ ആസ്വാദകരിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നത് സൗന്ദര്യം ആത്മനിഷ്ഠമായതുകൊണ്ടോ അഭിരുചിവ്യത്യാസം കൊണ്ടോ അല്ല, അവർക്കു തമ്മിലുള്ള വൈജ്ഞാനികമായ അന്തരമാണിതിനു കാരണം. ചിലരുടെ സൗന്ദര്യജ്ഞാനം സത്യമാകാം, ചിലരുടേത് അയഥാർഥ്യവും. സൗന്ദര്യം കുടികൊള്ളുന്നത് വസ്തുക്കളിലാണ്. അത് കണ്ടെത്തുക എന്നതാണ് സൃഷ്ടിയിലും ആസ്വാദനത്തിലും അന്തർഭവിച്ചിരിക്കുന്ന മാനസിക പക്രിയ.

*(പാശ്ചാത്യസാഹിത്യദർശനം - പ്രൊഫ.എം. അച്യുതൻ)*

'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിലെ

"ഉടൻ മഹാദേവിയിടത്തു കൈയാ-
ലഴിഞ്ഞ വാർപ്പൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി
പാർശ്വസ്ഥനാകും പതിയോടുരച്ചു"

എന്ന ശ്ലോകം നോക്കുക. ഇവിടെ പാർവതിയുടെ കോപഭാവത്തെ ദൃശ്യവൽക്കരിക്കാൻ കവി ഉപയോഗിച്ച വാക്കുകളിലൂടെ സാധിക്കുന്നു.

ഉദാ: ഉടൻ, ഇടത്ത്, അഴിഞ്ഞ, പൂങ്കുഴൽ, ജ്വലിച്ച, നോക്കുനോക്കി.

ഇതുവരെ ചർച്ചചെയ്ത ആശയങ്ങൾ ഒരു ചിത്രരൂപേണ ഇങ്ങനെ ആവിഷ്കരിക്കാം.




**ആനന്ദവർധനൻ**

ഇന്ത്യൻ സൗന്ദര്യശാസ്ത്രത്തിൽ അദ്വിതീയനായ ആചാര്യനാണ് ആനന്ദവർധനൻ. കാവ്യാത്മാവിനെ അന്വേഷിക്കുന്ന 'ധ്വന്യാലോകം' എന്ന കൃതിയാണ് ആനന്ദവർധനന്റെ മുഖ്യസംഭാവന. കാവ്യനാടകാദികളിൽ ബാഹ്യമായ അർഥത്തിനു പുറമേ ആലോചനാമൃതമായി തെളിഞ്ഞു കിട്ടുന്ന നൂതനാർഥമാണ് കൃതിയെ ആസ്വാദ്യമാക്കുന്നത് എന്ന ചിന്തയാണ് ധ്വനിസിദ്ധാന്തം.

'പ്രതീയമാനം പുനരന്യദേവ
വസ്ത്വസ്തിവാണീഷുമഹാകവീനാം
യത്തത് പ്രസിദ്ധാവയവാതിരിക്തം
വിഭാതി ലാവണ്യമിവാംഗനാസു'

(അംഗനമാരിൽ അംഗോപാംഗഭംഗിക്കും മീതെയായി ആകമാനമായി തെളിയുന്ന ലാവണ്യം പോലെ മഹാകവിയുടെ വാക്കുകളിൽ പ്രത്യക്ഷാർഥത്തിനു പുറമേ ആസ്വാദ്യനീയമായ മറ്റൊരു ഭാവതലം കൂടിയുണ്ട്). ഇതിനെയാണ് ധ്വനി എന്ന് ആചാര്യൻ വിശേഷിപ്പിക്കുന്നത്. ധ്വന്യാത്മകമായ കാവ്യമാണ് ഏറ്റവും മികച്ചതെന്ന് പറയപ്പെടുന്നു.

## സൗന്ദര്യസങ്കൽപ്പം - വിവിധ കാഴ്ചപ്പാടുകൾ

**എം.പി. പോൾ**

സൗന്ദര്യമെന്നത് വസ്തുക്കളുടെ ഒരു ഗുണമല്ല; മനസ്സിന്റെ ഭാവവിശേഷമാണ്. കാണുന്നവൻ മാനസികാഹ്ലാദമനുഭവിച്ചാൽ വസ്തു സുന്ദരമാണ്, അല്ലെങ്കിൽ അസുന്ദരമാണ്. പ്ലേറ്റോ, കാന്റ്, ഹെഗൽ, ക്രോംയെ മുതലായ ചിന്തകർ മുന്നോട്ടുവച്ച ഈ ആത്മപ്രതീതവാദവും സൗന്ദര്യനിർണയത്തിന് ഭൗതികഗുണങ്ങളെ മാനദണ്ഡമാക്കുന്ന അരിസ്റ്റോട്ടിൽ മുതലായവരുടെ വസ്തുപ്രതീതവാദവും അപര്യാപ്തങ്ങളാണ് എന്ന് എം.പി. പോൾ നിരീക്ഷിക്കുന്നു. സൗന്ദര്യം അതിന്റെ ശുദ്ധമായ രൂപത്തിൽ കലയിലാണ് കാണുന്നതെന്നാണ് പോളിന്റെ സിദ്ധാന്തം. പ്രകൃതിസൗന്ദര്യം കലർപ്പുള്ളതാണ്. കലാസൗന്ദര്യം ശുദ്ധമാണ്. ആസ്വാദകർ മാറിക്കൊണ്ടിരിക്കുമ്പോഴും കല നിശ്ചലമായി നിലകൊള്ളുന്നു. അതിനാൽ കലാസൗന്ദര്യം ശാശ്വതമാണ്.

**കുട്ടികൃഷ്ണമാരാര്**

സത്യവും സൗന്ദര്യവും ഒന്നാണെന്ന് ചിന്തിക്കുന്ന മാരാര് സൗന്ദര്യം നൈസർഗികവും ആർജിതവുമായ യുക്തിബോധത്തിൽ നിന്നുണ്ടാകുന്നു എന്നു നിരീക്ഷിക്കുന്നു. ആത്മപ്രതീതമാണ് സൗന്ദര്യം. അത് യുക്തിരഹിതമല്ല. കവിയുടെ അബോധമായ പ്രവർത്തനം പോലും അയാളുടെ നൈസർഗികമായ യുക്തിബോധത്തിന്റെ പ്രേരണയനുസരിച്ചു നടക്കുന്നു എന്നാണ് മാരാരുടെ കണ്ടെത്തൽ.

**കുറ്റിപ്പുഴ കൃഷ്ണപിള്ള**

ജീവിതത്തിന്റെ വളർച്ചയ്ക്കു വളം കൊടുക്കുന്ന ശക്തിയായി കുറ്റിപ്പുഴ സൗന്ദര്യത്തെ വിലയിരുത്തുന്നു. വസ്തു മാറാതെ നിൽക്കുകയും മനോഭാവം മാറുകയും ചെയ്യുന്നതുകൊണ്ടാണ് ഒരാൾക്ക് സുന്ദരമായി തോന്നുന്നത് മറ്റൊരാളുടെ വീക്ഷണത്തിൽ വിരൂപമാകുന്നത്. യഥാർഥത്തിൽ വൈരൂപ്യമെന്നൊന്ന് ലോകത്തിലില്ല എന്നും കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു.

**എം.എൻ. വിജയൻ**

സൗന്ദര്യാവബോധത്തെ ഭൗതികദൃഷ്ട്യാ വിശകലനം ചെയ്യുന്ന എം.എൻ. വിജയൻ ഹൃദയത്തിന്റെ ഒരു സഹജഭാവം മാത്രമായ സൗന്ദര്യത്തെ ആത്മാവിനെയും പദാർഥത്തെയും ഇണക്കുന്ന ഒന്നായിട്ടാണ് കണക്കാക്കുന്നത്.

# പ്രവർത്തനവിശകലനം

## ❑ കാവ്യസൗന്ദര്യവും ആഹ്ലാദവും

അധ്യാപിക ചലച്ചിത്രഗാനത്തിന്റെ ചില വരികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

“ഏനുണ്ടോടീ അമ്പിളിച്ചന്തം
ഏനുണ്ടോടീ താമരച്ചന്തം
ഏനുണ്ടോടീ മാരിവിൽച്ചന്തം
ഏനുണ്ടോടീ മാമഴച്ചന്തം”

ചോദ്യം ഉന്നയിക്കുന്നു.

- വരികളിൽ തെളിയുന്ന നായികയുടെ ചിത്രം എന്താണ്?

- അതിനായി ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ സവിശേഷത എന്താണ്?
- നായികയുടെ സൗന്ദര്യം വർണിക്കാൻ ഈ വാക്കുകൾക്ക് കഴിയുന്നുണ്ടോ?

കുട്ടികൾ പ്രതികരിക്കട്ടെ.

ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- തനിമലയാളപദങ്ങൾ ഉപയോഗിച്ചിരിക്കുന്നു.
- ഉപയോഗിച്ച കൽപ്പനകളിലൂടെ നായികയുടെ സൗന്ദര്യത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു.
- ഉപയോഗിച്ച വാക്കുകളിലൂടെ രൂപവും ഭാവവും വ്യക്തമാക്കാൻ കഴിയുന്നു.
- രൂപഭാവങ്ങളുടെ ഒത്തിരിപ്പിലൂടെയാണ് ഇത് സാധ്യമാകുന്നത്.
- ഈ ഒത്തിരിപ്പിലൂടെ സൗന്ദര്യവും ആഹ്ലാദവും ജനിക്കുന്നു.
- കവി ഉള്ളിലുൾക്കൊണ്ട ഭാവം ഉപയോഗിച്ച വാക്കുകളിലൂടെ ആസ്വാദകരിലേക്കെത്തിക്കാൻ ശ്രമിക്കുന്നു.
- ആ വാക്കുകളുടെ രൂപവും ഭാവവും ആസ്വാദകനിലും അതേ അവസ്ഥ സൃഷ്ടിക്കുന്നു.

തുടർന്ന് മുണ്ടശ്ശേരിയുടെ നിരീക്ഷണം വായിക്കാൻ പറയാം.

> "രൂപം തികച്ചും ഭാവത്തിനൊത്തുകഴിഞ്ഞാൽ കാവ്യം സുന്ദരമായി ഭവിക്കും. കവിക്കും സഹൃദയർക്കും ആ കാവ്യസൗന്ദര്യം ഭാവതൻമയീഭാവത്തിനിടയാക്കുന്നു. ഭാവതൻമയീഭാവമോ, പരകോടിയിലാഹ്ലാദമായി പരിണമിക്കുന്നു."

മുൻ സൂചിപ്പിച്ച ഉദാഹരണത്തിലൂടെ മുണ്ടശ്ശേരിയുടെ അഭിപ്രായത്തെക്കുറിച്ച് കുട്ടികൾ ചർച്ചചെയ്യട്ടെ.

ചർച്ചയിൽ അധ്യാപിക ഫലപ്രദമായി ഇടപെടണം. രൂപീകരിക്കപ്പെട്ട ആശയങ്ങൾ കുട്ടികൾ കുറിക്കട്ടെ; അവതരിപ്പിക്കട്ടെ.

## ❑ ആസ്വാദനഭേദവും കാരണവും



സുന്ദരയക്ഷി (പടയണി)



ദമയന്തി (കഥകളി)



ഹംസവും ദമയന്തിയും (രവിവർമ്മ ചിത്രം)

അധ്യാപിക ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഇതിൽ നിങ്ങൾക്ക് ഏതു ചിത്രമാണ് ഇഷ്ടപ്പെട്ടത്?
- ചിത്രം ഇഷ്ടപ്പെടാൻ കാരണമെന്ത്?
- ചിത്രം നിങ്ങളിൽ എന്തു വികാരമാണ് ഉണ്ടാക്കിയത്?

കുട്ടികൾ പ്രതികരിക്കട്ടെ.

ചർച്ചയിൽ അധ്യാപിക കൃത്യമായി ഇടപെടണം.

അധ്യാപിക ആശയങ്ങൾ ക്രോഡീകരിക്കുന്നു.

- ഓരോരുത്തർക്കും അവരവരുടേതായ അനുഭവപരിസരമുണ്ട്.
- ആ അനുഭവപരിസരം അയാളുടെ സംസ്കാരത്തെ വ്യക്തമായി സ്വാധീനിക്കുന്നു.
- സംസ്കാരവും കലാബോധവും സൗന്ദര്യബോധവും പരസ്പരം ചേർന്നു കിടക്കുന്നു.
- ഒരാളുടെ സംസ്കാരം അയാളുടെ സൗന്ദര്യബോധം രൂപപ്പെടുത്തുന്നു.

## ❑ ഗദ്യശൈലി

പാഠഭാഗം ചർച്ചചെയ്ത ശേഷം മുണ്ടശ്ശേരിയുടെ രചനാശൈലിയെക്കുറിച്ചും ഭാഷാരീതിയെക്കുറിച്ചും കുട്ടികളെ പരിചയപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ സൗന്ദര്യത്തെക്കുറിച്ചുള്ള മുണ്ടശ്ശേരിയുടെ നിരീക്ഷണം അദ്ദേഹത്തിന്റെ ലേഖനത്തിലും എത്രത്തോളം വെളിവാക്കപ്പെടുന്നുണ്ട് എന്ന പരിശോധനയുമാവാം.

അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ലേഖനത്തിൽ മുണ്ടശ്ശേരി ഉപയോഗിച്ച വാക്കുകളിൽ നിങ്ങൾക്ക് പരിചിതമല്ലാത്തവ ഏതെല്ലാമാണ്?
- മുണ്ടശ്ശേരി ഉപയോഗിക്കുന്ന വാക്യങ്ങളുടെ ഘടനയ്ക്ക് എന്തെങ്കിലും സവിശേഷതകൾ അനുഭവപ്പെടുന്നുണ്ടോ?
- പരിചിതമല്ലാത്ത വാക്കുകളിൽ സവിശേഷമായി തോന്നിയ പദങ്ങൾ ഏതെല്ലാമാണ്?

കുട്ടികൾ പ്രതികരിക്കട്ടെ. ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- പരിചിതമല്ലാത്ത നിരവധി വാക്കുകൾ മുണ്ടശ്ശേരി പ്രയോഗിച്ചിട്ടുണ്ട്.
- ഇതിൽത്തന്നെ ബഹിരന്തശോഭ, ഉൾക്കോമളിമ, ധ്വസ്താൽ ധ്വസ്തം, ഒത്തിരുപ്പ്, ഏകാഗ്രമോഹനത, ചതുരശ്രശോഭിത തുടങ്ങി സവിശേഷ പ്രയോഗങ്ങൾ കണ്ടെത്താനാകും.
- ദീർഘവാക്യങ്ങളുടെയും സങ്കീർണവാക്യങ്ങളുടെയും ആധിക്യം.
- ഉപമകളുടെ ധാരാളിത്തം.

അധ്യാപിക തുടർചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഇത്തരം സവിശേഷപ്രയോഗങ്ങളും ദീർഘ - സങ്കീർണ വാക്യങ്ങളും ലേഖനത്തിന് എന്തെങ്കിലും പ്രത്യേകത നൽകുന്നുണ്ടോ?
- മുണ്ടശ്ശേരി പറയുന്ന ഒത്തിരുപ്പ് ഈ ലേഖനത്തിൽ കാണാൻ കഴിയുമോ?

**അധ്യാപികയുടെ ക്രോഡീകരണം**

- ദീർഘവാക്യങ്ങളും സങ്കീർണവാക്യങ്ങളും ലേഖനത്തിന് രൂപഭാവപരമായ പ്രൗഢി നൽകുന്നു.
- പദങ്ങളുടെ ഒത്തിരിപ്പ് ലേഖനത്തിന് സൗന്ദര്യം നൽകുന്നു.

ഗഹനമായ ആശയത്തെ വിവരിക്കുമ്പോൾ ഭാഷയും ഗഹനമാകുന്നു.

ആശയങ്ങൾ കുട്ടികൾ കുറിപ്പാക്കട്ടെ.

## ❑ സമസ്തപദങ്ങൾ

ഭാഷയിലെ ഓരോപദത്തിനും സവിശേഷാർഥമുണ്ട്. വ്യത്യസ്താർഥങ്ങളുള്ള പദങ്ങളെ ഇണക്കത്തോടെ കൂട്ടിച്ചേർക്കുമ്പോൾ സുന്ദരവും അർഥസാന്ദ്രവുമായ സമസ്തപദങ്ങൾ രൂപംകൊള്ളും. പ്ലാവിന്റെ ഇലയെ പ്ലാവിലയാക്കിയ ഈ ലളിത നിയമം തന്നെയാണ് സൗഗന്ധികസ്വർണത്തെ (മാമ്പഴം - വൈലോപ്പിള്ളി) സൃഷ്ടിക്കുന്നതും. കാവ്യഭാഷയുടെ (ഗദ്യമായാലും) മണിച്ചിത്രത്താഴുകൾ തുറന്ന് കാവ്യമർമ്മത്തോടടുക്കാനും രചനയിലെ ധ്വന്യാത്മകലോകം തിരിച്ചറിയാനും സമസ്തപദങ്ങളുടെ ചേരുവകൾ രൂപംകൊള്ളുന്ന വഴികൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ഒന്നിൽ കൂടുതൽ പദങ്ങളെ, ഇടയിൽ ഉണ്ടാവേണ്ടിയിരുന്ന പ്രത്യയങ്ങളെയോ പദങ്ങളെയോ ഒഴിവാക്കിക്കൊണ്ട്, ഒറ്റപ്പദമാക്കുന്ന പ്രക്രിയയാണ് സമാസം. സമാസിച്ചുണ്ടാകുന്ന ഒറ്റപ്പദത്തെ സമസ്തപദം എന്നു പറയുന്നു. സമാസിച്ചപ്പോൾ ഏതെങ്കിലും ശബ്ദം വിട്ടുപോയിട്ടുണ്ടെങ്കിൽ അവയും ചേർത്ത്, സമാസാർഥം പൂർണരൂപത്തിലാക്കുന്നതാണ് വിഗ്രഹിക്കൽ.

| **സമസ്തപദം** | **വിഗ്രഹാർഥം** |
|---|---|
| പ്രകൃതിവിലാസം | പ്രകൃതിയുടെ വിലാസം |
| ശ്ലക്ഷ്ണശിലാശിൽപ്പം | ശ്ലക്ഷ്ണശിലകൊണ്ടു നിർമ്മിച്ച ശിൽപം |
| അംഗോപാംഗം | അംഗവും ഉപാംഗവും |
| മനസ്സിണക്കം | മനസ്സിന്റെ ഇണക്കം |
| നയനാകർഷകം | നയനത്തിന് ആകർഷകമാകുന്നത് |
| ആലോചനാമൃതം | ആലോചിക്കുന്തോറും അമൃതമായിത്തീരുന്നത് |

### ❑ അതിശായനരൂപങ്ങൾ

സുന്ദരമായ കാഴ്ച, കഠിനമായ ജോലി എന്നീ പ്രയോഗങ്ങളിലെ അടിവരയിട്ട പദങ്ങൾ കാഴ്ച, ജോലി എന്നിവയെ വിശേഷിപ്പിക്കുന്ന ഭേദകങ്ങൾ അഥവാ, വിശേഷണങ്ങളാണല്ലോ. എന്നാൽ എത്രത്തോളം സുന്ദരം എന്നോ എത്രത്തോളം കഠിനം എന്നോ ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ടോ? മറിച്ച്, സുന്ദരതമമായ പ്രകൃതിദൃശ്യം എന്നു പറയുമ്പോൾ ഏറ്റവും മനോഹരമായ പ്രകൃതിദൃശ്യമാണ് അതെന്നും അതിലും മനോഹരമായി മറ്റൊരു കാഴ്ചയുമില്ലെന്നും വരുന്നു. അതുപോലെയാണ് കഠിനം, കഠിനതരം എന്നീ പ്രയോഗങ്ങൾ. ഇങ്ങനെ വിശേഷണങ്ങളുടെ ഏറ്റക്കുറച്ചിലുകൾ അഥവാ, തരതമഭേദം സൂചിപ്പിക്കുന്ന പദരൂപങ്ങളെയാണ് അതിശായനരൂപങ്ങൾ എന്നു പറയുന്നത്. സംസ്കൃതത്തിലെ അതിശായന രൂപങ്ങൾ മലയാളത്തിൽ തൽസമമായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| ലഘു | – | ലഘുതരം | – | ലഘുതമം |
| പ്രിയം | – | പ്രിയതരം | – | പ്രിയതമം |
| സുന്ദരം | – | സുന്ദരതരം | – | സുന്ദരതമം |
| കഠിനം | – | കഠിനതരം | – | കഠിനതമം |
| ദ്രുതം | – | ദ്രുതതരം | – | ദ്രുതതമം |

ഇംഗ്ലീഷിലെ അതിശായനരൂപങ്ങൾക്ക് ഉദാഹരണമാണ് good - better - best, tall - taller, tallest. (Degrees of Comparison)

താരതമ്യരൂപങ്ങൾ സൃഷ്ടിക്കാൻ മലയാളത്തിൽ പ്രത്യയങ്ങളില്ല. പ്രത്യേകാർഥത്തിലുള്ള വിശേഷണപദങ്ങളും ഗതികളും ചേർത്ത രൂപങ്ങളാണ് തരതമഭേദം കുറിക്കാൻ മലയാളത്തിൽ പ്രയോജനപ്പെടുത്തുന്നത്. കാൾ, ഓളം, ഇലും, വളരെ, ഏറ്റവും, കുറച്ച്, വച്ച്, തീരെ എന്നിവയാണ് മലയാളത്തിൽ പ്രയോഗത്തിലുള്ള തരതമരൂപങ്ങൾ.

ഉദാ: അമ്മു മിടുക്കിയാണ്, അമ്മു ചിന്നുവിനേക്കാൾ മിടുക്കിയാണ്, അമ്മു ഏറ്റവും മിടുക്കിയാണ്.

## കുപ്പിവളകൾ

സാറാ തോമസിന്റെ ഹൃദയസ്പർശിയായ ഒരു കഥയാണ് കുപ്പിവളകൾ. കണ്ണമ്മ എന്ന പെൺകുട്ടിയുടെ ചിന്തകളിലൂടെയാണ് കഥ ഇതൾവിരിയുന്നത്. അന്ധയായ കണ്ണമ്മയുടെ ജീവിതസ്വപ്നങ്ങളും പ്രതീക്ഷകളുമാണ് കഥയുടെ പ്രമേയം. പ്രതീക്ഷിക്കാൻ കൂടുതലായി ഒന്നുമില്ലാത്ത അവളുടെ ജീവിതത്തിലേക്ക് കുപ്പിവളകളുടെ കിലുക്കമായി അതിഥികളെത്തുമ്പോൾ അസുലഭമായ സന്തോഷമുഹൂർത്തങ്ങളാണ് അവൾക്ക് ലഭിക്കുന്നത്.

സംരക്ഷണവും സ്നേഹവും കൊതിക്കുന്ന അനാഥരായ നിരവധി കുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും തിരിച്ചറിയാനുള്ള കടമ നമുക്കോരോരുത്തർക്കുമുണ്ട്. അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ജീവിതത്തിലേക്കു കൈപിടിച്ച് ഉയർത്തേണ്ടതുണ്ട്. ഈ കഥയിലെ പ്രധാന കഥാപാത്രം അന്ധയാണ്; പ്രത്യേക പരിഗണന അർഹിക്കുന്ന കഥാപാത്രം. അതുകൊണ്ടുതന്നെ ആ കഥാപാത്രത്തോട് സഹാനുഭൂതി തോന്നുകയാണ് പതിവ്. പക്ഷേ, അനാഥമന്ദിരത്തിലെത്തുന്ന അതിഥി നൽകുന്ന കുപ്പിവളകൾ ഏറ്റുവാങ്ങുന്ന അവളുടെ സന്തോഷവും അവൾക്ക് സമ്മാനം നൽകാൻ അതിഥി കാണിക്കുന്ന സന്മനസ്സും ആസ്വാദകരിൽ ആഹ്ലാദവും അതുവഴി സൗന്ദര്യവും ജനിപ്പിക്കുന്നു. മനസ്സിന്റെ നന്മ ആഹ്ലാദകാരിയാണ്; അത് സൗന്ദര്യവുമാണ്. ഈ സൗന്ദര്യം തിരിച്ചറിയാൻ കുട്ടികളെ പ്രേരിപ്പിക്കുക എന്നതാണ് ഈ കഥയുടെ ലക്ഷ്യം. അതോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളോടും

മുതിർന്നവരോടും അനുഭാവപൂർണമായ മനോഭാവം പ്രകടിപ്പിക്കേണ്ടതുണ്ട് എന്ന തിരിച്ചറിവും കുട്ടികളിലുണ്ടാക്കാൻ ഈ കഥയ്ക്ക് കഴിയും.



**പാഠാവതരണം**

അധ്യാപിക കുട്ടികളോട് കഥ മൗനമായി വായിക്കാൻ പറയുന്നു.

വായനയിൽ കണ്ടെത്തിയ ആശയതലങ്ങൾ കുട്ടികൾ പങ്കുവയ്ക്കട്ടെ. തുടർന്ന് ചർച്ച.

ചർച്ചയിൽ വരേണ്ട ആശയങ്ങൾ:

→ അനാഥയായ പെൺകുട്ടി.
→ അവളുടെ അന്ധത.
→ സ്വന്തം കാഴ്ചയില്ലായ്മ സ്വയം അംഗീകരിക്കുകയും ഒതുങ്ങിക്കൂടുകയും ചെയ്യുന്ന അവളുടെ അവസ്ഥ.
→ കണ്ണമ്മയെ അംഗീകരിക്കാനുള്ള മനസ്സ്.
→ ആ മനസ്സിന്റെ നന്മയും സൗന്ദര്യവും.
→ ശാരീരികമായ പരിമിതിയുള്ളവരോട് അനുഭാവപൂർവം പെരുമാറാനുള്ള മനോഭാവം.

കഥയുടെ ആശയതലത്തെക്കുറിച്ച് സാമാന്യമായ ധാരണ നേടിയ ശേഷം ആഴത്തിലുള്ള ചർച്ചയിലേക്കും ആസ്വാദനാംശങ്ങളിലേക്കും കടക്കാം.

❑ **കുപ്പിവളകളുടെ മന്ത്രനാദം**

ഇരുൾ നിറഞ്ഞ ലോകത്തു കഴിയാൻ വിധിക്കപ്പെട്ടവളാണ് കണ്ണമ്മ. കാഴ്ചയുടെ പ്രകാശം അവൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പക്ഷേ, ആ അവസ്ഥയെ അവൾ സ്വയം അംഗീകരിക്കുകയും അതിൽ ഒതുങ്ങിക്കൂടുകയും ചെയ്യുന്നു. അതോടൊപ്പം അനാഥാലയത്തിൽ എത്തുന്ന അതിഥികൾക്കു മുന്നിൽ കാഴ്ചവസ്തുവിനെപ്പോലെ പ്രദർശിപ്പിക്കുന്നതിനെ പ്രതിരോധിക്കാൻ അവൾക്കാകുന്നുമില്ല.

കണ്ണമ്മയുടെ ഈ അവസ്ഥ കഥാകൃത്ത് എങ്ങനെയാണ് ആവിഷ്കരിക്കുന്നത് എന്നു കണ്ടെത്തട്ടെ.

☞ “ചിലപ്പോൾ ചിലരുടെ മനസ്സിന്റെ അലിവ് നെടുവീർപ്പായി കാതുകളിൽ വന്ന് പതിച്ചെന്നിരിക്കും.”

☞ “കാഴ്ചയില്ലാത്ത കണ്ണമ്മയാണ് താൻ. തന്റെ ലോകം വളരെ വളരെ ഇടുങ്ങിയതാണ്.”

☞ “സൗന്ദര്യവും തിളക്കവും പച്ചനിറവും ഒന്നും തനിക്ക് പിടിയുള്ള വാക്കുകളല്ലല്ലോ.”

കൂടുതൽ സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. ശാരീരികമായ പരിമിതികൾ ഒരു കുട്ടിയെ എത്രത്തോളം അസ്വതന്ത്രനാക്കുന്നു എന്ന തിരിച്ചറിവിലേക്കാണ് കുട്ടികളെ നയിക്കേണ്ടത്. അവർ എല്ലാ തരത്തിലും പരിഗണിക്കപ്പെടേണ്ടവരാണ് എന്ന ഉൾക്കാഴ്ചയും രൂപപ്പെടണം.

തുടർന്ന് കുപ്പിവളകളുടെ കിലുക്കം കണ്ണമ്മയിലുണ്ടാക്കിയ അനുഭവം സൂചിപ്പിക്കുന്ന വരികൾ കണ്ടെത്താൻ പറയാം.

**സൂചനകൾ**

→ "ആരോ കടന്നുവന്നപ്പോൾ മനസ്സിൽ കൗതുകമുണർത്തിയ പുതിയൊരു നാദം."

→ "വിശ്വസിക്കാനാവാതെ പതുക്കെ തടവിനോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുകമുണർത്തുന്ന നാദം."

→ "കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ത്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നുപോയിരുന്നു."

പള്ളിയിൽ കുർബാനസമയത്തുള്ള മണികിലുക്കംപോലെ കിലുങ്ങുന്ന കുപ്പിവളകൾ അനാഥയായ ആ പെൺകുട്ടിയുടെ മനസ്സിൽ ആഹ്ലാദത്തിന്റെ അലകൾ തീർക്കുന്നു. കുപ്പിവളകളുടെ ആ കിലുക്കം അവളുടെ ജീവിതത്തിലെ പ്രത്യാശയുടെ മന്ത്രനാദമായി മാറുന്നു.

❑ **കഥയുടെ ഭാവതലം**

ഭാവപ്രപഞ്ചം സൃഷ്ടിക്കാൻ എഴുത്തുകാരന് സ്വന്തമായുള്ള കൈമുതൽ ഭാഷയാണ്. ലളിതമായ ഈ കഥയിൽ കുട്ടികളുമായി സംവദിക്കാൻ കഴിയുന്ന അനുഭവ പരിസരവും അതിനുതകുന്ന ആഖ്യാനശൈലിയുമാണ് കഥാകാരി സ്വീകരിച്ചിരിക്കുന്നത്. കാഴ്ചയില്ലാത്ത കണ്ണമ്മ കുട്ടികളിൽ ആദ്യം സഹതാപമെന്ന വികാരം നിറയ്ക്കുന്നു. ഈ ലോകത്തെ നാം അറിയുന്നത് പഞ്ചേന്ദ്രിയങ്ങളിലൂടെയാണെങ്കിലും അതിൽ പ്രധാന പങ്ക് കണ്ണിനും കാഴ്ചയ്ക്കും തന്നെയാണല്ലോ. പക്ഷേ, കണ്ണമ്മയ്ക്ക് കാഴ്ചയുടെ അനുഭവലോകമില്ല. അവൾക്ക് ശബ്ദം സൃഷ്ടിക്കുന്ന അനുഭവതലമാണുള്ളത്.

ഇത് കുട്ടികളിലെത്തിക്കാൻ ചില വാക്കുകൾ അധ്യാപികയ്ക്ക് ഉപയോഗിക്കാവുന്നതാണ്. അധ്യാപിക പശു, കാർ, റോസാപ്പൂ മുതലായ വാക്കുകൾ പറയുന്നു. വാക്കുകളുടെ ഉച്ചാരണത്തിലൂടെ തന്നെ ആ വസ്തുവിന്റെ രൂപവും സൗന്ദര്യവും കുട്ടികൾക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. അത് ആ വസ്തുവിന്റെ കാഴ്ചാനുഭവം ഉള്ളതുകൊണ്ടാണ്.

ഇവിടെ കാഴ്ചയില്ലാത്തതുകൊണ്ട് കണ്ണമ്മയ്ക്ക് ആ അനുഭവലോകത്തേക്കെത്തിച്ചേരാൻ കഴിയുന്നില്ല. കണ്ണുകളുടെ നിറഞ്ഞ അന്ധകാരത്തിൽ വാക്കുകൾക്ക് വലിയ അർഥമൊന്നുമില്ലാതായി മാറുന്നു. അതേസമയം മനസ്സിന്റെ അലിവ് ഒരു നെടുവീർപ്പായി കാതുകളിൽ വന്നുപതിക്കുമ്പോഴും കുപ്പിവളകളുടെ കിലുക്കം കേൾക്കുമ്പോഴും ശബ്ദത്തിന്റെ അനുഭവലോകത്തിലൂടെ കണ്ണമ്മയ്ക്ക് അത് ഉൾക്കൊള്ളാൻ കഴിയുന്നു.

കഥാകൃത്ത് ഉപയോഗിക്കുന്ന വാക്കുകളിലൂടെ സവിശേഷ അനുഭവതലം സൃഷ്ടിക്കപ്പെടുകയും അത് കഥയുടെ ഭാവതലത്തിന് മിഴിവു നൽകുകയും ചെയ്യുന്നു. ഈ തിരിച്ചറിവ് പകരുന്നതിനാവശ്യമായ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ കുട്ടികളോട് പറയാം.

## ശീർഷകത്തിന്റെ ഔചിത്യം

ഒരു പേരിലെന്തിരിക്കുന്നു എന്നു ചോദിച്ചത് മഹാനായ വില്യം ഷേക്സ്പിയറാണ്. എഴുത്തുകാരൻ തന്റെ രചനയ്ക്ക് പേരു നൽകുന്നത്, അത് ആസ്വാദകനെ വായിപ്പിക്കാൻ പ്രേരിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെയാണ്. അതേസമയം ശീർഷകം രചനയുടെ അന്തസ്സത്തയെ പ്രതിഫലിപ്പിക്കുന്നതുമായിരിക്കണം. ഈ വഴിക്കുള്ള അന്വേഷണമാണ് ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ. അതുകൊണ്ടുതന്നെ 'കുപ്പിവളകൾ' എന്ന ശീർഷകത്തിന്റെ ഔചിത്യത്തിലേക്ക് കുട്ടികളെ നയിക്കേണ്ടതുണ്ട്.

'കുപ്പിവളകൾ' എന്ന ശീർഷകം അധ്യാപിക പ്രദർശിപ്പിക്കുന്നു. ശീർഷകം മുന്നോട്ടുവയ്ക്കുന്ന ആശയതലത്തെക്കുറിച്ച് ചർച്ചചെയ്യട്ടെ.

കണ്ണമ്മയുടെ അനുഭവലോകം ശബ്ദങ്ങളുമായി ബന്ധപ്പെട്ടതാണ് എന്ന ധാരണ കുട്ടികൾ നേടിക്കഴിഞ്ഞതാണ്.

ചർച്ചയ്ക്ക് ദിശാബോധം നൽകുന്ന സൂചനകൾ:

- കുപ്പിവളകളുടെ ആകർഷകമായ വർണങ്ങൾ കണ്ണമ്മയ്ക്ക് അന്യം.
- കലപില കൂട്ടുന്ന കുപ്പിവളകളുടെ കിലുങ്ങുന്ന സ്വരം.
- അത് അവളുടെ അനുഭവതലത്തിൽനിന്നുള്ളത് - പള്ളിയിൽ കുർബാന സമയത്തുള്ള മണികിലുക്കം പോലെ.
- അത് ശരീരത്തിലും മനസ്സിലും പടർന്നുകയറുന്നതുപോലുള്ള ആഹ്ലാദത്തിന്റെ രോമാഞ്ചം.
- ആ കിലുക്കത്തിന്റെ മന്ത്രനാദത്തിൽ അവൾ എല്ലാം മറന്നുപോകുന്ന അവസ്ഥ.

കണ്ണമ്മയുടെ ലോകം ശബ്ദങ്ങളുടേതാണ്. കുപ്പിവളകളുടെ കിലുക്കം അവളുടെ ജീവിതത്തിൽ ആഹ്ലാദം നിറയ്ക്കുന്നു. ഒപ്പം അവളുടെ ജീവിതം പ്രത്യാശാഭരിതമായി മാറുകയും ചെയ്യുന്നു.

'കുപ്പിവളകൾ' എന്ന ശീർഷകം അതിന്റെ കലമ്പലിലൂടെ കണ്ണമ്മയുടെ അനുഭവലോകവുമായി ഈ കഥയെ ബന്ധിപ്പിക്കാൻ ഏറെ സഹായകമാകുന്നു എന്ന് കുട്ടികൾ തിരിച്ചറിയണം. കഥ ഉയർത്തിപ്പിടിക്കുന്ന ഭാവതലത്തെ കൂടുതൽ ആസ്വാദ്യമാക്കാൻ ശീർഷകത്തിന് കഴിയുന്നുണ്ട്.

മറ്റൊരു അനുഭവതലംകൂടി ഈ ശീർഷകം സംവേദനം ചെയ്യുന്നുണ്ട്. കുപ്പിവളകൾ എപ്പോൾ വേണമെങ്കിലും പൊട്ടിത്തകരാൻ സാധ്യതയുണ്ട്. ഒരുപക്ഷേ, കണ്ണമ്മയുടെ ജീവിതത്തിലെ അരക്ഷിതാവസ്ഥകൂടി കഥാകൃത്ത് ലക്ഷ്യമിടുന്നുണ്ടാവാം.

## മനസ്സ്, നന്മ, സൗന്ദര്യം

മനസ്സിന്റെ ആഹ്ലാദം സൗന്ദര്യമായി പരിണമിക്കുന്നു എന്നു മുണ്ടശ്ശേരി 'സൗന്ദര്യം' എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നു. നന്മ കൈവിടാത്ത മനസ്സ് ഈ ആഹ്ലാദാനുഭൂതിയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ്. ആ അർഥത്തിൽ നന്മ നിറഞ്ഞ മനസ്സ് സൗന്ദര്യാനുഭൂതി സൃഷ്ടിക്കുകതന്നെ ചെയ്യും. കുപ്പിവളകൾ എന്ന കഥ വായിക്കപ്പെടേണ്ടത് കണ്ണമ്മയോടുള്ള സഹാനുഭൂതി എന്ന നിലയിലല്ല; അവളോട് കാണിക്കുന്ന സന്മനസ്സിൽനിന്നുണ്ടാകുന്ന സൗന്ദര്യം എന്ന നിലയിലാണ്.

ഇത്തരത്തിൽ നന്മനിറഞ്ഞ മനസ്സിനെക്കുറിച്ചുള്ള സൂചന കഥയിൽനിന്നു കണ്ടെത്താൻ കുട്ടികളോടു പറയാം. കണ്ണമ്മയ്ക്ക് റോസി കുപ്പിവളകൾ സമ്മാനിക്കുന്നതും അത് കണ്ണമ്മയിൽ സൃഷ്ടിക്കുന്ന ആഹ്ലാദാതിരേകവും കുട്ടികൾ കണ്ടെത്തും.

*സമ്മാനം നൽകാൻ റോസിയെ പ്രേരിപ്പിച്ചതെന്തെല്ലാം?*

കാരണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

സൂചനകൾ:

- മറ്റു കുട്ടികളിൽനിന്നു വ്യത്യസ്തമായി കണ്ണമ്മ അനുഭവിക്കുന്ന ശാരീരികവെല്ലുവിളി.
- അവൾ പരിഗണന അർഹിക്കുന്നവളാണെന്ന തിരിച്ചറിവ്.
- ആ തിരിച്ചറിവിലേക്ക് എത്താൻ കാരണമായ റോസിയുടെ നന്മ.
- ................................................................
- ................................................................

ശാരീരികവെല്ലുവിളികൾ നേരിടുന്നവർ പരിഗണന അർഹിക്കുന്നുണ്ടെന്നും അവർ സ്നേഹവും അംഗീകാരവും കൊതിക്കുന്നുണ്ടെന്നുമുള്ള ധാരണ റോസിയുടെ നന്മയിലൂടെയും കണ്ണമ്മയുടെ ആഹ്ലാദത്തിലൂടെയും കുട്ടികളിൽ രൂപപ്പെടണം. നന്മനിറഞ്ഞ മനസ്സിന്റെ സൗന്ദര്യമാണ് ഏറ്റവും ഉത്തമം എന്ന സുപ്രധാന ധാരണയും കുട്ടികൾ നേടണം.

മറ്റുള്ളവർ വിശന്നിരിക്കുന്നതു കാണുമ്പോൾ തനിക്കു കിട്ടിയ ചോറ് അരിക്കലത്തിലേക്കു കുടഞ്ഞിടുന്ന കുട്ടിയെ എട്ടാം ക്ലാസിലെ 'വേദം' എന്ന കവിതയിൽ കുട്ടികൾ പരിചയിച്ചിട്ടുള്ളതാണ്. ആ കുട്ടിയുടെ നന്മ ആസ്വാദകരിൽ ആഹ്ലാദമുണ്ടാക്കുന്നു എന്നും ആ മനസ്സിന്റെ സൗന്ദര്യമെന്ത് എന്നും കുട്ടികൾ അനുഭവിച്ചറിഞ്ഞതാണ്. ദുരിതങ്ങൾക്കിടയിലും ജീവിതത്തെക്കുറിച്ച് പ്രത്യാശ നൽകിയ യുവാവിന് തനിക്ക് ആകെയുള്ള സമ്പാദ്യമായ പുതപ്പ് സമ്മാനിച്ച മാധവിക്കുട്ടിയുടെ 'കടലിന്റെ വക്കത്തൊരു വീട്' എന്ന കഥയിലെ നായികയും ഈ നന്മയുടെ പ്രതീകമാണ്. ജീവിക്കൂ.. ജീവിക്കൂ എന്ന് ഉദ്ബോധിപ്പിക്കുന്നതായി ചങ്ങമ്പുഴ ചൂണ്ടിക്കാട്ടുന്നതും നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ മനുഷ്യർ കൂടുതൽ 'സുന്ദരന്മാരും സുന്ദരികളു'മായിത്തീരുന്നു എന്ന് ഉറൂബ് പറയുന്നതും ഈ നന്മ ഉദ്ദേശിച്ചുതന്നെയാണ്.

### ❑ കാഴ്ച... കണ്ണമ്മ

കാഴ്ചയില്ലാത്ത നായികാകഥാപാത്രത്തിന് കണ്ണമ്മ എന്ന പേരു നൽകിയ കഥാകൃത്തിന്റെ രചനാകൗശലം ക്ലാസിൽ പരാമർശവിധേയമാക്കണം. കാഴ്ചയില്ലാതിരുന്നിട്ടു കൂടി മറ്റ് ഇന്ദ്രിയങ്ങളിലൂടെ ലോകാനുഭവങ്ങൾ തന്നാലാവും വിധം ആവാഹിക്കുന്ന കണ്ണമ്മയ്ക്ക് ആ പേരിന്റെ അർഥതലവും അനുഭവതലവും നൽകുന്ന വൈരുധ്യം കഥയ്ക്ക് കൂടുതൽ മിഴിവു നൽകുന്നു.

### ❑ അനുഭവത്തിന്റെ സ്പർശതലം

കണ്ണമ്മയുടെ അനുഭവലോകത്തെ നിർണയിക്കുന്നതിൽ ശബ്ദത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾ ധാരണ നേടിക്കഴിഞ്ഞു. എന്നാൽ ശബ്ദം മാത്രമാണോ കണ്ണ

മ്മയുടെ അനുഭവങ്ങളെ സ്വാധീനിക്കുന്നത്?

അധ്യാപിക ചില വാക്യങ്ങൾ പ്രദർശിപ്പിക്കുന്നു.

- "വരാന്തയുടെ അഴികളിൽ പിടിച്ച് കൈ പുറത്തേക്കു നീട്ടിയതേയുള്ളൂ... ആകെ നനഞ്ഞുപോയിരുന്നു."
- "തന്റെ കൈവെള്ളയിൽ ചൂണ്ടുവിരൽകൊണ്ട് അമർത്തി വട്ടത്തിൽ വരച്ചു കാണിച്ചു."
- "പൂവിതളുകളുടേതുപോലുള്ള മൃദുസ്പർശം."

വരികളിൽനിന്നു വായിച്ചെടുക്കാവുന്ന അനുഭവതലത്തെക്കുറിച്ച് കുട്ടികൾ ചർച്ചചെയ്യട്ടെ.

- വ്യത്യസ്തമായ സ്പർശാനുഭവങ്ങൾ
- മഴയുടെ നനവ്.. കുളിര്
- വട്ടത്തിന്റെ രൂപം
- കൈകളുടെ മൃദുലത

ശബ്ദമെന്നതുപോലെ സ്പർശവും കണ്ണമ്മയുടെ അനുഭവലോകത്തെ സ്വാധീനിക്കുന്നു എന്നു കുട്ടി തിരിച്ചറിയട്ടെ.

ക്ലാസിൽ ചർച്ചചെയ്ത ആശയങ്ങൾ ഉൾപ്പെടുത്തി കഥയ്ക്ക് ഒരാസ്വാദനം തയാറാക്കട്ടെ. മികച്ച ആസ്വാദനങ്ങൾ പോർട്ഫോളിയോയിൽ സൂക്ഷിക്കാം.

**സൗന്ദര്യലഹരി, കുപ്പിവളകൾ എന്നീ രചനകളുടെ താരതമ്യം**

'സൗന്ദര്യലഹരി' എന്ന കവിതയും 'കുപ്പിവളകൾ' എന്ന കഥയും സൗന്ദര്യശാസ്ത്രസംബന്ധമായ ഒരു ലേഖനവുമാണ് ഈ യൂണിറ്റിലൂടെ പരിചയപ്പെട്ടത്. കഥയിലും കവിതയിലും പൊതുവിൽ കണ്ടെത്താവുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്നു പരിശോധിക്കാം.

- സർവേന്ദ്രിയങ്ങളിലൂടെയും ആസ്വദിക്കാവുന്ന പ്രകൃതിസൗന്ദര്യത്തിന്റെ ആവിഷ്കാരമാണ് 'സൗന്ദര്യലഹരി'.
- ശബ്ദത്തിന്റെയും സ്പർശത്തിന്റെയും ലോകത്തിൽ ഒതുങ്ങിനിൽക്കുന്ന മാനസികസൗന്ദര്യത്തിന്റെ ആവിഷ്കാരമാണ് 'കുപ്പിവളകൾ'.
- സുഖദുഃഖസമ്മിശ്രമായ പ്രാപഞ്ചികജീവിതത്തിന്റെ ഇരുളും വെളിച്ചവും ഇരുകൃതികളിലും ചർച്ചയ്ക്കു വരുന്നു.
- വെറുക്കപ്പെടുമായിരുന്ന ജീവിതത്തെ സഹനീയവും സമ്മോഹനവുമാക്കാൻ സൗന്ദര്യത്തിനു സാധിക്കും എന്ന നിരീക്ഷണം കവിതയിലുണ്ട്. ഇത് 'കുപ്പിവളകൾ' എന്ന കഥയ്ക്കും ബാധകമാണ്.
- മനസ്സിന്റെ ആഹ്ലാദമാണ് സൗന്ദര്യം. മനസ്സിനെ ആഹ്ലാദിപ്പിക്കുന്ന നന്മയെപ്പറ്റിയാണ് കഥ ചർച്ചചെയ്യുന്നത്. നന്മയും ആഹ്ലാദവും ജീവിതത്തെ കൂടുതൽ ആവേശം കൊള്ളിക്കുന്നു; ജീവിക്കൂ.. ജീവിക്കൂ എന്ന് ഉദ്ബോധിപ്പിക്കുന്നു. കവിതയിലെയും കഥയിലെയും തത്ത്വചിന്ത ജീവിതത്തിനു പ്രേര

ണാദായകമാണ്.

- ഇരുകൃതികളുടെയും രചനാശില്പം ഭാവതലത്തോടു പൊരുത്തപ്പെടുന്നുണ്ട്.
- ഭാവരൂപങ്ങളുടെ പാരസ്പര്യമാണ് സൗന്ദര്യം എന്ന ആശയത്തിന് ഇവ മികച്ച ദൃഷ്ടാന്തങ്ങളാണ്.
- ആഹ്ലാദാനുഭൂതിയാണ് സൗന്ദര്യം എന്നു മുണ്ടശ്ശേരി സമർഥിക്കുന്നു. ആഹ്ലാദം ജീവിതത്തിനു പുതുനാമ്പുകൾ സമ്മാനിക്കുമെന്ന് കവിതയും കഥയും സാക്ഷ്യപ്പെടുത്തുന്നു.
- ഉള്ളിണക്കമാണ് / ഭാവതന്മയീഭാവമാണ് ആഹ്ലാദത്തിനടിസ്ഥാനം എന്ന് മുണ്ടശ്ശേരി. മനുഷ്യജീവിതത്തിലെ ഉള്ളിണക്കം 'നന്മ'യാണെന്ന് കഥ വ്യാഖ്യാനിക്കുന്നു.

ചുരുക്കത്തിൽ, പ്രകൃതിയും മനുഷ്യനും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും ഉണ്ടാകുന്ന ഉള്ളിണക്കമാണ് ജീവിതത്തിന്റെ സൗന്ദര്യം എന്നു വിളിച്ചോതുന്ന രചനകളാണ് 'സൗന്ദര്യലഹരി'യും 'കുപ്പിവളകളും'.

6

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

## ആമുഖം

"ഒരു തുള്ളി വെള്ളം, ഒരു തുള്ളി സ്നേഹം
ഒരു തുള്ളി വെള്ളിവെളിച്ചമൊക്കെയും
ഉണങ്ങി, സ്വപ്നമായ്, കഥയായ് മാറുമ്പോൾ
ഉണർന്നവരാരോ വിളിച്ചുകൂവുന്നു:
ഒരു തുണ്ടു പച്ചത്തുരുത്തു കാണുന്നു-
ണ്ടൊരു മരമതിലുയർന്നു നിൽക്കുന്നു-
ണ്ടൊരു ശാഖ പച്ചയിലകൾ ചൂടുന്നു-
ണ്ടൊരു പൂ കണ്ണുകൾക്കമൃതമായുണ്ട്."
( അവസാനത്തെ അഭയം - മുല്ലനേഴി )

പ്രപഞ്ചം പുലരുന്നത് പരസ്പരാശ്രിതത്വത്തിലാണ്. മനുഷ്യന്റെ ഉപഭോഗ തൃഷ്ണ പ്രകൃതിക്ക് ഭീഷണിയാണെങ്കിലും അതിനെതിരെയുള്ള ചിന്തകളും ശക്തമാണ്. മുല്ലനേഴിയുടെ കവിതയിൽ അതിന്റെ സൂചനയുണ്ട്. പ്രകൃതിയും സംസ്കാരവും പ്രതിസന്ധികൾ നേരിടുന്നുണ്ട്. വാക്ക് പ്രകൃതിയും പ്രകൃതി വാക്കുമാകുന്ന ഉദാത്തപാരസ്പര്യത്തിലൂടെ; വാക്കിന്റെയും പ്രകൃതിയുടെയും ഉള്ളിൽ തുടിക്കുന്ന ആശയങ്ങളുടെ ബോധ്യത്തിലൂടെ ഈ പ്രതിസന്ധികളെ നേരിടാനാകണം. അത് സാഹിത്യത്തിന്റെ ധർമ്മമാണ്. പ്രകൃതിയും പ്രകൃതിയിലെ അനുഭവങ്ങളും മനുഷ്യജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ശ്രേഷ്ഠസന്ദർഭങ്ങളാണെന്ന് കുട്ടികൾ അറിയണം.

കൗമാരകാലഘട്ടത്തിൽത്തന്നെ ഇത്തരം ചിന്തകൾ കുട്ടികളിൽ രൂപപ്പെടണം. മൂല്യവത്തായ ഒരു ജീവിതം കെട്ടിപ്പടുക്കുന്നതിന് അതവരെ സഹായിക്കും. പരിസ്ഥിതി, സംസ്കാരം, സാഹിത്യം, ഭാഷ എന്നിവയ്ക്ക് അനുകൂലമായ ചിന്തകൾ വളർത്തുന്നതോടൊപ്പം കുട്ടികളിൽ പ്രത്യാശ നിറയ്ക്കാൻ സഹായിക്കുന്ന

രചനകളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

'പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ' എന്ന തലക്കെട്ട് എടുത്തുപറയേണ്ടതുണ്ട്. റഫീക്ക് അഹമ്മദിന്റെ 'അല്ലയോ മണ്ണിരേ' എന്ന കവിതയിൽ 'പൂക്കളൊക്കെയും വാക്കുകൾ' എന്ന പ്രയോഗമുണ്ട്:

"പൂത്ത മുല്ലതൻ സൗരഭം നീന്തും
കാറ്റവനൊരു പാട്ടുപോൽ തോന്നി
പൂക്കളൊക്കെയും വാക്കുകൾ, പായും
കാട്ടരുവി കളകള ഗാനം
രാത്രി നക്ഷത്ര വിസ്തൃതാകാശം
നീർത്തിവച്ചൊരു പുസ്തകമായി."

പൂത്ത മുല്ലതൻ സൗരഭം വഹിക്കുന്ന കാറ്റ് പാട്ടായി സങ്കൽപ്പിച്ചത് വളരെ ഉചിതമാണ്. പ്രകൃതി അതിന് പറയാനുള്ളത് പൂക്കളിലൂടെ പറയുന്നു. പ്രകൃതിയിലെ മനോഹാരിതയുടെ പ്രതീകങ്ങളാണ് പൂക്കൾ; വാക്കുകൾ മനുഷ്യരുടെ ആശയവിനിമയത്തിന്റെ ഉപാധികളും. വാക്കുകളിലാണ് ആശയവും കവിതയും നിലനിൽക്കുന്നത്. പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ എന്ന് പ്രയോഗിക്കുമ്പോൾ അതിൽ പ്രകൃതിക്ക് പറയാനുള്ളത്, സംസ്കാരത്തിന് പറയാനുള്ളത്, സാഹിത്യത്തിന് പറയാനുള്ളത് എന്നിങ്ങനെ വിപുലമായ അർഥസാധ്യതകൾ അടങ്ങിയിട്ടുണ്ട്. മനുഷ്യർക്ക് വാക്കെന്ന പോലെയാണ് പ്രകൃതിക്ക് പൂക്കൾ എന്നു പറയാം. അങ്ങനെ വാക്കും പൂവും സമാനമാകുന്നു. പ്രകൃതിയുടെ പ്രത്യാശകൂടിയാണ് പൂക്കൾ. പ്രകൃതിയുടെ നിശ്ശബ്ദപ്രതിരോധവും പൂക്കളിൽ കണ്ടെത്താവുന്നതാണ്.

പുഴയെ മാലിന്യമുക്തമാക്കാനായുള്ള മനുഷ്യന്റെ പ്രയത്നത്തെ പ്രകീർത്തിക്കുകയാണ് പ്രവേശകമായി നൽകിയിരിക്കുന്ന 'തെംസ്നദിയോട്' എന്ന കവിതയിൽ. പ്രകൃതിക്കുവേണ്ടി ചിന്തിക്കുകയും മണ്ണിനെയും ചെടികളെയും സ്നേഹിക്കുകയും ചെയ്യുന്ന ഇടത്തരക്കാരന്റെ കഥയാണ് സുസ്മേഷ് ചന്ത്രോത്തിന്റെ 'ഹരിതമോഹനം'. ആധുനിക നാഗരികജീവിതത്തിനിടയിലും പച്ചപ്പിനെയും മണ്ണിനെയും കൈവിടാത്ത മനുഷ്യന്റെ കരുതലിന്റെ കഥകൂടിയാണിത്. ആദിവാസിജീവിതത്തിന്റെ തനിമയും മലിനമാക്കപ്പെടാത്ത പ്രകൃതിയും തേടിപ്പോകുന്ന യാത്രികന്റെ അനുഭവമാണ് ആഷാമേനോന്റെ 'ഒറ്റയ്ക്കു പൂക്കുന്ന വാക' എന്ന യാത്രാവിവരണം. കടിഞ്ഞൂൽപ്പൂവു കാണുന്ന കുട്ടിയുടെ വികാരവിചാരങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും സർഗാത്മകതയുടെ സൗന്ദര്യവും മൗലികതയും വിളംബരം ചെയ്യുകയാണ് 'നാലിതൾപ്പൂവ്' എന്ന കവിതയിൽ ഇടശ്ശേരി. ഇന്ത്യൻ കാവ്യപാരമ്പര്യത്തിലേക്കും ഈ കവിത വിരൽചൂണ്ടുന്നു.

ഒരു തുണ്ട് പച്ചത്തുരുത്ത് കാണുന്നുവെന്ന് മുല്ലനേഴി പറയുന്നതിന് സമാനമാണ് ഹരിതമോഹനത്തിലെ നായകന്റെ ചിന്തകളും പ്രവർത്തനങ്ങളും. തെംസ്നദി ശുദ്ധീകരിക്കുന്നതിലും അരവിന്ദാക്ഷൻ മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുന്നതിലും പ്രകൃതിക്കു വേണ്ടിയുള്ള പ്രതിരോധം കാണാം. 'ഒറ്റയ്ക്കു പൂത്തൊരു വാക'യിൽ സമുന്തിരം എന്ന ഗോത്രമനുഷ്യൻ ആദിവാസിസംസ്കാരത്തിനു നേരെയുള്ള കടന്നുകയറ്റത്തെ പ്രതിരോധിക്കുന്നു. സർഗാത്മകതയെക്കുറിച്ചുള്ള വിമർശനത്തിനുള്ള മറുപടി എന്ന നിലയ്ക്കാണ് 'നാലിതൾപ്പൂവ്' ശ്രദ്ധേയമാവുന്നത്.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • സാഹിത്യകൃതികൾ വായിച്ചാസ്വദിച്ച് ലഘുനിരൂപണങ്ങൾ തയാറാക്കുന്നു.<br>• കഥ, സഞ്ചാരസാഹിത്യം, കവിത എന്നിവയുടെ സവിശേഷതകൾ പരിചയപ്പെട്ട് അവയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ പ്രയോജനപ്പെടുത്തി രചനകൾ നിർവഹിക്കുന്നു.<br>• ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സവിശേഷതകളും പരസ്പരബന്ധവും തിരിച്ചറിഞ്ഞ് വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ പ്രകടിപ്പിക്കുന്നു. | • ഹരിതമോഹനം | • പരിസ്ഥിതിദർശനം പ്രമേയമാവുന്ന നിരവധി കഥകളുണ്ട്.<br>• ഭാഷയെയും സംസ്കാരത്തെയും അടയാളപ്പെടുത്തുന്ന കഥകൾ മലയാളത്തിലുണ്ട്.<br>• ജീവിതം പ്രത്യാശാനിർഭരമാണ്.<br>• നഗരജീവിതത്തിന്റെ തിരക്കുകൾക്കിടയിലും മണ്ണിനോടും പ്രകൃതിയോടുമുള്ള ബന്ധം നിലനിർത്താൻ കഴിയും.<br>• മനസ്സിൽ നന്മയും ആർദ്രതയും സൂക്ഷിക്കുന്നവർക്ക് കുടുംബബന്ധങ്ങളെയും ഊഷ്മളമായി സംരക്ഷിക്കാം. | • വിശകലനക്കുറിപ്പ് തയാറാക്കൽ<br>• ലഘുനിരൂപണം | • വിശകലനക്കുറിപ്പ്<br>• ലഘുനിരൂപണം | **വിശകലനക്കുറിപ്പ്**<br>• വിശകലനശേഷി<br>• സ്വന്തം നിരീക്ഷണം<br>• യോജിച്ച ഭാഷ<br>**ലഘുനിരൂപണം**<br>• പ്രമേയം<br>• ആശയങ്ങൾ<br>• കഥാപാത്രസവിശേഷതകൾ<br>• സമകാലികപ്രസക്തി<br>• ആഖ്യാനശൈലി<br>• ഭാഷ<br>• സമാനകഥകൾ |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കഥ, സഞ്ചാരസാഹിത്യം, കവിത എന്നിവയുടെ സവിശേഷതകൾ പരിചയപ്പെട്ട് അവയിലെ ആശയങ്ങൾ , പ്രയോഗങ്ങൾ, ശൈലികൾ എന്നിവ പ്രയോജനപ്പെടുത്തി രചനകൾ നിർവഹിക്കുന്നു.<br>• ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സവിശേഷതകളും പരസ്പരബന്ധവും തിരിച്ചറിഞ്ഞ് വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നു.<br>• ക്രിയാപദങ്ങൾ തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന അർഥവ്യത്യാസം തിരിച്ചറിഞ്ഞ് പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | • ഒറ്റയ്ക്കു പൂത്തൊരു വാക | • സഞ്ചാരത്തിലൂടെ ഒരു സംസ്കാരത്തെ തിരിച്ചറിയാൻ കഴിയുന്നു.<br>• ഗോത്രജീവിതത്തിന്റെ സവിശേഷതകൾ അടുത്തറിയാൻ അവരുടെ ആവാസകേന്ദ്രത്തിലേക്കുള്ള യാത്രകൊണ്ട് സാധിക്കും.<br>• യാത്രകൾ പ്രകൃതിയെ അടുത്തറിയാൻ സഹായിക്കുന്നു.<br>• വായനക്കാർക്ക് യാത്രാനുഭവം പകരുന്ന വാങ്മയചിത്രങ്ങൾ സഞ്ചാരസാഹിത്യത്തെ അനുഭവവേദ്യമാക്കുന്നു.<br>• രണ്ടു ക്രിയകൾ തമ്മിൽ ചേരുമ്പോൾ വ്യത്യസ്തങ്ങളായ അർഥസാധ്യതകളുണ്ടാകുന്നു. | • താരതമ്യക്കുറിപ്പ് തയാറാക്കൽ<br>• ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ<br>• ഉപന്യാസം<br>• അനുപ്രയോഗത്തിന്റെ സവിശേഷത മനസ്സിലാക്കി പട്ടിക പൂർത്തിയാക്കൽ.<br>• വിഗ്രഹാർഥം കണ്ടെത്തൽ | • താരതമ്യക്കുറിപ്പ്<br>• കുറിപ്പ്<br>• ഉപന്യാസം<br>• പട്ടിക<br>• വിഗ്രഹാർഥം | **താരതമ്യക്കുറിപ്പ്**<br>• സാമ്യവ്യത്യാസങ്ങൾ<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ<br>**ഉപന്യാസം**<br>• തലക്കെട്ട്<br>• ആമുഖം<br>• ഉള്ളടക്കം<br>• നിഗമനങ്ങൾ<br>• സോദാഹരണമർഥനം<br>• ഭാഷ |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതയിലെ ആശയങ്ങൾ, കാവ്യഭംഗി എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു. | • നാലിതൾപ്പൂവ് | • കവികൾ പാരമ്പര്യത്തിൽനിന്ന് ഊർജം സ്വീകരിക്കാറുണ്ട്.<br>• പൂർവകൃതികളെ ഉപജീവിക്കുന്നതുകൊണ്ട് ഒരു കൃതിയുടെയും മൗലികത നഷ്ടമാവുന്നില്ല.<br>• സവിശേഷപ്രയോഗങ്ങൾ കവിതയ്ക്ക് ചമൽക്കാരഭംഗി നൽകുന്നു.<br>• ശബ്ദാലങ്കാരം കാവ്യാലാപനത്തിന് ശ്രവണസുഖം നൽകുന്നു. | • പ്രയോഗഭംഗി കണ്ടെത്തൽ<br>• പ്രതികരണക്കുറിപ്പ് തയാറാക്കൽ | • കുറിപ്പ്<br>• പ്രതികരണക്കുറിപ്പ് | **പ്രതികരണക്കുറിപ്പ്**<br>• സ്വാഭിപ്രായം<br>• ഭിന്നാഭിപ്രായങ്ങൾക്കുള്ള പരിഗണന<br>• അനുയോജ്യമായ ഭാഷ |
| • സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് നടത്തുന്ന സെമിനാറിൽ പങ്കെടുത്ത് ആശയങ്ങൾ അവതരിപ്പിക്കുന്നു. | | • സെമിനാർ സംഘാടനത്തിന് വിവിധ ഘട്ടങ്ങളുണ്ട്.<br>• ആശയസംവാദത്തിനുള്ള ഒരു വഴിയാണ് സെമിനാർ.<br>• പരിസ്ഥിതിയും സാഹിത്യവും തമ്മിൽ ബന്ധമുണ്ട്. | • സെമിനാർ | • സെമിനാർ | സെമിനാർ<br>• പരസ്യം<br>• നോട്ടീസ്<br>• ക്ഷണക്കത്ത്<br>• അവതരണം<br>• ക്രോഡീകരണം |

## പ്രവേശകപ്രവർത്തനം

സുഗതകുമാരിയുടെ 'തെംസ്നദിയോട്' എന്ന കവിതയുടെ ഒരു ഭാഗമാണ് പ്രവേശകം. കവിതയുടെ ആശയത്തിലേക്ക് കുട്ടികളെ എളുപ്പത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി പ്രകൃതിസംരക്ഷണത്തിനു വേണ്ടി കുട്ടികൾ നടത്തിയ പ്രവർത്തനങ്ങൾ അവർ അവതരിപ്പിക്കട്ടെ.

- മരം നടൽ
- പരിസ്ഥിതിപഠനയാത്രകൾ
- മാലിന്യനിർമ്മാർജനം
- മറ്റു പരിസ്ഥിതി ദിനാചരണപ്രവർത്തനങ്ങൾ
- 

ഇംഗ്ലണ്ടിലെ ലണ്ടൻ നഗരത്തിലൂടെ ഒഴുകുന്ന നദിയാണ് തെംസ്. വ്യവസായവിപ്ലവത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഫലമായി കാലക്രമേണ മലിനവും നിർജീവവുമായിക്കിടന്ന ഈ നദി, ഒരു തീവ്രയത്നപരിപാടിക്കു ശേഷം തെളിഞ്ഞൊഴുകുന്നുവെന്നും അതിലെ പ്രസിദ്ധങ്ങളായ അരയന്നങ്ങളും സാമൺ മത്സ്യങ്ങളും തിരിച്ചുവന്നിരിക്കുന്നുവെന്നുമുള്ള പത്രറിപ്പോർട്ട് വായിച്ചിട്ടാണ് 'തെംസ് നദിയോട്' എന്ന കവിത എഴുതിയതെന്ന് സുഗതകുമാരി ആമുഖമായി പറഞ്ഞിട്ടുണ്ട്. പരിസ്ഥിതിബോധമുള്ള ഒരാളുടെ ചിന്തയും പ്രയത്നവും ആയിരക്കണക്കിന് ആളുകളിലേക്കു പകർന്നപ്പോൾ ഉണ്ടായ മാറ്റം കവയിത്രിയെ ആഹ്ലാദിപ്പിക്കുന്നു. തെംസ്നദിയിലുണ്ടായ മാറ്റങ്ങൾ കവിതയിൽ എടുത്തുപറയുന്നുണ്ട്.

- നിർജീവവാരി കോരിക്കഴുകിയെടുത്തുപോൽ
- നദി ചിരിച്ചുകൊണ്ടൊഴുകുന്നു.
- അന്നങ്ങൾ വന്നിറങ്ങുന്നു.
- സാമൺ മത്സ്യങ്ങൾ നീന്തിത്തുടിക്കുന്നു.
- 

നദിയോട് അനുരാഗം കലർന്നവൻ തെംസിനെ കണ്ട് വേദനിച്ചു. അയാൾ പൊഴിച്ച രണ്ടുതുള്ളി ചുടുകണ്ണീർ പതിച്ചപ്പോൾ തെംസ് നദി പുഞ്ചിരിച്ചു. സ്നേഹത്തിന്റെ ചൂടുമുറ്റിയ ആ കണ്ണീർക്കണങ്ങളാണ് അവളെ പുഞ്ചിരിക്കാൻ പ്രേരിപ്പിച്ചത്. യാതനകൾക്ക് സാന്ത്വനമാകുന്നത് സ്നേഹമാണല്ലോ. അയാളുടെ ആ മൂകാനുരാഗത്തിൽനിന്ന് - രണ്ടു കൈകളിൽനിന്ന് - ആയിരമായിരം ധീരഹസ്തങ്ങളിലേക്ക് 'തെംസ്' ശുചീകരണം കൈമാറ്റപ്പെടുന്നു. ഇന്ന് തെംസ് ചിരിച്ചൊഴുകുകയാണ്.

ഇന്ത്യയിൽ നടക്കുന്ന പരിസ്ഥിതിനശീകരണത്തിന്റെയും പുഴകളുടെ മരണത്തിന്റെയും നടുവിൽനിന്നാണ് കവി ഈ കവിത എഴുതുന്നത്. തെംസ് നദിയുടെ ശുദ്ധീകരണം ഇന്ത്യയിലും ഒരു യത്നമായി, പുത്തനാശയമായി, സർഗചൈതന്യമായി വന്നെത്തണമെന്ന് കവി ആഗ്രഹിക്കുന്നു.

# ഹരിതമോഹനം

പരിസ്ഥിതി നേരിടുന്ന പ്രശ്നങ്ങൾ കേരളത്തിൽ വർഷങ്ങളായി ചർച്ചചെയ്യപ്പെടുന്നു. ഇതോടനുബന്ധിച്ച് അനേകം രചനകളും മലയാളസാഹിത്യത്തിലുണ്ടായി. അതിൽ കൂടുതലും പരിസ്ഥിതിനാശത്തെക്കുറിച്ചുള്ളവയാണ്. എന്നാൽ 2010ൽ പുറത്തുവന്ന 'ഹരിതമോഹനം' എന്ന കഥ വ്യത്യസ്തമാണ്. മനുഷ്യരിൽ പരിസ്ഥിതിബോധം ഒരു വികാരമായി രൂപപ്പെടുന്നുവെന്നും അതിനനുസൃതമായി ജീവിതത്തിൽ പ്രത്യാശയും നന്മയും ഉണ്ടാകുന്നുവെന്നും ഈ കഥ അടയാളപ്പെടുത്തുന്നു.

അരവിന്ദാക്ഷൻ ഫ്ളാറ്റിൽ ഒരു ചെടി വച്ചുപിടിപ്പിക്കുന്നു. അതിനായി കൊണ്ടുവന്ന മണ്ണ് ലിഫ്റ്റിൽ വീഴുന്നു. അതിനെപ്പറ്റി ചോദിക്കാൻ ഫ്ളാറ്റിന്റെ 'മുഖ്യനടത്തിപ്പുകാരൻ' രാജൻപിള്ള എത്തുന്നിടത്താണ് കഥ തുടങ്ങുന്നത്. പിന്നീട് ഫ്ളാറ്റിന്റെ നിയമങ്ങൾ തെറ്റിച്ചുകൊണ്ട് ചെമ്പകം തുടങ്ങി പല ചെടികളുടെയും തൈകൾ ഏതോ ഒരുൾപ്രേരണയാൽ അയാൾ വച്ചുപിടിപ്പിക്കുന്നു. രാജൻപിള്ള കാണാതെ ചെടികൾ എത്തിക്കാൻ അരവിന്ദാക്ഷൻ ശ്രദ്ധിക്കുന്നുണ്ട്. ചെടികൾ പരിപാലിക്കുന്നതിനിടയിൽ അയാൾ അടുത്ത ഫ്ളാറ്റിന്റെ ജനാലയിൽക്കൂടി ഒളിഞ്ഞുനോക്കുന്നുവെന്ന് പരാതി ഉണ്ടായി. ഏതു നല്ല പ്രവർത്തനത്തിനും പല പ്രതിബന്ധങ്ങളും നേരിടേണ്ടിവരുമെന്ന ലോകസത്യം ഇവിടെ കഥാകൃത്ത് സൂചിപ്പിക്കുന്നു.

കഥ പ്രത്യാശാനിർഭരമാകുന്നത് രണ്ടു സംഭവങ്ങളിലൂടെയാണ്. ഒന്ന്: അരവിന്ദാക്ഷന് ഭാര്യ സുമനയിൽനിന്ന് ലഭിക്കുന്ന പൂർണപിന്തുണ. മറ്റു ഫ്ളാറ്റുകാരുടെ പരാതി അന്വേഷിക്കാനെത്തുന്ന രാജൻപിള്ളയെ ഹെർബേറിയം കാണിച്ചുകൊടുത്തും വിശദീകരിച്ചും സുമന ശാന്തനാക്കുന്നത് ഉദാഹരണം. രണ്ട്: കഥയുടെ ഒടുക്കത്തിൽ അവിന്ദാക്ഷനും കുടുംബത്തിനും താങ്ങാവുന്ന വിലയ്ക്ക് ഒരു പ്ലോട്ട് ലഭിക്കുന്നു. ഈ കഥയിലെ ഒരു പ്രധാനകഥാപാത്രമായ രാജൻപിള്ള മുഖ്യസൂക്ഷിപ്പുകാരൻ എന്ന നിലയിൽ കർശനമായി ഇടപെടുന്നുവെങ്കിലും ഉള്ളിൽ നന്മയുള്ളയാളാണ്. കഥയുടെ ഒടുക്കത്തിൽ നന്മയുടെ പാലമായി രാജൻപിള്ള മാറുന്നുണ്ട്.

ആദ്യന്തം നാടകീയത നിറഞ്ഞുനിൽക്കുന്ന കഥയാണ് 'ഹരിതമോഹനം'. ലിഫ്റ്റിൽ എന്തോ വലിയ സംഭവമുണ്ടായി എന്നു തോന്നിപ്പിക്കുന്ന തുടക്കത്തിൽത്തന്നെ നാടകീയതയുണ്ട്. അത് മണ്ണായിരുന്നു എന്നു തിരിച്ചറിയുന്നിടത്ത് സമകാലിക പരിസ്ഥിതിപ്രശ്നങ്ങളും സാംസ്കാരികപ്രതിസന്ധികളും ഉയർന്നുവരുന്നു. അതുപോലെ അരവിന്ദാക്ഷൻ ഒളിഞ്ഞുനോക്കി എന്ന പരാതിയിലും പ്ലോട്ട് വാങ്ങുന്നതിലുമെല്ലാം നാടകീയത നിറഞ്ഞുനിൽക്കുന്നു.

**പഠനാവതരണം**

മൈക്കിൾ ജാക്സന്റെ 'എർത്ത് സോങ്' പോലുള്ള വീഡിയോ ആൽബങ്ങൾ കുട്ടികൾ കാണട്ടെ. നശിച്ചുകൊണ്ടിരിക്കുന്ന ഭൂമി, സംഗീതം കൊണ്ട് തളിരണിയുന്ന കാഴ്ച കുട്ടികളിൽ പരിസ്ഥിതിചിന്തകൾ ഉണർത്താൻ പര്യാപ്തമാണ്. പരിസ്ഥിതിപ്രധാനമായ വാർത്തകൾ, ലേഖനഭാഗങ്ങൾ എന്നിവകൂടി ഉപയോഗിക്കാം.

# പ്രവർത്തനവിശകലനം

## ❑ കാരണം കണ്ടെത്താം

മണ്ണിനെക്കുറിച്ച് മനുഷ്യന്റെ നിലവിലെ കാഴ്ചപ്പാട് എന്താണ്? ഈ ചോദ്യം എഴുതി പ്രദർശിപ്പിച്ച ശേഷം അതിനെക്കുറിച്ച് ചർച്ചചെയ്യട്ടെ.

- ♦ കൃഷിയിൽനിന്ന് അകലുന്ന പുതുതലമുറ.
- ♦ മണ്ണ് പറ്റുന്നത് വൃത്തികേടായി കരുതുന്നു.
- ♦ വീടിനു ചുറ്റും ടൈൽ ഇടുന്നത്.
- ♦ മണ്ണിൽ പണിയുന്നവന് പരിഗണനയില്ലായ്മ.
- ♦

**ഹെർബേറിയം**

പഠനാവശ്യത്തിനും മറ്റുമായി സസ്യങ്ങളും സസ്യഭാഗങ്ങളും ശാസ്ത്രീയമായി സംരക്ഷിച്ച് സൂക്ഷിക്കുന്നത് ഹെർബേറിയത്തിലാണ്.

കുട്ടികൾ പാഠഭാഗം വായിച്ചശേഷം താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയട്ടെ.

⇨ കഥ നടക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതയെന്ത്?

⇨ ജീവന്റെ വില എങ്ങനെ അവതരിപ്പിക്കുന്നു?

- ♦ ഫ്ളാറ്റ് സംസ്കാരമാണ് കഥയിലെ പശ്ചാത്തലം.
- ♦ ജീവികളെ കൊന്നുതിന്നുന്നത് വലിയ പ്രശ്നമല്ല. എന്നാൽ മണ്ണ് ലിഫ്റ്റിൽ കണ്ടത് വലിയ അപരാധമായി കാണുന്നു.

**ക്രോഡീകരണം**

☞ ആധുനിക നാഗരികജീവിതത്തിന്റെ പ്രശ്നങ്ങൾ കഥയിൽ കടന്നുവരുന്നു.

☞ അഹിംസയെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപീകരിക്കാൻ കഥ സഹായിക്കും.

☞ മനുഷ്യൻ ജീവന്റെ നിലനിൽപ്പിനാധാരമായ മണ്ണിനെ മോശമായി കരുതുന്നു.

## ❑ ചർച്ചചെയ്യാം

- കുട്ടികൾ കുടുംബത്തെക്കുറിച്ച് സംസാരിക്കട്ടെ.
  - കുടുംബബന്ധങ്ങളുടെ പ്രാധാന്യം.
  - കുടുംബബന്ധങ്ങളിൽ അമ്മമാരുടെ പ്രാധാന്യം.
- കഥയിലെ കുടുംബബന്ധം കുട്ടികൾ ചർച്ചചെയ്യട്ടെ.
  - അരവിന്ദനോട് രൂക്ഷമായി പെരുമാറിയതിന് രാജൻപിള്ളയെ ശകാരിക്കുമെന്നു പറയുന്ന സുമന.
  - ഇല്ലായ്മയുടെ നിരാശതകൾ പങ്കുവച്ചിട്ടുണ്ടെന്നല്ലാതെ സുമന ഒരിക്കലും അരവിന്ദനെ കുറ്റപ്പെടുത്തിയിട്ടില്ല.
  - അരവിന്ദൻ സ്ഥലം വാങ്ങുമെന്ന് സുമന വിശ്വസിക്കുന്നുണ്ട്.
  - അരവിന്ദനെതിരെ പരാതിയുമായി വന്ന രാജൻപിള്ളയെ സുമന ടെറസ്സിലെ ചെടികൾ കാണിച്ചുകൊടുക്കുന്ന ഭാഗം.
  - എക്കണോമിക്സ് പഠിച്ച സുമന പരിസ്ഥിതിയിൽ താൽപ്പര്യം കാണിച്ചത് എടുത്തുപറയാം.

**ക്രോഡീകരണം:** കഥയിൽ പ്രത്യാശ നിറയ്ക്കുന്ന പ്രധാന കാര്യം കുടുംബബന്ധങ്ങളുടെ ഊഷ്മളതയാണ്. അരവിന്ദന്റെ പ്രകൃതിസ്നേഹത്തെ മനസ്സിലാക്കുകയും പിന്താങ്ങുകയും ചെയ്യുന്ന സുമന ബന്ധങ്ങളെ വിളക്കിച്ചേർക്കുന്നു.

## ❑ കുറിപ്പ് തയാറാക്കാം

ഓരോ കഥാപാത്രത്തിന്റെയും ഭാഷ കുട്ടികൾ അപഗ്രഥിക്കട്ടെ. അതിലെ ഇംഗ്ലീഷിന്റെ സ്വാധീനം കണ്ടെത്തണം. സംസ്കാരത്തിന്റെ സൂചനകളുടെ അടിസ്ഥാനത്തിലും കുട്ടികൾ കഥ വിലയിരുത്തണം.

| | |
|---|---|
| ഭാഷ | ▷ *"നിങ്ങടെ ചിരി കാണാനല്ല മിസ്റ്റർ ഞാൻ വന്നത്. കംപ്ലയിന്റ് കിട്ടീട്ടാണ്."* - രാജൻപിള്ള<br>▷ *"ഇവിടെ വന്നിട്ട് ക്ലീനിങ്ങിലേക്ക് വിളിച്ചുപറയണമെന്ന് ഞാൻ കരുതിയതാ."* - അരവിന്ദൻ<br>▷ *"ഇതെവിടെ നടാനാ പ്ലാൻ?"* - സുമന<br>▷ *"ഷൈനാന്റിയാണോ അച്ഛന് പ്ലാന്റ് തന്നത്?"* - മക്കൾ<br>▷ |
| സംസ്കാരം | ▷ ഫ്ളാറ്റിലെ ആളുകൾക്ക് മണ്ണിനോടുള്ള മനോഭാവം.<br>▷ പ്രകൃതിയോടുള്ള രാജൻപിള്ളയുടെ മനോഭാവം.<br>☞ *അതിനു വല്ല മണിപ്ലാന്റും പോരേ? അതാവുമ്പോ വെള്ളം മതിയല്ലോ. അല്ലെങ്കി ഒറിജിനലിനെ വെല്ലുന്ന പ്ലാസ്റ്റിക് ചെടി കിട്ടും.*<br>▷ കുട്ടികൾക്ക് ചെടി കാണുമ്പോഴുള്ള അദ്ഭുതം.<br>▷ ഫ്ളാറ്റിലെ ആളുകളുടെ സംശയങ്ങൾ, പരാതികൾ<br>▷ കഥയുടെ അന്ത്യത്തിലെ പ്രത്യാശ. |

**ക്രോഡീകരണം**

- മുതിർന്നവരെക്കാൾ കുട്ടികൾ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിൽ പെട്ടിട്ടുണ്ട്.
- ആധുനിക കാലഘട്ടത്തിൽ എല്ലാവരും ഒരു പരിധി വരെ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിൽ പെട്ടിട്ടുണ്ട്.
- ആധുനികസംസ്കാരം മണ്ണിനും പ്രകൃതിക്കും വിലകൽപ്പിക്കുന്നില്ല.
- കുട്ടികൾ പ്രകൃതിയെ അറിഞ്ഞല്ല വളരുന്നത്.
- പുതിയ കാലത്ത് അയൽപക്കബന്ധങ്ങൾ ശക്തമല്ല. സംശയത്തോടെയാണ് പരസ്പരം വീക്ഷിക്കുന്നത്. കഥയിലെ പ്രധാനകഥാപാത്രമായ അരവിന്ദൻ വ്യത്യസ്തനാണ്.
- റിയൽ എസ്റ്റേറ്റുകാരുടെ വലയത്തിൽ പെടാതെ അരവിന്ദനും കുടുംബത്തിനും നന്മയ്ക്ക് പ്രതിഫലമെന്നോണം അദ്ദേഹം അർഹിക്കുന്ന ഭൂമി ലഭിക്കുന്നു. നമ്മുടെ സംസ്കാരത്തിന്റെ ഉറവകൾ വറ്റിയിട്ടില്ല എന്നു കാണാം.

## ❑ കഥാനിരൂപണം തയാറാക്കാം

കഥാനിരൂപണത്തിന്റെ ഘടകങ്ങൾ കുട്ടികൾ ചർച്ചയിലൂടെ കണ്ടെത്തി അവതരിപ്പിക്കട്ടെ. ഓരോ ഗ്രൂപ്പും ഓരോ ഘടകം പ്രത്യേകം കണ്ടെത്തി അവതരിപ്പിക്കട്ടെ.

**കഥാനിരൂപണം**

### ആശയങ്ങൾ

- ആധുനിക നാഗരികജീവിതത്തിന്റെ പ്രശ്നങ്ങൾ.
- പരിസ്ഥിതിദർശനം പ്രത്യാശാപരമായി അവതരിപ്പിക്കുന്നു.
- കുടുംബബന്ധങ്ങളുടെ കഥ.

### ആഖ്യാനരീതി

- ബോധധാരാരീതി കഥയുടെ തുടക്കത്തിലും മറ്റു സ്ഥലത്തും ഉപയോഗിച്ചു.
- അക്കമിട്ടു നിരത്തുന്ന രീതി ഉപയോഗിച്ചിട്ടുണ്ട് (ഫ്ളാറ്റിൽ കതകിൽ മുട്ടുന്ന വരെക്കുറിച്ച് വിവരിച്ചത് ഉദാഹരണം).
- കുട്ടികളുടെ വയസ്സ് ബ്രാക്കറ്റിൽ കൊടുത്തിട്ടുണ്ട്.
- ഒ.എൻ.വി. കുറുപ്പിന്റെ പാട്ടിന്റെ ശകലം ചേർത്തിട്ടുണ്ട്.
- കഥയുടെ അവസാനത്തെ 'ട്വിസ്റ്റ്' പ്രധാനമാണ്. അവിടെ കഥ പ്രത്യാശാനിർഭ രമാകുന്നു.

### സമകാലികപ്രസക്തി

ആധുനിക ഫ്ളാറ്റ്ജീവിതം, ഭാഷ, സംസ്കാരത്തിന്റെ മാറ്റം എന്നിവയ്ക്കിടയിലും ഈ കഥ മുന്നോട്ടു വയ്ക്കുന്ന നന്മകൾ.

### കഥാപാത്രങ്ങൾ

- അരവിന്ദൻ കഥയിലുടനീളം ഒരേ സ്വഭാവം പുലർത്തുന്നു.
- സുമന ഒരു വാശിക്കാരിയായി ആദ്യം തോന്നുമെങ്കിലും കുടുംബഭദ്രതയുടെ പ്രധാന കണ്ണിയാകുന്നു.
- ഒരു വില്ലനെപ്പോലെ ആദ്യഭാഗത്ത് അവതരിപ്പിച്ചിരിക്കുന്ന രാജൻപിള്ള കഥാ ഗതി മാറ്റുന്നു.

### ഭാഷ

- ലളിതമായ ഭാഷയാണ് കഥയിലുടനീളം കാണുന്നത്.
- വസ്തുനിഷ്ഠമായ വർണനകൾ.
- ഇംഗ്ലീഷിന്റെ സമകാലികസ്വാധീനം കഥയിൽനിന്നു മനസ്സിലാക്കാം.
- ..............................................................................................................................

### സമാനകഥകൾ

| | | |
|---|---|---|
| ഭൂമിയുടെ അവകാശികൾ | – | ബഷീർ |
| കൃഷിക്കാരൻ | – | തകഴി |
| മായാമയൻ | – | എൻ. പ്രഭാകരൻ |
| വെള്ളത്തിൽ മനുഷ്യൻ | – | അയ്മനം ജോൺ |
| നീരാളിയൻ | – | അംബികാസുതൻ മാങ്ങാട് |

## ഹരിതമോഹനം (പഠനം)

വ്യതിരിക്തവ്യക്തിത്വം പുലർത്തുന്ന ഒരു കഥയാണ് 'ഹരിതമോഹനം'. പ്രമേയത്തിലും പരിചരണത്തിലും 'ഹരിതമോഹനം' പേരു സൂചിപ്പിക്കുന്നതുപോലെ വേറിട്ടുനിൽക്കുന്നു. വിഷയം നൂതനമാകുന്നതനുസരിച്ചുള്ള ഭാഷയുടെ മാറുന്ന താളംതന്നെ നമുക്ക് തിരിച്ചറിയാനാകും. കേവലമായി ഈ കഥയെ ഹരിതകഥാവിഭാഗത്തിലേക്ക് വർഗീകരിച്ചു മാറ്റാൻ കഴിയില്ല. കൃത്യമായ ഒരു ഉപസർഗത്തിന്റെ ഘടനാപരവും ആശയപരവുമായ വ്യാകരണങ്ങളെ ഉല്ലംഘിക്കുന്ന സ്വഭാവം തുടക്കംമുതൽ ഇക്കഥ ജാഗരൂകമായി പുലർത്തുന്നു. കഥയിൽ വ്യാപരിച്ചുപരക്കുന്ന ഹരിതം, വാക്കുകളലൂടെ പകർന്നു ലഭിക്കുന്ന അപൂർവാനുഭൂതിയും ഇതിന്റെ സൂക്ഷ്മവായനയുടെ സദ്ഫലമാണ്. കോൺക്രീറ്റിന്റെ ദൃഢബന്ധങ്ങളായി, ആർദ്രതയും ഉർവരതയും വറ്റിപ്പോയ ആധുനികമനസ്സിൽ വല്ലപ്പോഴും ഒരു ഹരിതമുള പൊട്ടുന്നത് അസ്വാഭാവികമല്ല. ഗതകാലസ്മരണകളുടെ മണ്ണ്, എപ്പോഴെങ്കിലും ഒരാൾ ഒളിച്ചുകടത്തുകയും ചെയ്യും. മനസ്സിന്റെ ഊഷരമാകുന്ന ഏതു ടെറസ്സിലും അയാൾ നടുന്നത് ജലം നിറച്ച നാളിയിൽ വളരുന്ന മണിപ്ലാന്റാകാനും വഴിയില്ല. ഒരു തൈമരം തന്നെയാകുമത്. 'സൂര്യകാന്തിപ്പൂക്കൾക്ക് ചന്ദനനിറം ചാർത്തി വലുപ്പം കുറച്ച് ക്ലോണിങ് നടത്തിയ മട്ടിൽ ചിതറിക്കിടക്കുന്ന ഇലഞ്ഞിപ്പൂക്കളുടെ ചിത്രം' വാസനയോടെ നിറയുന്നത് അയാൾക്ക് സ്വപ്നം കാണാൻ കഴിയുന്നു. 'മണ്ണ് ഇച്ചീച്ചിയാ' എന്നു പഠിക്കുന്ന വരുംതലമുറയ്ക്കു മുന്നിൽ 'അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്?' എന്ന ജാഗ്രതയെ നേരിടാനാവാതെ വെറുതേ പുഞ്ചിരിക്കുമ്പോഴും നമുക്ക് ഇലഞ്ഞിപ്പൂക്കളുടെ സുഗന്ധം അതിലനുഭവിക്കാം. 'പൂ മതിക്കേണ്ടത് കായിൻപേരി'ലല്ലല്ലോ. മൂത്തമകൾ ചോദിക്കുന്നത് 'എവിടെയാ അച്ഛൻ സോയിൽ സൂക്ഷിച്ചിരിക്കുന്നത്' എന്നാണ്. മണ്ണ് എന്ന 'പച്ച'മലയാളം അവളെ കൈവിട്ടിരിക്കുന്നു. 'ട്രീ'യും പൂവും പേരിലൊന്നാണ് എന്ന ജൈവനിയമം നഷ്ടപ്പെടുന്ന തലമുറയ്ക്കു മുന്നിൽ അയാളുടെ സ്വപ്നങ്ങളിൽ നിറയെ കാനനനിഗൂഢതകളാകുന്നു. 'ഈ ഭൂമിയെ സംബന്ധിച്ച ചില ആലോചനകളിൽ ആണ്ടുകിടക്കുകയായിരുന്നു ഞാൻ. ഇന്ത്യക്കാരും ബ്രിട്ടീഷുകാരും അതിൽ ഒരിടത്തുമുണ്ടായിരുന്നില്ല. ഭൗമോപരിതലത്തിലെ മഹാജീവജാലങ്ങൾ മാത്രം' അഥവാ 'ഹരിതമോഹനം' തന്നെ ഒരു പാവം മനസ്സിന്റെ സ്വപ്നദർശനമല്ലെന്നു വരുമോ?

പത്തുവർഷമായി താമസിച്ചുവന്ന വീടിന്റെ താളക്രമം തെറ്റിക്കാൻ ഒരിലഞ്ഞിത്തൈക്ക് കഴിഞ്ഞു എന്നതിനപ്പുറം അതവരെ വലിയ ഹരിതസ്വപ്നത്തിലേക്ക് നയിക്കുകകൂടി ചെയ്യുന്നത് നമ്മുടെകൂടി അനുഭവമായി മാറുന്നു. 'നമ്മുടെ സ്വന്തം പറമ്പില് ഇവനെ ഞാനൊരിക്കൽ കുഴിച്ചുവെക്കും. നീയും മക്കളും വെള്ളം കോരും. ഇവൻ വലുതാകും.' ഇലഞ്ഞി വീടിന്റെ ഒരു ഭാഗവും അംഗവുമായി വളരുന്നത് നമുക്ക് കാണാം. കഥ അവസാനിക്കുന്നതും അതിലാണ്- യാഥാർഥ്യമോ സങ്കൽപ്പമോ ആകാം. 'ചെമ്പക പുഷ്പസുവാസിതയാമം' മൂളിക്കൊണ്ട് ഞാൻ കഴുത്തു പൊക്കി നോക്കി. ഏഴാം നിലയിൽനിന്ന് ഇലകൾ താഴോട്ടുനോക്കി തലയാട്ടുന്നു.' വലിയൊരു പ്രത്യാശയുണർത്തിയാണ് ഈ കഥ തീരുന്നത്. ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത ജീവിതത്തിന്റെ ഹരിതകാമനകൾ. മരങ്ങൾ വെട്ടിമുറിക്കാൻ കഴിയാത്ത, അതൊക്കെ സംരക്ഷിക്കുമെന്ന് ഉറപ്പുള്ള ചിലർക്ക് അവകാശപ്പെടാനുള്ളതാണ് ഈ മണ്ണ്.

ഒരു ചെമ്പകത്തൈയിലൂടെയാണ് സുമന-ഭാര്യ-യുടെ ഭംഗികൾ പോലും അയാളോർമ്മിക്കുന്നത്. നീണ്ട മുടി, അടുത്ത വർഷം പൂവിടുന്ന ചെമ്പകം, അത് ചൂടിക്കിടക്കുന്നവൾ, മകൾക്കും മുടി നീണ്ടതാണെന്ന കണ്ടെത്തൽ. കൂട്ടത്തിൽ അയാൾക്ക് ഒന്നു മൂളാൻ തോന്നിയ, ഒ.എൻ.വിയുടെ 'ചെമ്പകപുഷ്പ' എന്ന ഗാനവും. ഭൂമിയിലെ സമസ്ത സൗന്ദര്യങ്ങളും നിവർത്തിക്കാണിക്കാൻ കഴിയുന്നത് മണ്ണിൽ വിരിയുന്ന ഒരു പൂവിനാണെന്ന ദർശനം അസ്വസ്ഥമാം വിധം നഷ്ടപ്പെടുന്ന കമ്പോളത്തിനു നടുവിലെ ഹരിതസ്വപ്നമായി ഞാനിക്കഥയെ കാണുന്നു. സമീപകാലത്ത് മലയാളത്തിൽ പ്രത്യക്ഷപ്പെട്ട നല്ല കഥകളിലൊന്നായി ഇത് ഉയർന്നുനിൽക്കുന്നു.

**(സുസ്മേഷ് ചന്ത്രോത്തിന്റെ 'മരണവിദ്യാലയം' എന്ന കഥാസമാഹാരത്തിന്റെ അനുബന്ധം)**

# ഒറ്റയ്ക്കു പൂത്തൊരു വാക

'ഒറ്റയ്ക്കു പൂത്തൊരു വാക' ഒരു കൂട്ടായ്മയുടെ സഞ്ചാരത്തിന്റെ വിവരണമാണ്. ആഷാമേനോൻ, കവി ഡി. വിനയചന്ദ്രൻ തുടങ്ങിയവർ നടത്തിയ യാത്രയിലെ അനുഭവമാണിത്. വിദേശരാജ്യങ്ങളിലേക്കല്ല ഈ യാത്ര എന്ന പ്രത്യേകതയും ഇതിനുണ്ട്. വിദേശങ്ങളിലെ പ്രശസ്തമായ സ്ഥലങ്ങളെക്കുറിച്ച് നാം ആവേശപൂർവം പറയുമ്പോൾ അവയേക്കാൾ അനുഭവലോകം തുറന്നുതരുന്ന സ്ഥലങ്ങൾ നമ്മുടെ ചുറ്റുപാടുമുണ്ടെന്ന് ഈ യാത്രാവിവരണം നമ്മെ പഠിപ്പിക്കുന്നു. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ യഥാർഥജീവിതം അന്വേഷിച്ചുള്ള യാത്രകൂടിയാണിത്. അവരുടെ സംസ്കാരം അടുത്തറിയുക എന്നതാണ് ഈ യാത്രയുടെ ലക്ഷ്യം. എന്നാൽ യാത്രയ്ക്കു മുമ്പുള്ള സങ്കൽപ്പങ്ങളെല്ലാം തകർക്കുന്ന അനുഭവങ്ങളാണ് ആഷാമേനോന് ഉണ്ടായത്. പല കാരണങ്ങൾകൊണ്ട് അവിടെ ജീവിക്കേണ്ടി വന്ന നാട്ടിലെ ആളുകളുടെ വ്യാകുലതകൾ അവർക്ക് കേൾക്കേണ്ടി വന്നു.

പ്രകൃതിയുടെ സൗന്ദര്യം എന്നതോടൊപ്പം അതിന്റെ ഉൾത്തുടിപ്പുകൾകൂടി അറിയാൻ യാത്രയിൽ കഴിയണം. കാളിയപ്പൻ എന്ന വ്യക്തിയെക്കുറിച്ചുള്ള വിവരണം ശ്രദ്ധേയമാണ്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നവർക്ക് അവൾ വശംവദയാണ്. ആയിരം അടിവരുന്ന കയറ്റം കഴിഞ്ഞും കാളിയപ്പന്റെ ദൃഢപേശികൾ അവരെ ലജ്ജിപ്പിച്ചത് ഉദാഹരണം. കാടനുഭവം വാക്കുകളിലൂടെ ആവിഷ്കരിക്കാൻ പ്രയാസമാണ്. എന്നാൽ സവിശേഷമായ ഒരു ഭാഷയിലൂടെ ആഷാമേനോന് അതിന് ഒരു പരിധിവരെ കഴിയുന്നുണ്ട്. വിനയചന്ദ്രന്റെ കവിതയ്ക്ക് മറ്റേതു സദസ്സിൽ ചൊല്ലിയാലും സിദ്ധമാവാത്ത ഒരു മാനം കാട്ടിൽ കൈവരുന്നു എന്ന് പറഞ്ഞത് ഉദാഹരണം. കാടിന്റെ നിഗൂഢതയും മൗനസാന്ദ്രതയും കവിതയുടെ ഭാവഗാംഭീര്യത്തിന് കുടപിടിക്കുന്നതാവാം. കാടിന്റെ ഒഴുക്ക് പ്രവചനാതീതമാണ് എന്ന അനുഭവംകൂടി ഇതിനോട് ചേർത്തു വായിക്കാം.

ഇടമലക്കുടിയിലെത്തുന്ന സഞ്ചാരി കാണുന്നത് അവിടെയുള്ള പ്രകൃതിദൃശ്യങ്ങൾ മാത്രമല്ല. ആ കാഴ്ചകളും അനുഭവങ്ങളും സഞ്ചാരിക്ക് ഭാവനാത്മകവും വൈയക്തികവുമായ തിരിച്ചറിവുകളാണ് നൽകുന്നത്. ബാഹ്യേന്ദ്രിയങ്ങളായ കണ്ണുകൾക്കു പകരം അകക്കണ്ണാണ് ആഷാമേനോൻ എന്ന സഞ്ചാരിയിൽ പ്രവർത്തനനിരതമാകുന്നത്. സഞ്ചാരം, ഭൂപ്രദേശങ്ങളിലേക്കു മാത്രമല്ലെന്നും ജീവിതത്തിന്റെ വ്യത്യസ്ത അടരുകളിലേക്കും ചരാചരാത്മകപ്രകൃതിയുടെ വ്യാഖ്യാനിക്കാനാവാത്ത സൂക്ഷ്മഭാവങ്ങളിലേക്കും ആണ് എന്ന് ഈ പാഠഭാഗം ഓർമ്മിപ്പിക്കുന്നു. ഓരോ യാത്രയും സഞ്ചാരിയുടേതിൽനിന്നു വ്യത്യസ്തമായ സംസ്കാരങ്ങളിലേക്കു കൂടിയാണ്. ഇടമലക്കുടിയിലെ ജീവിതത്തിന്റെ ഭിന്നഭാവങ്ങൾ കാട്ടിത്തരുന്നതിലൂടെ ആഷാമേനോൻ വായനക്കാരനെ ആ നാടിന്റെ സംസ്കാരത്തിലേക്കുകൂടി നയിക്കുകയാണ്.

**പാഠാവതരണം**

ഇടമലക്കുടിയെക്കുറിച്ചുള്ള വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിച്ചുകൊണ്ട് കേരളത്തിന്റെ സവിശേഷമായ പ്രകൃതിയെക്കുറിച്ചും ആദിവാസി ജനവിഭാഗങ്ങളുടെ ജീവിതരീതിയെക്കുറിച്ചും ലഘുചർച്ച സംഘടിപ്പിക്കാം.

# പ്രവർത്തനവിശകലനം

## ❑ കഥാപാത്രത്തിന്റെ സവിശേഷത

നാട്ടിൽ വ്യത്യസ്ത സ്വഭാവം പ്രകടിപ്പിക്കുന്ന വ്യക്തികളെക്കുറിച്ചു കുട്ടികൾ പറയട്ടെ.

- ♦ വളരെ ആത്മാർഥമായി ജോലി ചെയ്യുന്നവർ.
- ♦ വസ്ത്രധാരണത്തിൽ വ്യത്യസ്തത പുലർത്തുന്നവർ.
- ♦ സാമൂഹികപ്രവർത്തകർ
- ♦ .......................................

സമുന്തിരത്തെ അവതരിപ്പിച്ചിരിക്കുന്നതിലെ സവിശേഷതകൾ കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

- ♦ ആ കാട്ടുമൂലയ്ക്ക് ഏറ്റവും അനുരൂപനായ ഒരൊറ്റ മനുഷ്യൻ.
- ♦ സമുന്തിരം എന്ന ചെല്ലപ്പേരുള്ള ഒരു പ്രാകൃതൻ.
- ♦ വഴിതെറ്റിപ്പോയ ഏതൊക്കെയോ പ്രയാണങ്ങളുടെ നീണ്ട ചാലുകൾ ആ ദ്രാവിഡമുഖത്തുണ്ടായിരുന്നു.
- ♦ കാട്ടിലൂടെയുള്ള സഞ്ചാരം ഭ്രമമാണ്.
- ♦ ചെന്നെത്താൻ ഒരിടമില്ലാത്തവർക്കു മാത്രം സ്വായത്തമാവുന്ന ലാഘവം.
- ♦ കവിത ചൊല്ലിത്തുടങ്ങിയപ്പോൾ തരളിതനായി.
- ♦ ചോദ്യം ചെയ്യാൻ മുതിരുന്നത്.
- ♦ യാത്രാസംഘം വെറുതെ കാട്ടിലേക്കിറങ്ങിയതാണെന്നത് അയാളുടെ ബോധ്യത്തിനു നിരന്നില്ല.

**ക്രോഡീകരണം**

പൊതുവെ വനമേഖലകളിൽ താമസിക്കുന്നവർ ഉൾവലിയുന്ന സ്വഭാവക്കാരായിരിക്കും. നാട്ടിൽനിന്നു പലതരത്തിലുള്ള ചൂഷണങ്ങൾക്കായി വരുന്നവരെ എതിർക്കാൻ അവർ ബോധപൂർവം ശ്രമിക്കാറില്ല. എന്നാൽ സമുന്തിരം വ്യത്യസ്തനാണ്. പരിഷ്കൃതനായ മനുഷ്യൻ നിയതമായ ലക്ഷ്യമില്ലാതെ കാട്ടിലെത്തില്ലെന്ന് അനുഭവങ്ങൾ അയാളെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ വിനയചന്ദ്രന്റെ കവിത അയാളെ സ്വാധീനിക്കുന്നു. കാട്ടിലെ പാട്ടുകാരൻ നാട്ടിലെ കവിയെ തിരിച്ചറിയുന്നു. സ്വന്തം നാടിനെക്കുറിച്ച് കരുതലും നന്മയുമുള്ള വ്യക്തിയാണ് സമുന്തിരം.

## ❑ വാങ്മയചിത്രം

വാങ്മയചിത്രം എന്ത് എന്ന് ഉദാഹരണത്തിലൂടെ കുട്ടികളിൽ ധാരണയുണ്ടാക്കണം. അതിനു ശേഷം പാഠഭാഗത്തെ വാങ്മയചിത്രങ്ങൾ എല്ലാം കണ്ടെത്തട്ടെ. ഓരോ ഗ്രൂപ്പും സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കട്ടെ. ഗ്രൂപ്പുകൾ താഴെ കൊടുത്തിരിക്കുന്ന ഓരോ ഭാഗം തിരഞ്ഞെടുക്കട്ടെ.

- ♦ കാളിയപ്പനെക്കുറിച്ചുള്ള വിവരണം.
- ♦ സമുന്തരത്തിന്റെ അവതരണം.

- ♦ വിനയചന്ദ്രന്റെ കവിതചൊല്ലൽ
- ♦ വാകയെക്കുറിച്ചുള്ള വിവരണം
- ♦ കാടിനെക്കുറിച്ചുള്ള വിവരണം

നേരിട്ടോ ഭാവനയിലൂടെയോ തനിക്കുണ്ടായ ദൃശ്യാനുഭവത്തെ ഒരാൾ അന്യർക്ക് അതേ പടി അനുഭവപ്പെടും വിധം ഉചിതമായ ഭാഷയിലൂടെ ആവിഷ്കരിക്കുന്നതിനെ വാങ്മയ ചിത്രം എന്നു പറയാം.

ഉദാഹരണം:

*തിരശ്ശീല താണു. കളിവിളക്കിന്റെ എരിഞ്ഞുപടരുന്ന നാളങ്ങൾ . ചുണ്ടപ്പൂവിന്റെ ശോണിമ പുരണ്ട കണ്ണുകൾ നാളങ്ങളിൽ ഉരുകി. ക്രൗര്യത്തിന്റെ ഗർജനം മുഴങ്ങി. കൃഷ്ണൻ യവനനെ കണ്ടു. ദ്വന്ദ്വയുദ്ധത്തിനു തയാറായി വന്ന യവനനിൽനിന്ന് ഒഴിഞ്ഞുമാറാനിച്ഛിക്കുന്നപോലെ കൃഷ്ണൻ മുന്നോട്ടു നടന്നു. തൊട്ടുപിന്നാലെ യവനൻ വാളും പരിചയുമിളക്കിക്കൊണ്ട്. കൃഷ്ണന്റെ മുഖം യവനന് കണ്ടുകൂടാ. മറച്ചുപിടിച്ചിരിക്കുകയാണ്. പിന്നാമ്പുറത്തുനിന്ന് കൃഷ്ണന്റെ തലമുടി ഘ്രാണിച്ചു. ദേവഗന്ധമേറ്റ അസുരനെപ്പോലെ യവനൻ മൂക്ക് വിടർത്തിപ്പിടിച്ചു. മൂക്ക് വിടർത്തിയപ്പോൾ താടിയും മീശയും കണ്ണും ഒരുപോലെ വിറച്ചുതള്ളി.*

(കീർത്തിമുദ്ര - ഉണ്ണികൃഷ്ണൻ പുതൂർ)

കൃഷ്ണനാട്ടം നടക്കുന്നതാണ് സന്ദർഭം. അതു കാണുന്ന ഒരാളെപ്പോലെ കഥാകൃത്ത് വിവരിച്ചിരിക്കുന്നു. തിരശ്ശീല താണതുമുതൽ കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. കണ്ണുകൾ, ഗർജനം, യവനൻ കൃഷ്ണന്റെ പിറകെ ചെല്ലുന്നത് എല്ലാം ക്രമത്തിൽ വിവരിച്ചിരിക്കുന്നു. ചുണ്ടപ്പൂവിന്റെ ശോണിമ പുരണ്ട കണ്ണുകൾ നാളങ്ങളിൽ ഉരുകി എന്ന പ്രയോഗം വാങ്മയചിത്രത്തിന് ഭംഗി കൂട്ടുന്നു.

## ❑ ശീർഷകത്തിന്റെ ഔചിത്യം

സമുന്തിരത്തെക്കുറിച്ചും വാകയെക്കുറിച്ചും ആദ്യത്തെ രണ്ടു പ്രവർത്തനങ്ങളിലൂടെ കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞു. അതിനെ പാഠഭാഗത്തിന്റെ തലക്കെട്ടുമായി ബന്ധിപ്പിച്ച് മനസ്സിലാക്കുകയേ വേണ്ടൂ. കുട്ടികൾ ഈ മൂന്നു കാര്യങ്ങളും പരസ്പരം തട്ടിച്ചുനോക്കി നിഗമനങ്ങളിലെത്തട്ടെ. കണ്ടെത്തിയ നിഗമനങ്ങൾ പൊതുവായി അവതരിപ്പിക്കുകയും പരസ്പരവിലയിരുത്തലിലൂടെ മെച്ചപ്പെടുത്തുകയും ചെയ്യട്ടെ.

സൂചനകൾ:

* സമുന്തിരം: വേറിട്ട ചിന്തകളും പ്രവർത്തനങ്ങളുംകൊണ്ട് ശ്രദ്ധിക്കപ്പെടുന്ന കഥാപാത്രം.
* വാകയുടെ വിവരണം: പൂക്കൾ ജ്വാലകളെപ്പോലെ തോന്നിക്കുന്നതുകൊണ്ട് കാട്ടിൽ സവിശേഷമായ ശ്രദ്ധ കിട്ടുന്ന മരം.
* ഇടമലക്കുടിയുടെ വ്യതിരിക്തത.
* ഒറ്റയ്ക്കു പൂത്തൊരു വാക: ഒരു മരവും ഒറ്റയ്ക്കു പൂക്കാറില്ല. അത് വ്യത്യസ്തമായ

അനുഭവമാണ്. ഇടമലക്കുടി എന്ന മലയോരഗോത്രഗ്രാമത്തിലേക്കുള്ള യാത്രയിലാണ് ഈ അനുഭവമുണ്ടാകുന്നത്. കേരളത്തിലെ ഏക പട്ടികവർഗ പഞ്ചായത്താണ് ഇടമലക്കുടി. തികച്ചും വ്യത്യസ്തമായ പ്രകൃതിയും ജീവിതവും ഇവിടെ ക്കാണാം. സമുന്തിരത്തിന്റെ പ്രവർത്തനങ്ങൾ വ്യത്യസ്തമാണ്. അതുപോലെ രൂപം കൊണ്ട് വാകയും. അതിനാൽ 'ഒറ്റയ്ക്കു പൂത്തൊരു വാക' എന്ന ശീർഷകം ഉചിതമാണ്.

## ❑ കുറിപ്പ് തയാറാക്കാം

സച്ചിദാനന്ദന്റെ കവിതാഭാഗത്തുള്ള ആശയം മനസ്സിലാക്കുകയാണ് കുട്ടികൾ ആദ്യ പടിയായി ചെയ്യേണ്ടത്. തുടർന്ന് അത് പാഠഭാഗവുമായി എപ്രകാരം ബന്ധപ്പെടുന്നു എന്നു കണ്ടെത്തണം. കവിതയുടെ അപഗ്രഥനം വ്യക്തിപരമായി നടത്തി ക്ലാസിൽ അവതരിപ്പിക്കാം. അതിനു ശേഷം ഗ്രൂപ്പുകളായി കവിതയുടെ ആശയം വരുന്ന പാഠഭാഗം ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കാം.

'വെള്ളം സ്വർഗത്തിലെ മഞ്ഞ്' എന്നു പറഞ്ഞിരിക്കുന്നത് മഹത്തായ കവിഭാവനയാണ്. കാരണവന്മാരുടെ പ്രാർഥനയിലലിഞ്ഞ് അത് ഭൂമിയിൽ വിരിഞ്ഞിറങ്ങി എന്നത് പുതുതലമുറയ്ക്കുവേണ്ടി കരുതിവയ്ക്കുന്ന ശീലത്തെ കാണിക്കുന്നു. 'ഉറവകളുടെ സൂര്യകാന്തി' മറ്റൊരു സവിശേഷപ്രയോഗമാണ്. ഭാഷയുടെ ആസ്വാദന - പ്രയോഗശേഷികളെ അത് അടയാളപ്പെടുത്തുന്നു. ഭാഷ യഥാർഥത്തിൽ അമൃത് തന്നെയാണ്. മാതൃഭാഷയെ ജലമായും അമൃതായും മുൻതലമുറയുടെ കരുതിവയ്പായും അവതരിപ്പിക്കുന്നത് ഉചിതമാണ്. മാതൃഭാഷയിലൂടെ പകരുന്ന സംസ്കാരത്തെയും കവിത സൂചിപ്പിക്കുന്നു. താഴെ പറയുന്ന പാഠഭാഗം ഇതിനോട് ബന്ധപ്പെടുത്താവുന്നതാണ്.

"മനുഷ്യന്റെ പാദസ്പർശമേറ്റിട്ട് വളരെ നാളായ വനഭൂമി തന്നെയായിരുന്നു അവിടം. ചിരഞ്ജീവികളെപ്പോലെ തോന്നിച്ച വൃക്ഷങ്ങൾക്കു ചുവടെ സൂര്യവെളിച്ചം ഇറ്റിറ്റിയാണ് വീണത്. പരിക്കേൽക്കാത്ത ഒരു ആവാസവ്യൂഹത്തിന്റെ ഗന്ധം മനസ്സിലേക്ക് പരന്നു. വൃക്ഷസാന്ദ്രമായ ആ കാടകം എന്തൊക്കെയോ മന്ത്രിക്കുന്നതുപോലെ."

- ജലമാണ് മനുഷ്യന്റെ നിലനിൽപ്പിനാധാരം. 'ഒറ്റയ്ക്കു പൂത്തൊരു വാക'യിലും സച്ചിദാനന്ദന്റെ കവിതയിലും പ്രകൃതിയും ജലവും തൊട്ടറിയുന്ന സാന്നിധ്യമാകുന്നു. 'സൂര്യവെളിച്ചം ഇറ്റിറ്റുവീഴുന്നു' എന്ന, ആഷാമേനോന്റെ പ്രയോഗവും 'സ്വർഗത്തിലെ മഞ്ഞ് ഉറവകളുടെ സൂര്യകാന്തികളായി' എന്ന സച്ചിദാനന്ദന്റെ പ്രയോഗവും ഒരേ കാവ്യചൈതന്യത്തിന്റെ വ്യത്യസ്തമായ ആവിഷ്കാരങ്ങളാണ്.
- പ്രകൃതിക്കും ഭാഷയുണ്ടെന്ന് ആഷാമേനോൻ സൂചിപ്പിക്കുന്നു. ആ അമൃത് അരുവികളായി മാതൃഭാഷയായി അതിലൂടെ വെളിച്ചവും വിളവും നേടി തലമുറകളോട് സംസാരിച്ചതായി സച്ചിദാനന്ദൻ സാക്ഷ്യപ്പെടുത്തുന്നു. പ്രകൃതിക്ക് ജലം എത്രമേൽ അത്യന്താപേക്ഷിതമാണോ, അത്രമേൽ മനുഷ്യന് ഭാഷയും പ്രധാനപ്പെട്ടതാണ്. മനുഷ്യന്റെ നിലനിൽപ്പ് സാധ്യമാവുന്നത് ഭാഷയിലൂടെയാണ്. അവന് അകത്തേക്കും പുറത്തേക്കുമുള്ള വാതിലാണത്.

## ❑ ഉപന്യാസം

സംസ്കാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ചർച്ചയിലൂടെ കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ. ഓരോ ഗ്രൂപ്പും ആ ഘടകങ്ങളുടെ പാഠം അപഗ്രഥിച്ച് അവതരിപ്പിക്കട്ടെ. അതിനു ശേഷം എല്ലാവരും വ്യക്തിപരമായി ഉപന്യാസം എഴുതട്ടെ. അധ്യാപികയുടെ നേതൃത്വത്തിൽ എഡിറ്റിങ് നടത്താം. പാഠത്തിന്റെ അനുബന്ധവും ആമുഖവും ഉപയോഗപ്പെടുത്തുമല്ലോ.

**ഉപന്യാസരചനയിൽ ഏർപ്പെടുമ്പോൾ**

- എഴുതുന്ന വിഷയത്തിന്റെ വ്യാപ്തി നിശ്ചയിക്കണം. (മേഖലകൾ, സമയം, വലുപ്പം)
- വിഷയത്തെ നന്നായി മനസ്സിലാക്കണം.
  - വിഷയനിർവചനം
  - ഓരോ ഘടകവും യുക്തിപൂർവം വിശകലനം ചെയ്യൽ
- പറയുന്നതിന്റെ മുൻഗണനാക്രമം നിശ്ചയിക്കണം.
- തലക്കെട്ട്
- ആരംഭത്തിൽ വിഷയാവതരണം. (ആമുഖം)
  - വിഷയത്തിന്റെ സാധ്യതകൾ
  - തിരഞ്ഞെടുത്തതിന്റെ ഔചിത്യം
  - സമീപനം, ഉള്ളടക്കം
- സ്വന്തം നിരീക്ഷണം
- ഉചിതമായ ഭാഷ
- ഉപസംഹാരം

### സംസ്കാരം

**തൊഴിൽ**

അരിച്ചാക്കും ചുമന്ന് ഞങ്ങളെ കടന്നുപോയ തൊഴിലാളികളുടെ ദ്രുതഗതി...

ആ മെയ്‌വഴക്കം നാഗരികന് അപ്രാപ്യമാണല്ലോ.

**ഭക്ഷണം**

വിശന്നുചെന്ന ഞങ്ങൾക്ക് ചോറും ഉരുളക്കിഴങ്ങ് വേവിച്ചതും ഉള്ളിച്ചമ്മന്തിയും തയാറാക്കിത്തന്നു.

ശുദ്ധമായ ആ കനിയുടെ സ്വാദ് ഒന്ന് കടിച്ചപ്പോൾത്തന്നെ തിരിച്ചറിഞ്ഞു.

**പ്രകൃതി**

ഇരവികുളം വനപ്രദേശത്തിന്റെ വൈവിധ്യം മുഴുവൻ അവിടെ ഞങ്ങൾക്ക് അനുഭവപ്പെട്ടോ എന്നു നിശ്ചയമില്ല.

**ഭാഷ**

മുറിഞ്ഞുപോയ പല്ലവികളിലൂടെ അയാൾ എന്തൊക്കെയോ പകർന്നുതരാൻ ശ്രമിച്ചിരിക്കണം; 'തിരുക്കുറളി'ലെ മുറിഞ്ഞ ശീലുകൾ.

**ആചാരാനുഷ്ഠാനങ്ങൾ**

ആധുനികസമൂഹത്തിന് നഷ്ടപ്പെട്ടുപോകുന്ന തപ്പുതാളങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചും കാട്ടിനകത്തെ ഊരുകളെയും മൂപ്പന്മാരെയും കുറിച്ചും ആരോ എന്നോടു പറഞ്ഞിരുന്നു.

**ജീവിതരീതി**

കാട്ടിലെ മഴ എന്തുമാത്രം ഭീതിദമെന്ന് അനുഭവിച്ചറിയേണ്ടതുണ്ട്, നാം നാഗരികർക്ക്. ആ ദിവസങ്ങളിൽ രാജമലയിൽനിന്ന് ഇടമലക്കുടിയിലേക്ക് ഗതാഗതംതന്നെയുണ്ടായില്ല.

## ❑ പട്ടിക പൂർത്തിയാക്കാം

ഒരു ക്രിയയുടെ അർഥം പരിഷ്കരിക്കുന്നതിനായി ചില ധാതുക്കൾ ക്രിയയോടൊപ്പം ചേർക്കാറുണ്ട്. മറന്നു എന്ന ക്രിയയ്ക്ക് അതിന്റെ നിയതാർഥം നിലനിൽക്കെത്തന്നെ മറന്നുപോയി എന്നു പ്രയോഗിക്കുമ്പോൾ അപ്രതീക്ഷിതം എന്ന വിവക്ഷാഭേദം കൈവരുന്നു. ഇത്തരം പദങ്ങൾ രണ്ടു പാഠത്തിൽനിന്നും കുട്ടികൾ കണ്ടെത്തട്ടെ. അത്തരം പദങ്ങൾ രണ്ടായി പിരിക്കുമ്പോൾ പോയി, കളഞ്ഞു, കൊള്ളാം, ഉണ്ട് എന്നിങ്ങനെയുള്ള ഉത്തരപദങ്ങൾ സാധാരണ ലഭിക്കും. അതുപോലെത്തന്നെ പോയി, വരുന്നു എന്നീ പദങ്ങൾ പലതിനോട് ചേരുമ്പോൾ പല വിവക്ഷകൾ കിട്ടും. അതു മനസ്സിലാക്കുന്നതിനായി കുട്ടികൾ അവ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കട്ടെ.

| | | | |
|---|---|---|---|
| കുടുങ്ങി | പോയി | കുടുങ്ങിപ്പോയി | എന്റെ കൈ വാതിലിൽ കുടുങ്ങിപ്പോയി. |
| കഴിഞ്ഞു | പോയി | കഴിഞ്ഞുപോയി | അപേക്ഷ അയക്കാനുള്ള സമയം കഴിഞ്ഞു പോയി. |
| മറന്നു | പോയി | മറന്നുപോയി | സിനിമാനടനെ കണ്ട സന്തോഷത്തിൽ മറ്റെല്ലാം മറന്നുപോയി. |
| കിളിർത്തു | വരുന്നു | കിളിർത്തുവരുന്നു | മരം കിളിർത്തുവരുന്നു. |

### അനുപ്രയോഗങ്ങൾ

സ്വയം അർഥപ്രകാശനശേഷിയുള്ള ഭാഷാഘടകങ്ങളാണല്ലോ പദങ്ങൾ. പദവിഭാഗങ്ങളിൽ ഒരു പ്രധാന ഇനമായ ക്രിയകൾക്കും നിശ്ചിത അർഥങ്ങളുണ്ട്. കേവലമായ ഈ അർഥത്തിനുപരി ഇവയിൽ ചില വിവക്ഷാഭേദങ്ങൾ സൃഷ്ടിക്കാനും കഴിയും. 'മറന്നു' എന്ന ക്രിയയ്ക്ക്, അതിന്റെ നിയതാർഥം നിലനിൽക്കെത്തന്നെ 'മറന്നുപോയി' എന്ന് പ്രയോഗിക്കുമ്പോൾ അപ്രതീക്ഷിതത്വമെന്ന വിവക്ഷാഭേദം കൈവരുന്നുണ്ട്. ഇവിടെ ക്രിയയോടൊപ്പം ചേർക്കപ്പെടുന്നത് പ്രത്യയങ്ങൾ അല്ല, ധാതുക്കൾ തന്നെയാണ്. ഒരു ധാതുവിനെ സഹായിക്കുന്നതിനായി അതിന്റെ പിന്നാലെ ചേർക്കുന്ന ധാതുവിന് അനുപ്രയോഗം എന്നു പറയുന്നു. ഭാഷയിലെ അനുപ്രയോഗങ്ങൾ പ്രാക്പ്രയോഗധാതുവിന്റെ അർഥത്തെ പരിഷ്കരിക്കുന്നു; അർഥഭേദം (വ്യത്യാസം) വരുത്തുന്നില്ല. 'അനു' എന്ന ഉപസർഗത്തിന് പിന്നാലെ, കൂടെ എന്നീ അർഥങ്ങളാണുള്ളത്. ക്രിയയുടെ പിന്നാലെ / കൂടെ പ്രയോഗിക്കുന്നതുകൊണ്ട് 'അനുപ്രയോഗം എന്ന പേരു യുക്തം തന്നെ. അനുപ്രയോഗങ്ങൾ ഒരർഥത്തിൽ സഹായക്രിയകൾ തന്നെയാണ്.

'പോയി' എന്ന ധാതുവിനെ അനുപ്രയോഗമായി ചേർക്കുമ്പോഴുണ്ടാകുന്ന ചില വിവക്ഷാഭേദങ്ങൾ നോക്കുക:

| | |
|---|---|
| ആഭരണം വീണുപോയി. | (കളഞ്ഞതിൽ നൈരാശ്യം). |
| ഞാനതു പറഞ്ഞുപോയി. | (മനപ്പൂർവമല്ലാതെ പറഞ്ഞു). |
| ആളു മിടുക്കനായിപ്പോയി. | (മാറ്റത്തിൽ സംതൃപ്തി). |
| എന്നിട്ടും ഞാനതറിഞ്ഞുപോയി. | (തന്റെ കഴിവിലുള്ള അഭിമാനം). |

കൂടുതൽ ഉദാഹരണങ്ങൾ:

- → ചേട്ടൻ ഉത്തരം പറഞ്ഞുതന്നു.
- → അവൻ ആ രഹസ്യം പറഞ്ഞുകളഞ്ഞു.
- → അത് ഞാൻ പറഞ്ഞുകൊള്ളാം.

'കാല'വുമായി ബന്ധപ്പെട്ട അനുപ്രയോഗങ്ങൾ:

→ അവൻ പറഞ്ഞിരിക്കും.

→ അവൻ പറഞ്ഞിട്ടുണ്ട്.

→ അവൻ പറയുന്നുണ്ട്.

→ അവൻ പറഞ്ഞുകൊണ്ടിരിക്കുന്നു.

→ അവൻ പറയുമായിരിക്കും.

→ അവൻ അങ്ങനെ പറഞ്ഞുപോരുന്നു.

→ അവൻ പറഞ്ഞേക്കും.

→ അവൻ പറയുമായിരുന്നു.

→ ..........................................................................................

## ❑ വിഗ്രഹിച്ചെഴുതുക

വനചത്വരം - വനത്തിലെ ചത്വരം

തപ്പുതാളങ്ങൾ - തപ്പും താളവും

മുകളിൽ പറഞ്ഞിരിക്കുന്ന രണ്ടു പദങ്ങൾ ബോർഡിൽ എഴുതുക. അതിന്റെ പ്രത്യേകതകൾ ചർച്ചചെയ്യുന്നതിലൂടെ സമാസങ്ങളെക്കുറിച്ച് ഒരു ധാരണ കുട്ടിയിൽ രൂപപ്പെടട്ടെ. കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തട്ടെ.

കാട്ടുവഴി - കാട്ടിലെ വഴി

മൃഗവാസം - മൃഗങ്ങളുടെ വാസം

മടക്കയാത്ര - മടങ്ങിവരുന്ന യാത്ര

## അധികവിവരങ്ങൾ

**ഡി. വിനയചന്ദ്രൻ (ജീവിതകാലം)**

പടിഞ്ഞാറെക്കല്ലട കോയിക്കൽ ഭാഗം കൊട്ടാരത്തിൽ ജനനം. വിവിധ ഗവൺമെന്റ് കോളേജുകളിലും മഹാത്മാഗാന്ധി സർവകലാശാലയിലും അധ്യാപകനായിരുന്നു. പതിനെട്ടു കവിതാസമാഹാരങ്ങളും നാല് നോവലുകളും എഴുതി. പത്തു വിവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, ഫൊക്കാന അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**വിരാട്പുരുഷസങ്കൽപ്പം**

→ ബ്രഹ്മാവ് പ്രപഞ്ചസൃഷ്ടിക്കായി തന്നിൽനിന്നുതന്നെ സൃഷ്ടിച്ച പുരുഷചൈതന്യം.

→ കേവലചൈതന്യമായ ബ്രഹ്മത്തിൽനിന്ന് ഉണ്ടായതും സർവവ്യാപിയും ഭൗതികപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു നിദാനമായി വർത്തിക്കുന്നതുമായ ശക്തി.

→ എല്ലാ മൂർത്തവസ്തുക്കളിലും അന്തർഭവിച്ചിരിക്കുന്ന പരമമായ ചൈതന്യം.

**താൻസെൻ (1506 – 1589)**

ഹിന്ദുസ്ഥാനിസംഗീതത്തിലും പേർഷ്യൻ സംഗീതത്തിലും അഗാധജ്ഞാനമുണ്ടായിരുന്ന

താൻസെൻ അക്ബർ ചക്രവർത്തിയുടെ ആസ്ഥാനഗായകനായിരുന്നു. അദ്ദേഹം രൂപം നൽകിയ രാഗങ്ങളാണ് മിയാൻ കി തോഡി, മിയാൻ കി മൽഹാർ, ദർബാരി കാനഡ എന്നിവ. ധ്രുപദ് എന്ന ഹിന്ദുസ്ഥാനിസംഗീതരൂപത്തിന് ജനപ്രീതി നേടിക്കൊടുക്കുന്നതിൽ താൻസെൻ മുഖ്യ പങ്കുവഹിച്ചു. ഗണേശസ്തോത്രം, സംഗീതധാര, രാഗമാല മുതലായ സംഗീതശാസ്ത്രഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. സ്വദേശം ഗ്വാളിയോർ. താൻസെൻ എന്നത് സ്ഥാനപ്പേരാണ്. ശരിയായ പേര് അലിഖാൻ. സംഗീതരംഗത്ത് ആസ്വാദനഗരിമ കിട്ടുന്ന പലതരത്തിലുള്ള സംഗീതമാസ്മരികപ്രവർത്തനങ്ങൾ ഇദ്ദേഹം ചെയ്തതായി വിശ്വസിക്കപ്പെടുന്നു.

**ഇടമലക്കുടി**

കേരളത്തിലെ ഏക പട്ടികവർഗ പഞ്ചായത്താണ് ഇടുക്കി ജില്ലയിൽപ്പെട്ട ഇടമലക്കുടി. ഗോത്രവിഭാഗത്തിൽപ്പെട്ട മുതുവാന്മാരാണ് ഇവിടത്തെ പ്രധാന വാസക്കാർ. പ്രകൃതിരമണീയമായ ഈ ഗ്രാമം കേരളത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നാണ്. മഴക്കാടുകളാലും പുൽമേടുകളാലും സമ്പന്നമായ ഈ കാനനഗ്രാമം കാലാവസ്ഥയുടെ വൈവിധ്യം കൊണ്ടും ശ്രദ്ധേയമാണ്. നൂറുമീറ്റർ ഉയരത്തിൽനിന്നു പതിക്കുന്ന പത്തോളം വെള്ളച്ചാട്ടങ്ങളുണ്ട് ഈ ഗ്രാമത്തിൽ. പരിഷ്കൃതലോകത്തിന്റെ വികസനസങ്കല്പത്തിൽനിന്നകന്നു കഴിയുന്ന ഒരു ജനതയെയാണ് ഇന്നും ഇവിടെ കാണാൻ കഴിയുക. എന്നാൽ  കാടിന്റെ സൗന്ദര്യവും വന്യതയും ഗോത്രസംസ്കൃതിയുടെ വിശുദ്ധിയും ഈ മലമടക്കുകളിൽ തെളിഞ്ഞുകാണാം.

മറയൂർ, ചിന്നാർ, മൂന്നാർ, മാങ്കുളം, മലയാറ്റൂർ, വാൽപ്പാറ (തമിഴ്നാട്) റിസർവ് വനങ്ങൾക്കു നടുവിൽ സ്ഥിതിചെയ്യുന്ന ഈ വനത്തിനുള്ളിൽനിന്നു സമീപത്തെ പ്രധാന ടൗണുകളായ തമിഴ്നാട്ടിലെ വാൽപ്പാറ, മൂന്നാർ, അടിമാലി എന്നിവിടങ്ങളിലേക്കുള്ള വാഹനത്തിൽ കയറാൻ പതിനഞ്ചും ഇരുപതും കിലോമീറ്റർ കാനനപാതയിലൂടെ നടക്കേണ്ടതുണ്ട്.

കാടിനോടും പ്രകൃതിയോടും ഇണങ്ങിജീവിക്കുന്ന ഒരു ജനസമൂഹത്തെയാണ് ഇടമലക്കുടിയിൽ നമുക്ക് കാണാൻ കഴിയുക. തനതായ ഭാഷയും വേഷവും ആചാരരീതികളും കലാരൂപങ്ങളും അകമ്പടിവാദ്യങ്ങളും ഉള്ളവരാണവർ. പ്രകൃതിക്കിണങ്ങുന്ന കൃഷിരീതികളാണ് അവർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ആധുനികകാലത്തിന്റെ ചില പരിഷ്കാരങ്ങൾ ഇടമലക്കുടിയെ ബാധിച്ചുതുടങ്ങിയിട്ടുണ്ട്. ഗോത്രസമൂഹത്തിന്റെ സ്വൈരജീവിതത്തിന് ഭംഗം വരാതെ, അവരുടെ സംസ്കൃതിക്ക് സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്.

**ഉൽപത്തിക്കഥ :** ഏകദേശം നാനൂറിൽപ്പരം വർഷങ്ങൾക്കു മുമ്പ് മധുരാദേശവാസികളായിരുന്നു മുതുവാന്മാർ എന്നു വിശ്വസിക്കപ്പെടുന്നു. എഴുതപ്പെട്ടിട്ടില്ലാത്തതും വരുംതലമുറയ്ക്ക് എത്തിപ്പെടാൻ സാധ്യതയില്ലാത്തതുമായ മുതുവാൻ സമുദായത്തിന്റെ ഉത്ഭവ ഐതിഹ്യം പ്രായംചെന്നവരുടെ മനസ്സുകളിൽ ഒളിമങ്ങാതെ കിടക്കുന്നു. കേൾക്കുമ്പോൾ കെട്ടുകഥകളാണെന്നു തോന്നാമെങ്കിലും ഇവ വെറുംകഥകളല്ല, മുതുവാൻ സമുദായത്തിന്റെ മുൻതലമുറക്കാർ അനുഭവിച്ചതും പരമ്പരയായി കൈമാറിപ്പോന്നിരുന്നതുമായ ചരിത്രവസ്തുതകളാണിതെന്ന് മുതുവാന്മാർ അവകാശപ്പെടുന്നു.

കണ്ണകിയാകുന്ന മീനാക്ഷിയമ്മയ്ക്ക് കോപമുണ്ടാക്കുന്ന തരത്തിൽ ക്രൂരമായ ഭരണം നടത്തിപ്പോന്ന പാണ്ഡ്യരാജാവിന്റെ കൊട്ടാരവാസികളായിരുന്നുപോലും മുതുവാന്മാർ (അമ്പലവാസികളായിരുന്നെന്നും പറയപ്പെടുന്നു). പാണ്ഡ്യകിങ്കരന്മാർ കോവലനെ വധിച്ച വാർത്ത കേട്ട് കോപാകുലയായ കണ്ണകി കാലിൽക്കിടന്ന ചിലമ്പൂരിയെറിഞ്ഞു. ആ കോപാഗ്നി മധുരാപുരിയെ ആകമാനം വിഴുങ്ങിത്തുടങ്ങിയപ്പോൾ അവിടെനിന്നു പ്രാണരക്ഷാർഥം ഓടിപ്പോന്നതാണുപോലും ഇവരുടെ മുതുമുത്തച്ഛൻമാർ. കൈയിൽക്കിട്ടിയതെല്ലാം വാരിയെടുത്ത് വൃദ്ധരും കുട്ടികളുമടങ്ങുന്ന ഒരു സംഘമാളുകൾ. ഇതിൽ നായ്ക്കനും പള്ളനും പറയനും തേവനും തുടങ്ങി നാനാജാതി മതസ്ഥരും ഉണ്ടായിരുന്നുപോലും.

കൈയിൽക്കിട്ടിയതെല്ലാം വാരിയെടുത്ത കൂട്ടത്തിൽ അന്നദാതാവും ഭക്തവത്സലയുമായ മീനാക്ഷിയമ്മയുടെ കനകവിഗ്രഹവും കൂടി എടുത്തുകൊണ്ടാണ് കാടുകയറിയത്. വിഗ്രഹം ഏറെ ഭാരമുള്ളതായിരുന്നു. അതുകൊണ്ടുതന്നെ വിഗ്രഹം ചുമന്നുകൊണ്ടുള്ള യാത്ര ഏറെ ശ്രമകരവുമായിരുന്നു. പോരാത്തതിന് ഭക്ഷണമില്ലാത്ത യാത്രയും. ചുമക്കാൻ വയ്യാതായ ഒരു അവസരത്തിൽ ഒരുപായം തോന്നുകയാൽ വിഗ്രഹത്തെ ഒരു വസ്ത്രത്തിൽ പൊതിഞ്ഞ് മുതുകത്തു പൂണ്ടുകൊണ്ടായിരുന്നു പിന്നീടുള്ള ബോഡിമെട്ട് മലകയറ്റം. മലകയറിത്തീർന്നപ്പോൾ സാക്ഷാൽ മീനാക്ഷിയമ്മ ഇവർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തു: "എന്റെ വിഗ്രഹം മുതുകിൽ കെട്ടി ബോഡിമെട്ട് പതിനെട്ടാംപടി ചവിട്ടിയ നീയും നിന്റെ പരമ്പരയും ഇന്നുമുതൽ മുതുവാൻ എന്ന നാമത്തിൽ അറിയപ്പെടും." അന്നുമുതൽ നാനാജാതികൾ ചേർന്ന ഈ സമൂഹം മുതുവാൻ എന്ന നാമത്തിൽ അറിയപ്പെടാൻ തുടങ്ങി.

**വിവാഹം :** പ്രത്യേക വിവാഹച്ചടങ്ങുകൾ ഉണ്ട് ഇടമലക്കുടിക്കാർക്ക്. വധുവിനെ അവളുടെ കൂട്ടാളികളായിട്ടുള്ള തോഴിമാർ ചേർന്ന് അണിയിച്ചൊരുക്കി വനത്തിനുള്ളിൽ ഒളിപ്പിച്ചിരിക്കുകയാണ്. വരനും അവന്റെ തോഴിമക്കാരും ചേർന്ന് അവളെ തേടി കണ്ടുപിടിക്കണം. എങ്കിലേ കല്യാണം നടക്കൂ.

**ഗ്രാമപ്പഞ്ചായത്ത് :** മൂന്നാർ പഞ്ചായത്തിന്റെ ഒരു വാർഡ് മാത്രമായിരുന്ന ഇരുപത്തിയെട്ടു കുടികൾ അടങ്ങുന്ന ഇടമലക്കുടി വനമേഖല ഒരു പഞ്ചായത്തായി രൂപാന്തരപ്പെട്ടു. പതിമ്മൂന്നു വാർഡുകളിലായി തിരഞ്ഞെടുക്കപ്പെട്ട ഇടമലക്കുടി പഞ്ചായത്തിന്റെ പതിമ്മൂന്നു ജനപ്രതിനിധികളും മുതുവാൻ ആദിവാസി വിഭാഗത്തിൽനിന്നുള്ളവർതന്നെ. വാക്കമാരും കുടിതലൈവർമാരും ഭരണം നടത്തിപ്പോന്നിരുന്ന കാനനദേശത്ത് ഭരണം കുടിതലൈവർമാരിൽനിന്ന് പഞ്ചായത്ത് പ്രസിഡന്റിലേക്ക് എത്തിച്ചേർന്നു.

**(അവലംബം - ഇടമലക്കുടി: ഊരും പൊരുളും - പി.കെ മുരളീധരൻ)**

## സഞ്ചാരസാഹിത്യം

സഞ്ചാരതൃഷ്ണയുടെ സാഫല്യവും സാഹിത്യവാസനയും സമ്മേളിക്കുമ്പോൾ സഞ്ചാരസാഹിത്യം പിറവിയെടുക്കുന്നു. വസ്തുതാപരമായ സത്യസന്ധതയും സഹൃദയത്വവും സഞ്ചാരസാഹിത്യത്തെ മികവുറ്റതാക്കുന്നു. ഉത്തമസഞ്ചാരസാഹിത്യത്തിലൂടെ വായനക്കാരൻ ഒരു സഹയാത്രയാണ് നടത്തുന്നത്. സഞ്ചാരസാഹിത്യവിഭാഗത്തിൽ മലയാളത്തിലുണ്ടായ ആദ്യകൃതി പാറേമ്മാക്കൽ തോമാകത്തനാരുടെ 'വർത്തമാനപുസ്തക'മാണ്. അതിനുശേഷം ഈ വിഭാഗത്തിൽ ധാരാളം കൃതികൾ രചിക്കപ്പെട്ടു.

മലയാളസഞ്ചാരസാഹിത്യത്തിലെ അതുല്യപ്രതിഭയായ എസ്.കെ. പൊറ്റെക്കാട്ട് യാത്രയ്ക്കുവേണ്ടി യാത്രചെയ്ത് കണ്ടതും മനസ്സിലാക്കിയതുമായ കാര്യങ്ങൾ ശരിയായ രീതിയിൽ അപഗ്രഥിച്ച് കൃത്യമായ വിവരണം തയാറാക്കി. താൻ സഞ്ചരിച്ച നാടുകളിലേക്ക് അനുവാചകനെ കൂട്ടിക്കൊണ്ടുപോകാനദ്ദേഹത്തിന് കഴിഞ്ഞു. വൈവിധ്യമാർന്ന പ്രകൃതിയും സമൂഹവും സംസ്കാരവും എസ്.കെയുടെ കൃതികളിൽ നിറഞ്ഞുനിൽക്കുന്നു. ബാലിദ്വീപ്, കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽ ഡയറി തുടങ്ങിയവ അതിനുദാഹരണങ്ങളാണ്.

ഇന്ത്യക്കകത്തുതന്നെ ആചാരാനുഷ്ഠാനങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന ഗ്രാമങ്ങളിലേക്ക് നടത്തിയ യാത്രാവിവരണങ്ങൾ ഏറെയുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള ഗോത്രജീവിതപശ്ചാത്തലങ്ങൾ പല യാത്രാനുഭവങ്ങളിലും കാണാൻ കഴിയും. കെ. പാനൂരിന്റെ 'കേരളത്തിലെ ആഫ്രിക്ക', 'മലകൾ താഴ്വരകൾ മനുഷ്യർ', 'ഹാ നക്സൽബാരി' എന്നിവ കൂടാതെ നെട്ടൂർ പി. ദാമോദരന്റെ 'ആദിവാസിയുടെ കേരളം', അമ്പാട്ടു സുകുമാരൻ നായരുടെ 'ആദിവാസികളുടെ നാട്ടിൽ', ജോയി തിരുമൂലത്തിന്റെ 'ഇടമലക്കുടിയിലെ മുതുവാന്മാർ', രവീന്ദ്രന്റെ 'ദിഗാരുവിലെ ആനകൾ', 'അകലങ്ങളിലെ മനുഷ്യർ' എന്നിവ ഉദാഹരണങ്ങളാണ്.

സഞ്ചാരസാഹിത്യത്തിലെ വേറിട്ട ശബ്ദത്തിനുടമയാണ് ആഷാമേനോൻ.

# നാലിതൾപ്പൂവ്

കവിതയെക്കുറിച്ചുള്ള കവിതയാണ് ഇടശ്ശേരിയുടെ 'നാലിതൾപ്പൂവ്'. നല്ല കവിത രചിക്കാൻ നല്ല കവിക്കേ കഴിയൂ. അനുകരണങ്ങൾ കാലത്തെ അതിജീവിക്കാറില്ല. നല്ല സൃഷ്ടികൾ വിമർശനങ്ങളെ അതിജീവിച്ചു മുന്നോട്ടുപോകും. ഈ ഒരു പശ്ചാത്തലത്തിൽ വേണം 'നാലിതൾപ്പൂവ്' വായിക്കാൻ.

ഒരു കവിത രചിക്കുന്ന പ്രക്രിയയെ ഒരു പനിനീർച്ചെടി നട്ടുവളർത്തുന്നതുമായി ചേർത്തു പറഞ്ഞുകൊണ്ടാണ് 'നാലിതൾപ്പൂവ്' തുടങ്ങുന്നത്. ആ ചെടിയിലെ കന്നിമൊട്ടിലുൾച്ചേർന്ന ചാരുരഹസ്യം ആർക്കുമറിയില്ല; അതു നട്ട കുട്ടനു മാത്രമേ അതറിയൂ. പേടിയും ഹർഷവും ഇത്തിരി ധാർഷ്ട്യവും കൂടിക്കലർന്നോരിടയിളക്കം എന്നു പറഞ്ഞിരിക്കുന്നത് കവിത രചിക്കുന്ന ഘട്ടത്തിൽ അനുഭവിക്കുന്ന സങ്കീർണതകളെയാണ്.

നിരൂപകരുടെ സ്വഭാവം കവി എടുത്തുപറയുന്നുണ്ട്. പൂവ് നന്ന്. എന്നാൽ ആക്ഷേപിച്ചാലല്ലേ നിരൂപകർ യോഗ്യരാവൂ. ആ പൂവിൽ അവർ ചോരണം കണ്ടെത്തി. പല പ്രശസ്തകൃതികൾക്കു പിന്നിലും അനുകരണം കണ്ടെത്താനുള്ള നിരൂപകശ്രമങ്ങൾ ഇതിനോടു ചേർത്തുവായിക്കണം. ഇടശ്ശേരിയിലെ കവി ഇതിനു മറുപടി കണ്ടെത്തുന്നുണ്ട്. രാമായണം എന്ന ഇതിഹാസത്തെ ഉപജീവിച്ചാണ് അദ്ദേഹമതിനു മുതിരുന്നത്. ലോകാതിശായിയാം സൗന്ദര്യമോലുന്ന നാലിതൾപ്പൂ വിരിയിച്ചത് ഒരു കാട്ടാളനാണ്. പ്രതിഭയുള്ളവൻ എവിടെ എന്തുചെയ്താലും പിൽക്കാലത്ത് ചരിത്രമാകും. അഭ്യാസം എന്നും അഭ്യാസം മാത്രമായി ഒതുങ്ങിപ്പോകും. രാമായണം നാലക്ഷരവാചിയാണ്. നാലിതൾപ്പൂവ് എന്നതിലെ നാല് അതിനെ പ്രതീകവൽക്കരിക്കുന്നു.

**പാഠാവതരണം**

ക്രിയാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾ അവരുടെ അനുഭവം ക്ലാസിൽ പൊതുവായി പങ്കുവയ്ക്കട്ടെ. മറ്റുള്ളവരുടെ പ്രോത്സാഹനവും സഹായവും എങ്ങനെ ഗുണകരമാവുന്നു എന്ന് അവർ പറയട്ടെ.

- കഥ, കവിത, ചിത്രരചന എന്നിവയിൽ ഏർപ്പെടുന്നവർ.
- പാട്ടുപാടുന്നവർ
- അഭിനയിക്കുന്നവർ
- കൃഷിചെയ്യുന്നവർ
- പ്രവൃത്തിപരിചയമേള, ശാസ്ത്രമേള തുടങ്ങിയ മേഖലകളിൽ വിജയം വരിച്ചവർ.
- സർഗാത്മകമായ വിനോദങ്ങളിൽ ഏർപ്പെടുന്നവർ.

വിവിധ മേഖലകളിൽ തിളങ്ങിനിൽക്കുന്നവരെ അനുമോദിക്കുന്നതിനായി ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. അതിനുശേഷം കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കട്ടെ.

# പ്രവർത്തനവിശകലനം

## ❑ ഈണം കണ്ടെത്താം

കഴിഞ്ഞ ക്ലാസുകളിൽ പഠിച്ച വേണുഗാനം, മാണിക്യവീണ, പുതുവർഷം, വേദം എന്നിവയുടെ ഭാഗങ്ങൾ കുട്ടികൾ അവതരിപ്പിക്കട്ടെ. അതിനുശേഷം 'നാലിതൾപ്പൂവ്' എന്ന കവിതയുടെ ഈണം കണ്ടെത്തുകയും ഏറ്റവും ഉചിതമായ ഈണത്തിൽ സംഘമായി അവതരിപ്പിക്കുകയും ചെയ്യട്ടെ.

- രാഗങ്ങളോരോന്നേ ഗോകുലനായകൻ
  മേളം കലർന്നങ്ങു പാടുന്നേരം (കൃഷ്ണഗാഥ)
- വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
  നന്ദിനിയായി വളർന്ന ഭാഷേ (മാണിക്യവീണ)
- അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-
  മില്ലാതിരുന്നൊരാപ്പോയ കാലം (പുതുവർഷം)
- ഉമ്മ വിളമ്പിയ ചോറിനു മുൻപിൽ ഞാൻ
  ചുമ്മാ മുഖം കറുപ്പിച്ചിരുന്നു (വേദം)

ഭാവം
പങ്കാളിത്തം
അക്ഷരശുദ്ധി
താളം

## ❑ വിവരിക്കാം

കുട്ടികൾ ഗ്രൂപ്പുകളായി കവിത ആഴത്തിൽ വായിക്കട്ടെ. ശേഷം ചോദ്യങ്ങൾ തയാറാക്കി പരസ്പരം ചോദിക്കുകയും ഉത്തരങ്ങൾ കണ്ടുപിടിക്കുകയും ചെയ്യട്ടെ.

- ഇളംകമ്പുകൾ മൊട്ടണിഞ്ഞത് എങ്ങനെയാണ്?
- ആദ്യത്തെ പൂവ് വിരിഞ്ഞതിനെ എങ്ങനെയാണ് കവി വിശേഷിപ്പിക്കുന്നത്?
- ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ കുട്ടനുണ്ടായ അനുഭവം എന്താണ്?
- പൂവ് വിരിഞ്ഞപ്പോൾ പ്രകൃതിക്കുണ്ടായ മാറ്റം കവി എങ്ങനെ അവതരിപ്പിക്കുന്നു?
- ആയിരം പൂക്കൾ വിരിയുക എന്ന പ്രയോഗത്തിന്റെ ഭംഗി വിവരിക്കുക.
- കുട്ടനെ മറ്റൊരു പൂവായി വിശേഷിപ്പിച്ചതിന്റെ ഔചിത്യം എന്താണ്?
- 'തോട്ടക്കാരൻ' എന്ന കഥാപാത്രത്തെ പരാമർശിച്ചത് എന്തിനായിരിക്കാം?

ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് സ്വന്തമായി കവിത ആസ്വദിക്കാനുള്ള അവസരമുണ്ടാകും. ആവശ്യമായ സന്ദർഭങ്ങളിൽ അധ്യാപികയുടെ സഹായവും ഉണ്ടാവണം. കവിതയുടെ ആശയത്തോടൊപ്പം പ്രയോഗഭംഗി, ചമൽക്കാരങ്ങൾ എന്നിവകൂടി വിശകലനം ചെയ്യാനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തുക.

## ❑ പ്രയോഗഭംഗി കണ്ടെത്താം

1. *"ആദ്യത്തെ മൊട്ടിന്നു ചുണ്ടു ചോന്നി,ല്ലവ-*
   *ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ."*

ചോദ്യങ്ങളിലൂടെ പ്രയോഗഭംഗി വിശകലനം ചെയ്യുന്നു.

→ ആരുടെ ചുണ്ട് ചുവക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്?
→ ആരുടെ ഉള്ളിലാണ് പൂക്കൾ വിരിയുന്നത്?
→ 'മൊട്ടിന്റെ ചുണ്ട് ചുവക്കുക' എന്നതിലൂടെ അർഥമാക്കുന്നത് എന്താവാം?
→ കുട്ടന്റെ ഉള്ളിലെ സന്തോഷം കവി ആവിഷ്കരിക്കുന്നത് എങ്ങനെ?

താൻ നട്ടുനനച്ച പനിനീർച്ചെടിയിൽ ആദ്യത്തെ മൊട്ട് വിരിയാനൊരുങ്ങുമ്പോൾ കുട്ടന്റെ മനസ്സിലുണ്ടായ ആഹ്ലാദം ആവിഷ്കരിക്കുന്ന വരികളാണിത്. പനിനീർച്ചെടിയിൽ മൊട്ടാണ് വിരിയുന്നതെങ്കിൽ കുട്ടന്റെയുള്ളിൽ സന്തോഷത്തിന്റെ ആയിരം പൂക്കളാണ് വിരിയുന്നത്. ഏറെ ആകാംക്ഷയോടെയാണ് അവൻ ആ മൊട്ടിനെ കാത്തിരുന്നത്. അതുകൊണ്ടാണ് മൊട്ടിന്റെ ചുണ്ട് ചുവക്കുന്നതിനു മുൻപായി അവനിൽ ആഹ്ലാദമുണ്ടാകുന്നത്. 'ചുണ്ടു ചുവക്കുക' എന്ന പ്രയോഗത്തിലൂടെ മൊട്ടിന് മാനുഷികഭാവം നൽകുന്നുണ്ട് കവി.

2. *"പുഞ്ചിരി പെയ്തുപെയ്തഞ്ചിതമാടിടും*
*പിഞ്ചലരിൻ തുടുപ്പൂങ്കവിളിൽ."*

കാവ്യഭാഗം വായിച്ചതിനു ശേഷം പൂവിന്റെ സവിശേഷതകൾ ചോദ്യങ്ങളിലൂടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

→ എന്തൊക്കെ സവിശേഷതകളാണ് പൂവിനുള്ളത്?

(പുഞ്ചിരി പെയ്യുന്നു, ആടുന്നു, തുടിപ്പുള്ള കവിൾ)

ഇവ കുട്ടികൾ വ്യാഖ്യാനിക്കട്ടെ. ഇതോടൊപ്പം വരികളിലെ ശബ്ദഭംഗിയും കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം.

തന്നെ പരിഹസിച്ചവരെ നോക്കി അവർ പരുങ്ങിപ്പോകുമാറ് സംസാരിക്കുന്നതിനു മുമ്പ് കുട്ടൻ പൂവിനെ സാകൂതം നോക്കുന്നു. പൂവിന്റെ സൗന്ദര്യമാണ് വരികളിൽ വർണിച്ചിരിക്കുന്നത്. പൂവിന്റെ മുഖത്ത് വിടർന്ന പുഞ്ചിരി, കവിളിലെ തുടുപ്പ്, നിഷ്കളങ്കത, നൈർമല്യം എന്നിവ പ്രകടമാണ്. പൂവ് നൃത്തം ചെയ്യുന്നതായാണ് കുട്ടൻ കാണുന്നത്. വരികളിലെ ശബ്ദഭംഗിയും ശ്രദ്ധേയമാണ് (പ, ഞ്ച ആവർത്തിക്കുന്നു). പെയ്തുപെയ്ത് എന്ന പ്രയോഗത്തിലൂടെ നിർത്താതെ പെയ്യുന്ന മഴപോലുള്ള പുഞ്ചിരിയെയാണ് സൂചിപ്പിക്കുന്നത്. പുഞ്ചിരി, അഞ്ചിതൾ, പിഞ്ചലർ എന്നീ വാക്കുകളിൽ ആവർത്തിക്കുന്ന 'ഞ്ച' പൂവാകുന്ന നർത്തകിയുടെ കാലിലെ ചിലങ്കയുടെ ശബ്ദമാണ് കേൾപ്പിക്കുന്നത്.

## ❑ മനുഷ്യസംസ്കാരവും സാഹിത്യവും

*പണ്ടൊരു കാട്ടിലെ ....................................*
*.................................. വിരിയിച്ചതാദ്യം.*

വരികൾ കുട്ടികൾ വിശകലനം ചെയ്യട്ടെ. തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കാം.

→ ഇന്ത്യൻ സാഹിത്യസംസ്കാരവുമായി ബന്ധപ്പെട്ട് നിങ്ങൾക്കറിയാവുന്ന കാട്ടാളൻ ആരാണ്?
→ ആ കാട്ടാളൻ ഋഷിയായിത്തീർന്ന കഥയെന്ത്?
→ എങ്കിൽ 'കമ്പൊടിച്ചുകുത്തുക' എന്ന പ്രയോഗം എന്തിനെയായിരിക്കും സൂചിപ്പിക്കുന്നത്?
→ കാവ്യരചന കമ്പൊടിച്ചുകുത്തലാണെങ്കിൽ നാലിതൾപ്പൂവ് എന്തായിരിക്കും?

ആദികവിയായ വാല്മീകി ക്രൗഞ്ചപ്പക്ഷികളിലൊന്ന് അമ്പേറ്റു വീഴുന്നത് കാണുന്നു. ആ കാഴ്ച വാല്മീകിയിൽ ശോകം ജനിപ്പിക്കുന്നു. രാമായണം രചിക്കാൻ ആ ശോകം കാരണമായിത്തീരുന്നു. 'കമ്പൊടിച്ചുകുത്തുക' എന്നത് രാമായണരചനയെയും 'നാലിതൾപ്പൂവ്' രാമായണത്തെയുമാണ് സൂചിപ്പിക്കുന്നത്.

ചർച്ചയിൽ ഉയർന്നു വരുന്ന ഇത്തരം സൂചനകൾ പ്രയോജനപ്പെടുത്തി കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ. മനുഷ്യസംസ്കാരത്തിന്റെ പരിവർത്തനംകൂടി വരികളിൽ സൂചിതമാകുന്നുണ്ടോ എന്ന കാര്യംകൂടി കുറിപ്പിൽ ഉൾപ്പെടുത്താൻ നിർദേശിക്കാം. കുറിപ്പ് മെച്ചപ്പെടുത്തുന്നതിനായി അധ്യാപികയ്ക്ക് താഴെ കൊടുത്ത സൂചനകൾകൂടി പ്രയോജനപ്പെടുത്താം.

- കാട്ടാളൻ എന്നു പറഞ്ഞിരിക്കുന്നത് വല്മീകിയെയാണ്.
- നാലിതൾപ്പൂ രാമായണത്തെ സൂചിപ്പിക്കുന്നു.
- ലോകത്തെ അതിശയിപ്പിക്കുന്ന ഇതിഹാസമാണ് രാമായണം.
- രാമായണം ആദികാവ്യമാണ്.
- കാർഷികസംസ്കാരത്തെക്കുറിച്ചുള്ള സൂചനകൾ ഇതിലുണ്ട്.
- കാട്ടാളൻ കലാപ്രവർത്തനത്തിലൂടെ സർഗാത്മകമനുഷ്യനായിത്തീരുന്ന പ്രക്രിയകൂടി ഇവിടെ സൂചിതമാകുന്നു.

## ❑ പ്രതികരണക്കുറിപ്പ് തയാറാക്കാം

കവിതാഭാഗം കുട്ടികൾ വായിച്ച് വിശകലനംചെയ്യട്ടെ. താഴെ കൊടുത്ത ചോദ്യങ്ങളിലൂടെ അധ്യാപികയ്ക്ക് അവരെ സഹായിക്കാം.

→ നിരൂപകദൃഷ്ടിയിൽ പൂവിന്റെ ഉടമ ആരാണ്?

→ എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്?

→ നിരൂപകൻ എന്ന വാക്കിന് മറ്റെന്തെങ്കിലും അർഥം കൽപ്പിക്കാമോ?

→ നിങ്ങൾക്കറിയാവുന്ന സാഹിത്യനിരൂപകർ ആരൊക്കെയാണ്? സാഹിത്യനിരൂപകർ എന്താണ് ചെയ്യുന്നത്?

പ്രവേശകപ്രവർത്തനത്തിന്റെ ഭാഗമായി സർഗാത്മകരചനയിലേർപ്പെട്ട കുട്ടികളെ തിരിച്ചറിഞ്ഞിട്ടുണ്ടല്ലോ. രചനകൾ മോഷണമാണെന്നാരോപണമുണ്ടാവുമ്പോൾ അവരിൽ ചിലരുടെ പ്രതികരണം എന്തായിരിക്കുമെന്ന് വാചികമായി പങ്കുവയ്ക്കട്ടെ.

ഇടശ്ശേരിയുടെ കാലത്ത് മലയാളത്തിലെ ചില കവികളുടെ രചനകളിൽ സാഹിത്യമോഷണം ആരോപിക്കപ്പെട്ട കാര്യം അധ്യാപിക കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. ഈ പശ്ചാത്തലത്തിൽ എഴുതപ്പെട്ട നാലിതൾപ്പൂവ് നിരൂപകർക്ക് എന്തു മറുപടിയാണ് നൽകുന്നത്? കവിതയെ സമഗ്രമായി ഉൾക്കൊണ്ട് കുട്ടികൾ പ്രതികരണക്കുറിപ്പ് തയാറാക്കട്ടെ. മുൻ പ്രവർത്തനങ്ങളിലുയർന്നുവന്ന ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്താം.

കവികൾ പാരമ്പര്യത്തിൽനിന്ന് ഊർജം സ്വീകരിക്കുന്നു. നമ്മുടെ കാവ്യപാരമ്പര്യം ഉറവ രാമായണാദികാവ്യങ്ങളിൽനിന്നാരംഭിക്കുന്നു. അതിന്റെ സ്വാധീനവും തുടർച്ചയും ഏതു രചനയിലുമുണ്ടാവും. അക്കാരണങ്ങൾകൊണ്ടുമാത്രം അത്തരം രചനകൾ അനുകരണമാണെന്ന് ആക്ഷേപിക്കുന്നത് ശരിയല്ല. ആരോപണത്തെ സധൈര്യം നേരിടുന്നതോടൊപ്പം കാവ്യപാരമ്പര്യത്തിന്റെ കണ്ണിയാകാൻ കഴിയുന്നതിൽ കവി അഭിമാനിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ആരോപണങ്ങൾപോലും കാവ്യരചനയ്ക്ക് വിഷയമാകുന്നുവെന്ന് 'നാലിതൾപ്പൂവ്' തെളിയിക്കുന്നു.

- നിരൂപകർക്കുള്ള മറുപടി എന്ന നിലയിലാണ് ഇടശ്ശേരി 'നാലിതൾപ്പൂവ്'

എഴുതിയത്.

- കവിതയുടെ പാരമ്പര്യസ്വഭാവത്തെ ഉൾക്കൊള്ളാതെ ചോരണം ആരോപിക്കുന്നവർക്കുള്ള മറുപടി.
- ആരോപണത്തിൽ കവി വിഷമിക്കുന്നില്ല. മാത്രമല്ല, പാരമ്പര്യത്തിന്റെ ഭാഗമാക്കുന്നതിൽ അഭിമാനം.
- എത്രയൊക്കെ എഴുതിയാലും നല്ല കൃതികളെ മാത്രമേ സഹൃദയർ അംഗീകരിക്കൂ.
-

## അനുബന്ധം

സമാനകവിതകൾ (നാലിതൾപ്പൂവ്)

ഹേ വിമർശക, ജീർണപത്രങ്ങൾ കൂട്ടിച്ചോട്ടിൽ
നീ വളർത്തുക വഹ്നി, നന്ദി ഞാൻ പറഞ്ഞേക്കാം
തീയുണർത്തവേ, പച്ചമണ്ണിലേക്കുദ്യൽഫലം
വായുവിൽ, വെളിച്ചത്തിലേക്കു ഞാൻ വളർന്നേക്കാം

**(വിമർശനം - വൈലോപ്പിള്ളി )**

പരിസരഹൃദയവികാരത്തിരകളി-
ലൊരു കളിവഞ്ചിയുമായി
പാട്ടും പാടി നടക്കുക കവിയുടെ
പണിയാണെന്നവരോതി
അറിയുന്നില്ലവ, രെന്നാത്മാവി-
ന്നറകളിലുണ്ടീ ലോകം
ഞാനന്തർമുഖനാകും നേരം
കാണുകയാണീ ലോകം
എന്നാത്മാവിനുമീ ലോകത്തിനു
മൊന്നാണല്ലോ വ്യാസം

**(അന്തർമുഖനായ ഒരു കവി - വയലാർ)**

### നാലിതൾപ്പൂവ് - ഒരു പഠനം

പൂക്കളൊക്കെയും വാക്കുകളാകുന്ന സന്ദർഭങ്ങൾ സാഹിത്യത്തിനു സ്വന്തമാണ്. പ്രകൃത്യനുഭവങ്ങളെല്ലാം ജീവിതദർശനത്തിന്റെ ഗഹനവിശാലതകൾക്ക് ഹേതുവാക്കുന്ന മാന്ത്രികപ്രക്രിയ കവിതയുടേതാണ്. കുട്ടൻ മുറ്റത്ത് വിരിയിച്ചെടുക്കുന്ന ആദ്യത്തെ പൂവ് സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും വഴികളിലേക്കുള്ള പിന്മടക്കത്തിനുള്ള വെളിച്ചമാകുന്നു ഇവിടെ. ഒപ്പം, 'പുരപ്പണി'യെഴുതിയ ഇടശ്ശേരി തന്റെ കാവ്യജീവിതത്തിന്റെ അനന്യതയെയും മൗലികതയെയും കുറിച്ച് ഓർമ്മിപ്പിക്കുകകൂടി ചെയ്യുന്നുണ്ട്.

'പറഞ്ഞുപോകരുതിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം'

എന്ന ആത്മവിശ്വാസം ഈ കവിതയിലും കാണുന്നു.

മുറ്റത്ത് പനനീർച്ചെടിയിൽ ആദ്യത്തെ മൊട്ട് വരുമ്പോൾ കുട്ടനിൽ ആയിരം പൂക്കാലങ്ങൾ തിരതല്ലുകയാണ്:

'കടിഞ്ഞൂൽപ്പൂവും കായും കാണുമ്പോഴീ നമ്മൾക്കു
കരളിൽ തുടിക്കുന്നീലെന്തെന്തൊരഭിമാനം (കയ്പവല്ലരി)

എന്നു പാടിയ വൈലോപ്പിള്ളിയെ ഇവിടെ ഓർക്കാതിരിക്കുന്നതെങ്ങനെ? സർഗാത്മകതയുടെ അപൂർവലാവണ്യാനുഭവമാണിത്. വാക്കുകളും പൂക്കളും പുതുമ പേറി വിടരുമ്പോൾ സ്രഷ്ടാവിനു ലഭിക്കുന്ന ആനന്ദം സൃഷ്ടിയുടെ സൗന്ദര്യമാണ്.

ആദ്യത്തെ പൂ വിരിയുമ്പോൾ വിരിയുന്നത് പൂവല്ല, വസന്തങ്ങളാണ്. ആ പൂവിന്റെ ഉടമയുടെ മനസ്സിലെ കവിഞ്ഞ് പടരുന്ന ആനന്ദം പ്രകൃതിയാകെ ഏറ്റെടുക്കുന്നു. കവിതയുടെയും കർഷകന്റെയും ആനന്ദം പ്രപഞ്ചത്തിന്റെയാകെ ആനന്ദമായി മാറുകയാണ്. കണ്ടിട്ടും കണ്ടിട്ടും മതിവരാതെ മലർത്തോത്തിന്റെ കാന്തിപ്രവാഹം കണ്ടു കണ്ടു നിൽക്കുന്ന കുട്ടൻ കവിതന്നെയാണ്. സ്വന്തം കവിതയുടെ അപൂർവചാരുതയും ഭാവനാവിലാസവും കണ്ടഭിമാനിക്കുന്ന സ്രഷ്ടാവിന്റെ കളങ്കരഹിതമായ അഭിമാനമാണിവിടെ കാണുക.

കണ്ടവരെല്ലാം 'നന്ന്' എന്ന് കുട്ടന്റെ സൃഷ്ടിയായ മനോജ്ഞതയെ വാഴ്ത്തുന്നു. പക്ഷേ, അപ്പോഴും കുറ്റം പറയാനുള്ള വിമർശനത്വര അവരിൽ അടങ്ങുന്നില്ല.

പള്ളിക്കൂടത്തിലെ തോട്ടക്കാരൻ തന്നോ-
ടല്ലയോ നീയിതിൻ കമ്പു നേടീ?

എന്ന ചോദ്യം സൃഷ്ടിയുടെ മൗലികതയ്ക്കു നേരെയുള്ള സംശയമായിരുന്നു. അതു കേട്ട കുട്ടൻ പള്ളിക്കൂടത്തിലെ വൃദ്ധനായ തോട്ടക്കാരനെ വാഴ്ത്താൻ മടിക്കുന്നില്ല. പക്ഷേ, പാരമ്പര്യത്തെ അംഗീകരിച്ചുകൊണ്ടുതന്നെ പുതുമയെ സൃഷ്ടിക്കുന്ന കലാകാരന്റെ അഭിമാനബോധമാണ് കുട്ടനിൽ, കവിയിൽനിന്നു വരുന്നത്.

ആദികാവ്യത്തോളം നീളുന്ന കാവ്യസംസ്കാരത്തിന്റെ ചരിത്രത്തിലേക്കാണ് കുട്ടൻ നമ്മെ ക്ഷണിക്കുന്നത്. പണ്ടൊരു കാട്ടാളനാണ് കാട്ടിലെ ചെടിയൊടിച്ചുകുത്തി അനുപമസൗന്ദര്യം പേറുന്ന നാലിതൾപ്പൂ വിരിയിച്ചത്. ആ കാട്ടാളനിൽ വാല്മീകിയുണ്ട്; വനചാരിയായ ആദിമനുഷ്യനുണ്ട്; സംസ്കാരത്തിന്റെ കൈവഴികൾ തീർത്ത കാർഷികജീവിതത്തിന്റെ ആദികാലങ്ങളുണ്ട്.

കാട്ടാളൻ ഒടിച്ചുകുത്തിയ കമ്പിന്റെ തുണ്ടുകൾ ലഭിച്ചവരെല്ലാം പുത്തൻ പൂക്കൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങനെ ആദികവിയിൽ, ആദികാവ്യത്തിൽ കാവ്യചരിത്രം തുടങ്ങുകയായിരുന്നു. കവിയും ആ ചരിത്രത്തിന്റെ ഭാഗമാണ്. പള്ളിക്കൂടത്തിലെ തോട്ടക്കാരനെക്കുറിച്ച് പറയുന്നിടത്ത് മൗലികതയെക്കുറിച്ചുള്ള പുതിയൊരു ഉപദർശനം ഇടശ്ശേരി സൃഷ്ടിക്കുകയാണ്. ശോകത്തിൽനിന്നു തുടങ്ങിയ ശ്ലോകം ആദികാവ്യമായതു മുതൽ തുടരുന്ന സർഗാത്മകതയുടെ സഞ്ചാരം ഓരോ സൃഷ്ടിയിലും നവീനമാവുകയാണ്.

കുട്ടന്റെ പൂവ് കുട്ടന്റെ മാത്രം പൂവാണ്. ചെടിക്കമ്പ് എവിടെനിന്നു ലഭിച്ചാലും ആ പൂവിൽ കുട്ടന്റെ ഹൃദയവർണങ്ങൾ ഉണ്ട്. ആ പൂവിന് ചാരുതയേകുന്നത് അവന്റെ ആശകളും സ്വപ്നങ്ങളും സൗന്ദര്യാത്മകതയുമാണ്. കവിത കവിയുടേതാകുന്നതുപോലെ പൂവ് സ്രഷ്ടാവിന്റേതാണ്. ആദ്യത്തെ കമ്പ് നട്ടുവളർത്തി ചെടിത്തണ്ടുകളിലൂടെ തുടർച്ച സൃഷ്ടിച്ച ആദിമമനുഷ്യന്റെ കാലം മുതൽ പൂക്കൾ പിന്നെയും പിന്നെയും വിരിഞ്ഞുകൊണ്ടിരിക്കുന്നു; വസന്തങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

**(അജയൻ പനയറ, അസി. പ്രൊഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം)**

## ❑ സെമിനാർ: പരിസ്ഥിതിയും സാഹിത്യവും

പ്രകൃതി വിഷയമായിട്ടുള്ള പല കൃതികളും കുട്ടികൾ വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. അതിലൊക്കെ പ്രകൃതിയെ എപ്രകാരം അവതരിപ്പിച്ചിരിക്കുന്നു എന്ന് കുട്ടികൾ പറയട്ടെ. ഹരിതമോഹനം, രണ്ടു മത്സ്യങ്ങൾ തുടങ്ങിയ കഥകളിലെ പരിസ്ഥിതിദർശനം സൂചിപ്പിച്ചുകൊണ്ട് അധ്യാപികയ്ക്ക് സെമിനാറിന്റെ ചർച്ച ആരംഭിക്കാം.

കഥ, കവിത, നാടകം, സഞ്ചാരസാഹിത്യം, ലേഖനം തുടങ്ങിയ സാഹിത്യരൂപങ്ങളിലെല്ലാം പ്രകൃതിസൗന്ദര്യം മാത്രമല്ല, അത് നേരിടുന്ന വെല്ലുവിളികളും അവതരിപ്പിച്ചിട്ടുണ്ട്. ഇവ കണ്ടെത്താനുള്ള പ്രവർത്തനമാണ് ഈ സെമിനാർ. ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി സംഘടിപ്പിക്കുമല്ലോ.

**സൂചനകൾ**

- കൃതിയുടെ പ്രമേയം എന്താണ്?
- ഭാഷയുടെ പ്രത്യേകതകൾ എന്താണ്?
- പരിസ്ഥിതിദർശനം എങ്ങനെ അവതരിപ്പിക്കുന്നു?
- മറ്റു പരിസ്ഥിതികൃതികളുമായി താരതമ്യസാധ്യതകൾ ഉണ്ടോ?
- അവതരിപ്പിച്ച പരിസ്ഥിതിദർശനത്തിന്റെ കാലികപ്രസക്തി?

**കഥകൾ**

| | | |
|---|---|---|
| ഭൂമിയുടെ അവകാശികൾ | - | വൈക്കം മുഹമ്മദ് ബഷീർ |
| ചങ്കരൻപ്ലാവ് | - | എൻ.പി. ചെല്ലപ്പൻനായർ |
| ചെമ്പൻപ്ലാവ് | - | കാരൂർ നീലകണ്ഠപ്പിള്ള |

**സഞ്ചാരസാഹിത്യം**

| | | |
|---|---|---|
| നൈൽ ഡയറി | - | എസ്.കെ പൊറ്റെക്കാട്ട് |
| ഹിമവാന്റെ മുകൾത്തട്ടിൽ | - | രാജൻ കാക്കനാടൻ |
| ഹൈമവതഭൂവിൽ | - | എം.പി. വീരേന്ദ്രകുമാർ |

**കവിതകൾ**

| | | |
|---|---|---|
| കുറ്റിപ്പുറം പാലം | - | ഇടശ്ശേരി |
| കാടെവിടെ മക്കളേ | - | അയ്യപ്പപ്പണിക്കർ |
| മരത്തിനു സ്തുതി | - | സുഗതകുമാരി |
| കുഞ്ഞേ മുലപ്പാൽ കുടിക്കരുത് | - | കടമ്മനിട്ട |
| ഭൂമിക്കൊരു ചരമഗീതം | - | ഒ.എൻ.വി. |

**സെമിനാർ അവതരണത്തിനു മുമ്പ്**

* സംഘങ്ങളാക്കി വിഷയങ്ങൾ നൽകുക.
* വിവരശേഖരണം
* പ്രബന്ധങ്ങൾ തയാറാക്കൽ
* ചുമതല വിഭജനം
  - അവതാരകൻ
  - മോഡറേറ്റർ
  - ഡോക്യുമെന്റ് തയാറാക്കുന്നവർ
* പരസ്യം, നോട്ടീസ്, ക്ഷണക്കത്ത്

**അവതരണം**

* സ്വാഗതം (സംഘാടകസമിതി കൺവീനർ)
* ആമുഖം (മോഡറേറ്റർ)
* പ്രബന്ധങ്ങളുടെ അവതരണം. ഓരോ അവതരണത്തിനു ശേഷവും ചർച്ച നടക്കേണ്ടതാണ്.
* ചർച്ചാക്കുറിപ്പുകൾ രേഖപ്പെടുത്തൽ (ആശയസംക്ഷേപം)
* മോഡറേറ്ററുടെ ക്രോഡീകരണം.

***അവതരണത്തിനു ശേഷം***

* ചർച്ചാക്കുറിപ്പ് വികസിപ്പിച്ച് വ്യക്തിഗത പ്രബന്ധങ്ങൾ തയാറാക്കൽ (ആശയവിപുലനം).
* സെമിനാർ റിപ്പോർട്ട് തയാറാക്കൽ
* സെമിനാർ വിലയിരുത്തൽ

**സഹായഗ്രന്ഥങ്ങൾ**

❶ ഇടമലക്കുടി: ഊരും പൊരുളും - പി.കെ. മുരളീധരൻ (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ)

❷ പരിസ്ഥിതിക്കവിതകൾ - ജന. എഡിറ്റർ: എസ്. രാജശേഖരൻ (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ)

❸ ഹരിതനിരൂപണം മലയാളത്തിൽ - എഡി. ജി. മധുസൂദനൻ (കറന്റ് ബുക്സ്)